ക്രിസ്തീയ അടിസ്ഥാനങ്ങൾ



John Hall

ക്രിസ്തീയ അടിസ്ഥാനങ്ങൾ

Christian Basics

John Hall

ഈ പഠന പുസ്തകം ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചത്
TRINITY GRACE PUBLICATIONS, UK, (2016)

മലയാളത്തിൽ പ്രസിദ്ധീകരിച്ചത് :

TFK CHRISTIAN EDUCATION CENTER (2026)
CHEPPAD, KERALA STATE, 690 507, INDIA.
tfkchristianeducation@gmail.com
Phone: 96669 13402

ഉള്ളടക്കം

ആമുഖം 7

പഠനം 1	സത്യവേദപുസ്തകം	9
പഠനം 2	ജീവിക്കുന്ന ദൈവം	15
പഠനം 3	യേശുക്രിസ്തു മദ്ധ്യസ്ഥൻ	20
പഠനം 4	മനുഷ്യൻ: നമ്മുടെ യഥാർത്ഥ സ്വഭാവം	26
പഠനം 5	രക്ഷയിൽ ദൈവത്തിന്റെ പ്രവർത്തി	31
പഠനം 6	ക്രിസ്തുവിന്റെ മരണവും ഉയിർപ്പും	36
പഠനം 7	പരിശുദ്ധാത്മാവ്: അവിടുത്തെ ആളത്വവും പ്രവർത്തിയും	40
പഠനം 8	രക്ഷിക്കുന്ന വിശ്വാസം	44
പഠനം 9	ക്രിസ്തീയ ജീവിതം നയിക്കുന്നത്	49
പഠനം 10	സ്വർഗ്ഗവും നരകവും	54
പഠനം 11	സഭ	58
പഠനം 12	സ്നാനവും കർത്തൃമേശയും	63

ഇവിടെ നിന്നും ഞാൻ എങ്ങോട്ടാണ് പോകേണ്ടത്? 69

ആമുഖം

ഈ ലളിതമായ പഠനം ക്രിസ്തീയ വിശ്വാസത്തെ പരിചയപ്പെടുത്തുന്നു. ബൈബിൾ എന്താണ് പഠിപ്പിക്കുന്നത് എന്ന് കാണിച്ചുതരികയാണ് ഇതിന്റെ ലക്ഷ്യം. ഇത് നിങ്ങൾക്ക് സ്വന്തമായി പഠിക്കാം; ഒരാൾക്ക് മാത്രമായോ, അല്ലെങ്കിൽ ഒരു ഉപദേശകന്റെ നേതൃത്വത്തിൽ ചെറിയ സംഘങ്ങളായോ ഇത് ഉപയോഗിക്കാം.

ബൈബിൾ വാക്യങ്ങൾ സ്വന്തമായി വായിച്ചു നോക്കുന്നതും അവ എന്താണ് പറയുന്നതെന്ന് ചിന്തിക്കുന്നതും വളരെ പ്രധാനമാണ്. അപ്പോൾ ബൈബിൾ എന്താണ് പഠിപ്പിക്കുന്നത് എന്ന് നിങ്ങൾക്ക് തന്നെ നേരിട്ട് മനസ്സിലാക്കാം. നിങ്ങളുടെ മനസ്സാക്ഷി ദൈവവചനത്തിന് മാത്രം വിധേയമായിരിക്കണം. അതിനാൽ, ദൈവം വെളിപ്പെടുത്തിയത് എന്താണെന്ന് തിരുവെഴുത്തുകളിൽ നിന്ന് തന്നെ ബോധ്യപ്പെടേണ്ടത് അത്യാവശ്യമാണ്.

നിങ്ങൾ ഒരു ക്രിസ്തുവിശ്വാസിയല്ലെങ്കിൽ, ബൈബിൾ പറയുന്നത് വായിക്കുമ്പോൾ, മാനസാന്തരപ്പെടാനും വിശ്വസിക്കാനും യേശുക്രിസ്തു നിങ്ങളുടെ കർത്താവും രക്ഷിതാവുമാണെന്ന് ഏറ്റുപറയാനുമുള്ള ഒരു വിളി ഇതിലുണ്ട്.

നിങ്ങൾ ഒരു ക്രിസ്തു വിശ്വാസി ആണെങ്കിൽ, അടിസ്ഥാനപരമായ പന്ത്രണ്ട് വിഷയങ്ങളെക്കുറിച്ച് ഇത് നിങ്ങൾക്ക് ഒരു വെളിപ്പെടുത്തിത്തരും . ദൈവവചനം വായിക്കുമ്പോഴും പ്രസംഗിക്കുമ്പോഴും അത് കൂടുതൽ മനസ്സിലാക്കി വളരാൻ ആവശ്യമായ ശക്തമായ ഒരു അടിത്തറ ഇത് ഒരുക്കിത്തരും.

ബൈബിൾ ദൈവവചനമാണെന്നും, നാം എന്തൊക്കെ വിശ്വസിക്കണം, അത് എങ്ങനെ പ്രാവർത്തികമാക്കണം എന്നതിലെ അന്തിമ അധികാരം ബൈബിളിനാണെന്ന് വിശ്വസിക്കുന്ന ഒരാളുടെ കാഴ്ചപ്പാടിൽ നിന്നാണ് ഈ പഠനം തയ്യാറാക്കിയിരിക്കുന്നത്.

സഭയുടെ വിവിധ വിശ്വാസപ്രമാണങ്ങളിൽ നിന്നും വേദോപദേശങ്ങളിൽ നിന്നും , ഏറ്റുപറച്ചിലുകളിൽ നിന്നും ഉള്ള ഉദ്ധരണികൾ ഈ പഠനത്തിൽ ഉടനീളം നിങ്ങൾക്ക് കാണാം; പ്രത്യേകിച്ച് 1689-ലെ രണ്ടാമത്തെ ഏറ്റുപറച്ചിലും (2LCF), ബാപ്റ്റിസ്റ്റ് വേദോപദേശവും. സഭാ ചരിത്രത്തിലുള്ള ഇത്തരം പ്രസ്താവനകൾ ബൈബിളിന്റെ ഉപദേശങ്ങളെ വ്യക്തമായും കൃത്യമായും സംഗ്രഹിക്കുന്നതുകൊണ്ടാണ് ഞങ്ങൾ

അവ ഉൾപ്പെടുത്തിയത്. ഈ വിശ്വാസപ്രമാണങ്ങളും വേദോപദേശങ്ങളും പഠിക്കാൻ ഞങ്ങൾ ഉപദേശിക്കുന്നു. ചിലയിടങ്ങളിൽ പഴയ ശൈലികൾ മാറ്റി ആധുനിക മലയാളത്തിലാക്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ കാതലായ ആശയത്തിന് മാറ്റം വരുത്തിയിട്ടില്ല.

ദൈവശാസ്ത്രപരമായ പദങ്ങൾ ഒഴിവാക്കുന്നതിന് പകരം അവ ലളിതമായി വിശദീകരിക്കുകയാണ് ചെയ്തിരിക്കുന്നത്.

കൂടുതൽ പഠനത്തിന് സഹായിക്കുന്ന ഉറവിടങ്ങൾക്കായി www.brokenwharfe.com സന്ദർശിക്കുക.

ഈ പഠനത്തിൽ ഉടനീളം, പ്രധാനപ്പെട്ട വേദവാക്യങ്ങൾ ചരിവ് അക്ഷരങ്ങളിൽ നൽകിയിരിക്കുന്നു (ഇവയെല്ലാം ദയവായി വായിക്കുക). കൂടുതൽ വിവരങ്ങൾക്കുള്ള സഹായകരമായ ഭാഗങ്ങൾ ബ്രാക്കറ്റിലും നൽകിയിട്ടുണ്ട് (കൂടുതൽ പഠനത്തിനായി നിങ്ങൾക്ക് ഇവ പരിശോധിക്കാവുന്നതാണ്).

{ഈ രണ്ടാം പതിപ്പ് തയ്യാറാക്കിയത് ഒലിവർ ആൽമണ്ട്-സ്മിത്താണ്. ഇതിലെ ഉള്ളടക്കത്തിൽ വരുത്തിയ നിരവധി മെച്ചപ്പെടുത്തലുകളിൽ എഴുത്തുകാരനായ ജോൺ ഹാൾ വളരെ സംതൃപ്തനാണ്. നന്ദി!}

പഠനം 1: സത്യവേദപുസ്തകം

എന്തുകൊണ്ട് ഇവിടെ തുടങ്ങുന്നത് ? സത്യം എന്താണെന്ന് എങ്ങനെ നമുക്ക് അറിയുവാൻ കഴിയും ?

ദൈവം നമ്മോട് സംസാരിക്കുന്നതാണ് ബൈബിൾ എന്നതാണ് ഇതിനുള്ള ലളിതമായ ഉത്തരം. എന്താണ് സത്യമെന്ന് തീരുമാനിക്കേണ്ടി വരുമ്പോൾ, പലതരം അവകാശവാദങ്ങൾ കേട്ട് നാം ആശയക്കുഴപ്പത്തിലാകുന്നു. അതിനാൽ, 'സത്യം' എന്ന് ഒന്നില്ലേ എന്ന് നാം സംശയിക്കാൻ തുടങ്ങുന്നു. "ഇതെല്ലാം ഓരോരുത്തരുടെ അഭിപ്രായമല്ലേ?" എന്ന് നാം ചോദിക്കുന്നു.

സത്യം എന്താണെന്ന് തീരുമാനിക്കാൻ നമുക്ക് പല വഴികളുണ്ട്:

1) നിങ്ങളുടെ സ്വന്തം 'ബുദ്ധിയിൽ' വിശ്വസിക്കുക, അല്ലെങ്കിൽ വിദഗ്ധരുടെ വാക്കുകളിൽ വിശ്വസിക്കുക!
2) മുൻകാലങ്ങളിൽ ആളുകൾ പഠിപ്പിച്ചതിലും, പാരമ്പര്യമായി ലഭിച്ച പരിജ്ഞാനത്തിലും വിശ്വസിക്കുക.
3) നിങ്ങൾക്ക് തോന്നുന്ന കാര്യങ്ങളിലും, ശരിയെന്ന് നിങ്ങൾക്ക് അനുഭവപ്പെടുന്നതിലും, വിശ്വസിക്കുക. അല്ലാത്ത പക്ഷം മുൻ പറഞ്ഞവയുടെ ഒരു സമ്മിശ്ര ചിന്ത.

ഇവയൊക്കെ നമ്മുടെ സ്വന്തം ചിന്തകളിൽ നിന്നും ഗ്രഹിക്കാനുള്ള ശ്രമങ്ങളിൽ നിന്നും ഉത്ഭവിക്കുന്നവയാണ്. ഇതിനൊരു ബദൽ മാർഗ്ഗമുണ്ട്; ദൈവം സത്യം നമുക്ക് വെളിപ്പെടുത്തിത്തരാൻ അവങ്കലേക്കു നോക്കുക എന്നതാണ് അത്. ദൈവത്തിൽ നിന്ന് വിശ്വസനീയമായ ഒരു വെളിപ്പാട് ലഭിച്ചാൽ, സത്യം എന്താണെന്ന് നമുക്ക് ഉറപ്പിച്ചു പറയാൻ കഴിയും.

ദൈവം എങ്ങനെയാണ് തന്നെത്തന്നെ വെളിപ്പെടുത്തുന്നത്?

ഒരാളുടെ ചിന്തകളിലൂടെയോ വികാരങ്ങളിലൂടെയോ ദൈവം നേരിട്ട് തന്നെത്തന്നെ വെളിപ്പെടുത്തുന്നു എന്നതാണ് ഒരു കാഴ്ചപ്പാട് . ഇതിലെ പ്രശ്നം എന്തെന്നാൽ, ഇത് പൂർണ്ണമായും വ്യക്തിപരമായ അനുഭവത്തെ മാത്രം ആശ്രയിച്ചുള്ളതാണ്. വിശ്വസനീയമല്ലാത്ത ചിന്തകളാലും വികാരങ്ങളാലും നാം വഞ്ചിക്കപ്പെടാനോ വഴിതെറ്റാനോ എപ്പോഴും സാധ്യതയുണ്ട്.

എന്നാൽ, ദൈവം തന്റെ വെളിപ്പാടുകൾ എഴുതപ്പെട്ട വചനങ്ങളായി നമുക്ക് നൽകിയിട്ടുണ്ടെങ്കിൽ, നമുക്ക് ആശ്രയിക്കാൻ പറ്റിയ ഉറപ്പുള്ള ഒരു അടിസ്ഥാനം നമുക്കുണ്ട്. അതാണ് ബൈബിൾ അവകാശപ്പെടുന്നത് - ദൈവികമായ വെളിപ്പാട്.

2 തിമൊഥെയൊസ് 3:16 വായിക്കുക.

എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാണ്

ഏകദേശം 1500 വർഷങ്ങളിലായി പല മനുഷ്യരാൽ എഴുതപ്പെട്ട 66 പുസ്തകങ്ങൾ ബൈബിളിലുണ്ട്. ഇതിന്റെ കഥാപരമ്പര ഇപ്രകാരമാണ്:

ദൈവം ലോകത്തെ നല്ലതായി സൃഷ്ടിച്ചു. ആദ്യത്തെ മനുഷ്യനും സ്ത്രീയും അനുസരണക്കേട് കാണിച്ചു; അവരുടെ പാപം മൂലം ദുരിതവും മരണവും ലോകത്തേക്ക് കടന്നുവന്നു. പാപത്തിൽ നിന്നും അതിന്റെ വിനാശകരമായ ഫലങ്ങളിൽ നിന്നും മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ ഒരു രക്ഷകനെ / വീണ്ടെടുപ്പുകാരനെ അയക്കാമെന്ന് ദൈവം വാഗ്ദാനം ചെയ്തു (ബൈബിളിൽ ഇതിനെ 'ഉടമ്പടി' എന്ന് പറയുന്നു). പഴയനിയമത്തിന്റെ ബാക്കി ഭാഗങ്ങൾ, ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ ജനത്തോട് ചെയ്ത ഈ ഉടമ്പടിയിലൂടെയാണ് മുന്നോട്ട് പോകുന്നത്.

പുതിയനിയമം രക്ഷിതാവിന്റെ ജീവിതത്തെയും (സുവിശേഷങ്ങളിൽ), അവിടത്തെ ഉപദേശങ്ങളുടെ ഫലങ്ങളെയും (അപ്പൊസ്തലപ്രവൃത്തികളിലും ലേഖനങ്ങളിലും) വിവരിക്കുന്നു. അവസാനത്തെ പുസ്തകം ദൈവജനത്തിന്റെ വിജയത്തെക്കുറിച്ചും, എല്ലാ തിന്മകൾക്കും മീതെയുള്ള ദൈവത്തിന്റെ അന്തിമ ന്യായവിധിയെയും ജയത്തെയും കുറിച്ചാണ് പറയുന്നത്. രക്ഷകൻ മടങ്ങിവരുമ്പോൾ, അവിടുന്ന് പുതിയ ആകാശത്തോടും ഭൂമിയോടും കൂടെ ഒരു പുതിയ കാലഘട്ടം കൊണ്ടുവരും. അവിടെ ക്രിസ്തു തന്റെ വീണ്ടെടുക്കപ്പെട്ട എല്ലാ ജനത്തോടും കൂടെ എന്നേക്കും വാഴും.

ഒരു സമയരേഖ വരച്ച് ബൈബിളിനെക്കുറിച്ച് നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ അതിൽ എഴുതുക.

ബൈബിൾ അതിൽ മനുഷ്യർക്ക് നൽകിയ ദൈവശ്വാസീയമായ

വെളിപ്പാടാണെന്നും, പൂർണ്ണമായും വിശ്വസനീയവും വിശ്വാസയോഗ്യവുമാണെന്നും അവകാശപ്പെടുന്നു. *2 പത്രോസ് 1:16-21* വരെ വാക്യങ്ങളിൽ പത്രോസ് ഇത് വ്യക്തമാക്കുന്നുണ്ട്. ഇത് നമുക്ക് ഒരു വ്യക്തമായ തിരഞ്ഞെടുപ്പ് നൽകുന്നു: ഒന്നുകിൽ തിരുവെഴുത്തെഴുതിയവർ മനഃപൂർവ്വം നുണ പറഞ്ഞവരാകണം, അല്ലെങ്കിൽ അവർ വഞ്ചിക്കപ്പെട്ടവരാകണം, അല്ലെങ്കിൽ അവർ ദൈവത്തിന്റെ വചനം തന്നെ എഴുതിയവരാകണം. കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിച്ച ബൈബിൾ, എല്ലാ എതിർപ്പുകൾക്കും മറുപടി നൽകുകയും അത് വിശ്വസനീയമാണെന്ന് തെളിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ കാരണം ഇതാണ്: ദൈവത്തിന്റെ വചനം സ്ഥാപിക്കാൻ പാകത്തിലാണ് ദൈവം നമ്മെ സൃഷ്ടിച്ചത്; അവിടുന്ന് സകലതും പൂർണ്ണമായി അറിയുന്നു. നാം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ നമുക്ക് മനസ്സിലാകുന്ന രീതിയിൽ വെളിപ്പെടുത്താൻ ദൈവം തീരുമാനിച്ചു.

ബൈബിൾ എഴുത്തുകാരുടെ അവകാശവാദങ്ങൾ നോക്കുക

പഴയനിയമത്തിൽ *: പുറപ്പാട് 34:27; യെശയ്യാവ് 8:1, 5; (സങ്കീർത്തനങ്ങൾ 33:4; സങ്കീർത്തനങ്ങൾ 18:30; സങ്കീർത്തനങ്ങൾ 19:7-11).*
പുതിയനിയമത്തിൽ *: 2 തിമൊഥെയൊസ് 3:16; 2 പത്രോസ് 1:16-21; (വെളിപ്പാട് 1:1-3).*

ബൈബിളിന്റെ അധികാരത്തെക്കുറിച്ചുള്ള അവകാശവാദത്തിൽ നാം എന്തിന് വിശ്വസിക്കണം?

ദൈവപുത്രനായ യേശുക്രിസ്തു തന്നെ ബൈബിളിന്റെ (പഴയനിയമത്തിന്റെ) അധികാരത്തിന് പൂർണ്ണമായി വിധേയപ്പെടുകയും, പുതിയനിയമത്തിൽ തനിക്കും അതേ അധികാരം ഉണ്ടെന്ന് അവകാശപ്പെടുകയും ചെയ്തതുകൊണ്ട് ബൈബിളിന്റെ ആധികാരികതയിൽ നാം വിശ്വസിക്കണം. മറ്റൊരു പുസ്തകത്തെയും അവിടുന്ന് ഇപ്രകാരം കണക്കാക്കിയിട്ടില്ല.

മത്തായി 19:4; മത്തായി 5:17-18; യോഹന്നാൻ 17:12-17; യെശയ്യാവ് 61:1-2 അതോടൊപ്പം ലൂക്കൊസ് 4:17-21; യോഹന്നാൻ 5:37-39; യോഹന്നാൻ 14:6 എന്നിവയും പരിശോധിക്കുക.

കർത്താവായ യേശുക്രിസ്തു ദൈവത്തിന്റെ പുത്രനാണ്. പിതാവിന്റെ ഇഷ്ടം ചെയ്യാനും അവിടുത്തെ നമുക്ക് വെളിപ്പെടുത്തിത്തരാനും സ്വർഗ്ഗത്തിൽ നിന്ന് അയക്കപ്പെട്ടവനാണ് അവിടുന്ന് *(യോഹന്നാൻ 1:14-18).* പഴയനിയമം പൂർണ്ണമായും വിശ്വസനീയമാണെന്ന് കണ്ട്, തന്റെ ദൗത്യത്തെക്കുറിച്ച് അതിൽ നിന്ന് മനസ്സിലാക്കുകയും, പഴയനിയമത്തിന്റെ നിവർത്തിയും മനുഷ്യർക്കുള്ള

ദൈവത്തിന്റെ അന്തിമ വെളിപ്പാടും താനാണെന്ന് യേശു സ്വയം പ്രഖ്യാപിക്കുകയും ചെയ്തുവെങ്കിൽ, ബൈബിളിനോട് നമുക്കും അതേ മനോഭാവം ഉണ്ടായിരിക്കേണ്ടതല്ലേ?

(പ്രലോഭനങ്ങളെ നേരിടുമ്പോഴും *(മത്തായി 4:1-11),* വാദഗതികൾ പരിഹരിക്കുമ്പോഴും *(ലൂക്കൊസ് 20:27-40, യോഹന്നാൻ 10:35)* കർത്താവായ യേശു തിരുവെഴുത്തുകളെ എങ്ങനെ ഉപയോഗിക്കുന്നു എന്ന് ശ്രദ്ധിക്കുക. പഴയനിയമം പൂർണ്ണമായും വിശ്വസനീയവും വിശ്വാസയോഗ്യവുമാണെന്നാണ് അവിടുന്ന് കരുതുന്നതെന്ന് ഇത് വ്യക്തമാക്കുന്നു.)

തന്റെ ഉപദേശം ദൈവത്തിൽ നിന്നുള്ളതാണെന്നും, സ്വർഗ്ഗത്തിൽ നിന്നുള്ളതുപോലെ ദൈവത്തിന്റെ പൂർണ്ണ അധികാരം അതിനുണ്ടെന്നും യേശു കരുതി *(യോഹന്നാൻ 7:16-17; (യോഹന്നാൻ 12:49).*

പുതിയനിയമത്തിന്റെ ബാക്കി ഭാഗങ്ങളെക്കുറിച്ച്, താൻ നേരിട്ട് സംസാരിച്ചതുകൂടാതെ, താൻ വിളിക്കുകയും അയക്കുകയും ചെയ്തവർ (അപ്പൊസ്തലന്മാർ) എഴുതിയതെല്ലാം പരിശുദ്ധാത്മാവിനാൽ ഉള്ളതാണെന്നും, തന്നെക്കുറിച്ചുള്ള വെളിപ്പാടായി അതിനെ ആശ്രയിക്കാമെന്നും യേശു വ്യക്തമാക്കിയിട്ടുണ്ട് *(യോഹന്നാൻ 14:26; യോഹന്നാൻ 16:14).*

പഴയനിയമത്തെ ദൈവശ്വാസീയമായ വചനമായി യേശു കണ്ടു; ജഡത്തിൽ ആയിരുന്നപ്പോൾ ദൈവത്തിന്റെ വചനം സംസാരിച്ചു; തന്റെ മരണത്തിനും പുനരുത്ഥാനത്തിനും ശേഷം പുതിയനിയമം പൂർത്തിയാക്കുമ്പോൾ അപ്പൊസ്തലന്മാരെ സകല സത്യത്തിലേക്കും പരിശുദ്ധാത്മാവ് നയിക്കുമെന്ന് അവിടുന്ന് ഉറപ്പുനൽകി. അപ്പൊസ്തലന്മാർ ഇത് വ്യക്തമായി മനസ്സിലാക്കി എഴുതിയവയാണ് താഴെ പറയുന്നവ. നാം നേരത്തെ പരിശോധിച്ചതിനൊപ്പം ഇവകൂടി നോക്കുക: *2 പത്രൊസ് 3:15-16; 1 തെസ്സലൊനീക്യർ 2:13; എബ്രായർ 1:1-3.*

(പുതിയനിയമ എഴുത്തുകാർ പഴയനിയമത്തെ എങ്ങനെ ഉപയോഗിക്കുന്നു എന്ന് കാണാൻ *എബ്രായർ 1:5* കൂടെ *സങ്കീർത്തനം 2-ഉം, എബ്രായർ 3:7-11 എന്നിവയോടൊപ്പം സങ്കീർത്തനം 95-ഉം* നോക്കുക.)

ചിന്തിക്കാനുള്ള ചോദ്യങ്ങൾ

1) വാക്കുകൾ പ്രധാനമാണോ? *ഗലാത്യർ 3:16.* ഇതിന്റെ വെളിച്ചത്തിൽ , മൂലഭാഷയോട് ചേർന്നുനിൽക്കുന്ന കൃത്യമായ ഒരു വിവർത്തനം ഉപയോഗിക്കുന്നത് വളരെ പ്രധാനമാണ്.

2) തിരുവെഴുത്തുകൾ പൂർണ്ണമാണോ? *വെളിപ്പാട് 22:18-19; ആവർത്തനപുസ്തകം 12:32; (സങ്കീർത്തനം 119:105, 130).*
ബൈബിൾ എഴുതുന്നതിൽ മനുഷ്യർക്ക് എന്ത് പങ്കാണുണ്ടായിരുന്നത് ?
3) *അപ്പൊസ്തലപ്രവൃത്തികൾ 1:16; (ലൂക്കൊസ് 1:70; അപ്പൊസ്തലപ്രവൃത്തികൾ 3:18).*
4) ബൈബിളിന്റെ അവകാശവാദങ്ങളെ പിന്തുണയ്ക്കുന്ന മറ്റ് തെളിവുകൾ:

- *യെശയ്യാവ് 53, സങ്കീർത്തനം 22* എന്നിവയിലെപ്പോലെ, പ്രവചനങ്ങൾ എഴുതിയതിന്നു ശേഷം നിവർത്തിയായി.
- നൂറ്റാണ്ടുകളിലൂടെ പല മനുഷ്യരിലൂടെ സംസാരിക്കുമ്പോഴും, ഒരൊറ്റ പുസ്തകമെന്ന നിലയിൽ ഇതിന്റെ കഥാരേഖയ്ക്കും സന്ദേശത്തിനുമുള്ള യോജിപ്പ്.
- ക്രിസ്തുയേശുവിലുള്ള രക്ഷയ്ക്കായി മനുഷ്യരെ ജ്ഞാനികളാക്കിക്കൊണ്ട്, അതിൽ അവകാശപ്പെടുന്നതു പോലെ അതിലെ ഉദ്ദേശ്യം സാധ്യമാക്കുന്നു.

ബൈബിൾ സത്യമായും ദൈവവചനമാണെങ്കിൽ, നമ്മുടെ മനോഭാവം എന്തായിരിക്കണം? *യോഹന്നാൻ 8:31-32; യാക്കോബ് 1:21; (യോഹന്നാൻ 10:27; സങ്കീർത്തനം 119:9-16, 18; യോഹന്നാൻ 7:16-17).*

സംഗ്രഹം

- ✓ ബൈബിൾ ദൈവവചനമാണെന്നും അതിനാൽ സത്യമാണെന്നും അവകാശപ്പെടുന്നു.
- ✓ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ദൈവവചനമാണ് തങ്ങൾ എഴുതുന്നതെന്ന് എഴുത്തുകാർ തിരിച്ചറിഞ്ഞിരുന്നു.
- ✓ യേശുക്രിസ്തു മുഴു ബൈബിളിനെയും ദൈവവചനമായാണ് കണ്ടത്.
- ✓ എന്തുകൊണ്ടാണ്യ വളരെയധികം ആളുകൾ ബൈബിളിന്റെ അവകാശവാദങ്ങളെ ഇത്ര എളുപ്പത്തിൽ തള്ളിക്കളയുന്നത്?
- ✓ ബൈബിൾ സത്യമാണെങ്കിൽ, നമ്മുടെ സ്രഷ്ടാവായ ദൈവം അതിലൂടെ നമ്മോട് സംസാരിക്കുന്നുണ്ടെങ്കിൽ, അത് അവഗണിക്കുന്നത് വിഡ്ഢിത്തമായിരിക്കും.

ആംഗ്ലിക്കൻ സഭയുടെ രണ്ടാം ലണ്ടൻ ഏറ്റുപറച്ചിലിൽ നിന്ന്

രക്ഷയ്ക്കായുള്ള അറിവിനും വിശ്വാസത്തിനും അനുസരണത്തിനും വേണ്ടിയുള്ള മതിയായതും ഉറപ്പുള്ളതും പിശകില്ലാത്തതുമായ ഏക നിയമം വിശുദ്ധ തിരുവെഴുത്താണ് (2LCF അധ്യായം 1, ഖണ്ഡിക 1).

ചോദ്യങ്ങൾ

1) ബൈബിൾ ദൈവവചനമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നത് എന്തുകൊണ്ടാണെന്ന് സ്വന്തം വാക്കുകളിൽ എഴുതുക.
2) ബൈബിൾ ദൈവവചനമാണെന്ന കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും സംശയങ്ങളുണ്ടോ? ഉണ്ടെങ്കിൽ, അവ എഴുതിവെച്ച് അതിന് എങ്ങനെ ഉത്തരം കണ്ടെത്താം എന്ന് ചിന്തിക്കുക. ഇപ്പോഴും ബുദ്ധിമുട്ടു തോന്നുന്നു എങ്കിൽ നിങ്ങളുടെ പാസ്റ്ററോടോ മുതിർന്ന ഒരു വിശ്വാസിയോടോ ചോദിക്കുക.
3) ബൈബിൾ ദൈവം നമ്മോട് സംസാരിക്കുന്നതാണ്. അത് നമ്മുടെ ജീവിതത്തിൽ എന്ത് മാറ്റമാണ് ഉണ്ടാക്കേണ്ടത്? അത് നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിച്ചതിന് ഒരു ഉദാഹരണം പറയാമോ?

കൂടുതൽ പഠനത്തിനായി

- ✓ *സത്യമല്ലാതെ മറ്റൊന്നും (Nothing but the Truth)* - ബ്രയൻ എഡ്വേർഡ്സ് (ഇവാഞ്ചലിക്കൽ പ്രസ്)
- ✓ *നമുക്ക് സുവിശേഷങ്ങളെ വിശ്വസിക്കാമോ? (Can We Trust the Gospels?)* പീറ്റർ ജെ. വില്യംസ് (ക്രോസ്വേ)
- ✓ *വചനത്തിൽ നിന്നുള്ള പ്രയോജനം (Profiting from the Word)* - എ. ഡബ്ല്യു. പിങ്ക് (ബാനർ ഓഫ് ട്രൂത്ത്)

പഠനം 2: ജീവിക്കുന്ന ദൈവം

ദൈവത്തെ അറിയേണ്ടത് പ്രധാനപ്പെട്ട കാര്യമാണോ ?

ഇതിനായി സാധ്യമായത്ര കാരണങ്ങൾ ചിന്തിക്കുക. അതിനുശേഷം, ദൈവത്തെ അറിയുന്നതിലെ അനുഗ്രഹം കാണാൻ *യോഹന്നാൻ 17:3-ഉം*, ദൈവത്തെ അറിയാതിരിക്കുന്നതിന്റെ ഫലം എന്താണെന്ന് കാണാൻ *യിരെമ്യാവ് 4:22-ഉം* വായിക്കുക.

മനുഷ്യന് എങ്ങനെ ദൈവത്തെ അറിയാൻ കഴിയും?

ദൈവമുണ്ടെന്നും, അവിടുന്ന് നല്ലവനും നീതിമാനുമാണെന്നും സൃഷ്ടിയും മനസ്സാക്ഷിയും നമ്മോട് വെളിപ്പെടുത്തുന്നു. രണ്ടാം ലണ്ടൻ ഏറ്റുപറച്ചിൽ അധ്യായം 1, ഖണ്ഡിക 1-ൽ നാം വായിക്കുന്നതുപോലെ: *"പ്രകൃതിയിലെ വെളിച്ചവും സൃഷ്ടിപ്പും ദൈവപരിപാലനവും ദൈവത്തിന്റെ നന്മയെയും ജ്ഞാനത്തെയും ശക്തിയെയും വ്യക്തമാക്കുന്നു; അതിനാൽ മനുഷ്യർക്ക് ഒഴികഴിവു പറയാൻ കഴിയില്ല."*

- ദൈവം ശക്തനും വലിയവനും നല്ലവനുമാണെന്ന് സൃഷ്ടി വെളിപ്പെടുത്തുന്നു *(സങ്കീർത്തനം 19:1-6; റോമർ 1:18-20)*.
- മനുഷ്യന്റെ ബോധമണ്ഡലത്തിൽ ദൈവത്തിന്റെ പ്രതിച്ഛായയും സാദൃശ്യത്തിന്റെ അവശിഷ്ടങ്ങളും പതിഞ്ഞിരിക്കുന്നതിനാൽ, ദൈവത്തിന്റെ നീതിയുടെ സ്വഭാവത്തെക്കുറിച്ച് മനസ്സാക്ഷി എന്തൊക്കെയോ വെളിപ്പെടുത്തുന്നു *(റോമർ 2:14-15; സഭാപ്രസംഗി 7:29)*.
- ഇതിന്റെ വെളിച്ചത്തിൽ, ദൈവമില്ല എന്ന് ഒരാൾ പറയുന്നത് ഭോഷത്തമാണ്! നമ്മുടെ പുറത്തുള്ള പ്രകൃതി നിയമങ്ങളും ഉള്ളിലുള്ള നീതിയുടെ നിയമവും നിലനിൽക്കെ, ആരെങ്കിലും ഇങ്ങനെ പറയുന്നത് എന്തുകൊണ്ട്? ദൈവനിഷേധം (Atheism) വലിയ പ്രയത്നത്തിലൂടെ മാത്രമേ നിലനിർത്താൻ കഴിയൂ; പറയപ്പെടാറുള്ളതുപോലെ, ദൈവവിശ്വാസിയെക്കാൾ വലിയ വിശ്വാസം ദൈവനിഷേധിക്ക് ആവശ്യമാണ്!

എന്നിരുന്നാലും, ദൈവത്തെ പൂർണ്ണമായി അറിയാൻ ആവശ്യമായതെല്ലാം സൃഷ്ടിയും മനസ്സാക്ഷിയും നമ്മോട് വെളിപ്പെടുത്തുന്നില്ല. രണ്ടാം ഏറ്റുപറച്ചിൽ അധ്യായം 1, ഖണ്ഡിക 1-ൽ നാം വീണ്ടും വായിക്കുന്നത് പോലെ: 'പ്രകൃതിയിലെ വെളിച്ചവും സൃഷ്ടിപ്പും ദൈവപരിപാലനവും ദൈവത്തിന്റെ നന്മയെയും ജ്ഞാനത്തെയും ശക്തിയെയും വ്യക്തമാക്കുന്നുണ്ടെങ്കിലും, രക്ഷയ്ക്ക് ആവശ്യമായദൈവത്തെക്കുറിച്ചുള്ള അറിവും അവിടുത്തെ ഹിതവും

തിരിച്ചറിയാൻ അവ പര്യാപ്തമല്ല. അതുകൊണ്ട് കർത്താവ് തന്റെ തിരുവെഴുത്തുകളിലൂടെ തന്നെത്തന്നെ വെളിപ്പെടുത്താൻ പ്രസാദിച്ചു."

ദൈവം എങ്ങനെയുള്ളവനാണെന്നും അവിടുന്ന് നമ്മിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്നും അവിടുത്തെ പ്രത്യേക വെളിപ്പാടിലൂടെ മാത്രമേ നമുക്ക് വ്യക്തമായി അറിയാൻ കഴിയൂ. അതായത്, ദൈവം തന്റെ എഴുതപ്പെട്ട വചനത്തിലൂടെയും, ജഡമായിത്തീർന്ന വചനമായ തന്റെ പുത്രനിലൂടെയും നമ്മോട് സംസാരിച്ചിരിക്കുന്നു *(യോഹന്നാൻ 1:14; എബ്രായർ 1:1-3).*

ബൈബിൾ ദൈവത്തെക്കുറിച്ച് എന്ത് പറയുന്നു?

ബാപ്റ്റിസ്റ്റ് വേദോപദേശത്തിൽ (Baptist Catechism) ബൈബിൾ ദൈവത്തെക്കുറിച്ച് പഠിപ്പിക്കുന്നത് ഇങ്ങനെ സംഗ്രഹിക്കുന്നു: "ദൈവം ഒരു ആത്മാവാണ്; തന്റെ സത്തയിലും ജ്ഞാനത്തിലും ശക്തിയിലും വിശുദ്ധിയിലും നീതിയിലും നന്മയിലും സത്യത്തിലും അവിടുന്ന് അനന്തനും നിത്യനും മാറ്റമില്ലാത്തവനുമാണ്."

- ദൈവം ആത്മാവാകുന്നു: *യോഹന്നാൻ 4:24.* ഇതിനർത്ഥം എന്താണ്? രണ്ടാം ഏറ്റുപറച്ചിൽ (അധ്യായം 2, ഖണ്ഡിക 1)-ൽ വായിക്കുന്നതുപോലെ, ദൈവം തികച്ചും ശുദ്ധമായ ആത്മാവാണ്; അദൃശ്യനും ശരീരമോ അവയവങ്ങളോ വികാരങ്ങളോ ഇല്ലാത്തവനുമാണ്. ദൈവം ശരീരഭാഗങ്ങളാൽ നിർമ്മിതനല്ല എന്നാണ് ഇതിനർത്ഥം; അവിടുന്ന് ശുദ്ധമായ അസ്തിത്വമാണ്; അവിടുത്തെ വിഭജിക്കാനോ നശിപ്പിക്കാനോ കഴിയില്ല. അവിടുത്തെ ആർക്കും സ്വാധീനിക്കാനോ തകർക്കാനോ കഴിയില്ല.
- ദൈവം അനന്തനും നിത്യനുമാണ്: *സങ്കീർത്തനം 90:2; 1 തിമൊഥെയൊസ് 1:17.* ദൈവത്തിന് സ്ഥലമോ സമയമോ സംബന്ധിച്ച് അതിരുകളില്ല എന്നാണ് ഇതിനർത്ഥം. അവിടുന്ന് എല്ലാ ഭൗമികവും ലൗകികവുമായ കാര്യങ്ങൾക്കും ഉപരിയാണ്. അവിടുന്ന് പരിമിതികളോ കുറവുകളോ ഇല്ലാത്തവനാണ് *(പുറപ്പാട് 15:11; സങ്കീർത്തനം 147:5).*
- ദൈവം മാറ്റമില്ലാത്തവനാണ്: *മലാഖി 3:6; യാക്കോബ് 1:17.*
- ദൈവത്തിന് എല്ലാവിധത്തിലും പൂർണ്ണതയുണ്ട്: ജ്ഞാനം, ശക്തി, വിശുദ്ധി എന്നിവയിൽ അവിടുന്ന് പൂർണ്ണനാണ്. സകലത്തിന്റെയും പൂർണ്ണത അവിടുന്നത്രെ *(പുറപ്പാട് 3:14).*

കൂടാതെ, ദൈവത്തിന്റെ അസ്തിത്വം വ്യക്തിത്വമുള്ളതും ത്രിയേകവുമാണ്. അവിടുന്ന് മൂന്ന് വ്യക്തിത്വങ്ങളിലുള്ള ഏക ദൈവമാണ്:

- ദൈവം ഒരു ആളത്വമാണ്: അവിടുന്ന് കേവലം ഒരു ആശയമോ ശക്തിയോ അല്ല. അവിടുന്ന് തന്നെത്തന്നെ നമ്മോട് വ്യക്തിപരമായും തന്റെ പുത്രനിലൂടെയും വെളിപ്പെടുത്തിയിട്ടുണ്ട് *(പുറപ്പാട് 3:15; യോഹന്നാൻ 14:6-9).*
- ദൈവം ആളത്വത്തിൽ ഏകനാണ്: അവിടുന്ന് വിഭജിക്കപ്പെട്ടവനല്ല *(ആവർത്തനപുസ്തകം 6:4).*
- അവിടുന്ന് ത്രിയേക ദൈവമാണ്: പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തിത്വങ്ങൾ; അവർ തുല്യരും ഒരേ ആളത്വമുള്ളവരുമാണ് *(മത്തായി 28:19; 2 കൊരിന്ത്യർ 13:14).*
- ലണ്ടൻ വിശ്വാസ ഏറ്റുപറച്ചിലിൽ, അധ്യായം 2, ഖണ്ഡിക 3: ഈ ദൈവികവും അനന്തവുമായ ആളത്വത്തിൽ മൂന്ന് വ്യക്തിത്വങ്ങളുണ്ട്; പിതാവ്, വചനം (അല്ലെങ്കിൽ പുത്രൻ), പരിശുദ്ധാത്മാവ്. അവർ ഒരേ ആളത്വവും ശക്തിയും നിത്യതയും ഉള്ളവരാണ്. ഓരോരുത്തർക്കും പൂർണ്ണമായ ദൈവിക ആളത്വമുണ്ട്, എന്നാൽ ആ ആളത്വം വിഭജിക്കപ്പെട്ടിട്ടുമില്ല.

വിസ്മയകരമായ ഈ സത്യങ്ങൾ നൂറ്റാണ്ടുകളായി ദൈവശാസ്ത്രജ്ഞർ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. നമുക്ക് ഇത് ഗ്രഹിക്കാൻ പ്രയാസമാണെങ്കിലും നാം അതിന് ശ്രമിക്കേണ്ടതുണ്ട്. ദൈവം നമ്മോട് വലിയ കരുണയുള്ളവനാണ്; നമുക്ക് അറിയുന്ന രീതിയിലുള്ള ഭാഷ ഉപയോഗിച്ച് അവിടുന്ന് നമ്മെ അറിയുന്നു. ഉദാഹരണമായി , *പുറപ്പാട് 3:20-ലെ* ഭാഗങ്ങൾ ദൈവിക കാര്യങ്ങളെ മനുഷ്യരുടേതായ വാക്കുകളിൽ വിവരിക്കുന്നു (ഇതിനെ 'മനുഷ്യരൂപകൽപ്പനകൾ' എന്ന് പറയാം). ദൈവത്തിന് ഭൗതികമായ കൈയോ മറ്റ് അവയവങ്ങളോ ഇല്ല, എങ്കിലും തന്റെ കരുണയാൽ അവിടുന്ന് നമ്മോട് സംസാരിക്കാനായി ഇത്തരം പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നു.

ദൈവം നമ്മോട് അത്രയേറെ ദയയുള്ളവനാണ്; അവിടുന്ന് തന്നെത്തന്നെ ഒരു പിതാവിനെപ്പോലെയോ *(മലാഖി 2:10),* തന്റെ ആടുകളെ പരിപാലിക്കുന്ന ഇടയനെപ്പോലെയോ *(സങ്കീർത്തനം 23:1)* നമുക്ക് പരിചയപ്പെടുത്തുന്നു.

ദൈവിക പൂർണ്ണതകൾ

ദൈവത്തിന്റെ ഗുണവിശേഷങ്ങൾ അഥവാ പൂർണ്ണതകൾ എന്തൊക്കെയാണ്? ഈ ഭാഗം പഠിക്കാൻ ബാക്കിയുള്ളതിനേക്കാൾ കൂടുതൽ സമയം എടുത്താലും വിഷമിക്കേണ്ട; ഇതാണ് എല്ലാത്തിന്റെയും അടിസ്ഥാനം! താഴെ പറയുന്ന വേദഭാഗങ്ങൾ ശ്രദ്ധാപൂർവം വായിച്ചു നോക്കുക:

- ദൈവം വിശ്വസ്തനാണ്, *1 കൊരിന്ത്യർ 1:9.*
- ദൈവം സ്നേഹമാണ്, *1 യോഹന്നാൻ 4:8-9.*
- ദൈവം പരമാധികാരിയാണ്, *ഇയ്യോബ് 42:2.*
- ദൈവം സ്വതന്ത്രനാണ്; മനുഷ്യനോടോ മറ്റേതെങ്കിലും സൃഷ്ടിയോടോ
- അവിടുന്ന് കണക്കു പറയേണ്ടവനല്ല, *ദാനിയേൽ 4:35.*
- ദൈവം സർവ്വവ്യാപിയാണ്, *സങ്കീർത്തനം 139:7-10.*
- ദൈവം സർവ്വജ്ഞാനിയാണ്, *എബ്രായർ 4:13.*
- ദൈവം പരിശുദ്ധനാണ്. *യെശയ്യാവ് 6:3*
- ദൈവം ശക്തനും നീതിമാനും നേരുള്ളവനുമാണ്, *സങ്കീർത്തനം 99:4*

നമുക്ക് ഇതിനെക്കുറിച്ച് ഇനിയും വളരെ പറയാവുന്നതാണ്. ദൈവത്തിന്റെ ക്രോധം *(യോഹന്നാൻ 3:36),* അവിടുത്തെ ജ്ഞാനം *(യെശയ്യാവ് 28:29),* സത്യം *(ആവർത്തനപുസ്തകം 32:4)* എന്നിവയെക്കുറിച്ച് ചിന്തിക്കുക. (ദൈവത്തിന്റെ മഹത്വത്തെയും പൂർണ്ണതകളെയും വെളിപ്പെടുത്തുന്ന നിരവധി മഹത്തായ വേദഭാഗങ്ങൾ ബൈബിളിലുണ്ട്. ഉദാഹരണമായി : *സങ്കീർത്തനം 103; യെശയ്യാവ് 40:10-21; റോമർ 11:33-36; 1 തിമൊഥെയൊസ് 6:15-16; സങ്കീർത്തനം 145:8-9; എഫെസ്യർ 1:11; സങ്കീർത്തനം 115:3; യിരെമ്യാവ് 32:27; യോശുവ 24:19; ഉല്പത്തി 18:25).*

ഇങ്ങനെയുള്ള ഒരു ദൈവത്തെ എങ്ങനെ സമീപിക്കാൻ അല്ലെങ്കിൽ അറിയാൻ കഴിയും?

ദൈവത്തിന്റെ വലിപ്പത്തെയും മഹത്വത്തെയും പരിശുദ്ധിയെയും മനസ്സിലാക്കാത്തതുകൊണ്ട് പലരും ഈ ചോദ്യം ചോദിക്കാറില്ല. ഈ ചെറിയ പഠനം വെറുമൊരു തുടക്കം മാത്രമാണ്. എങ്കിലും, പാപിയായ ഒരു സൃഷ്ടിക്ക് എങ്ങനെ ഇങ്ങനെയൊരു ദൈവത്തിന്റെ സന്നിധിയിൽ നിൽക്കാൻ കഴിയും എന്ന വലിയ ചോദ്യത്തിലേക്ക് നമ്മെ എത്തിക്കാൻ ഇത് മതിയാകും. നമുക്ക് സ്വന്തമായി അത് അസാധ്യമാണ്. നമുക്ക് ഒരു ഇടനിലക്കാരൻ ആവശ്യമാണ്; സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള, പാപിയും പരിശുദ്ധനായ ദൈവവും തമ്മിലുള്ള അകലം കുറയ്ക്കുന്ന ഒരു മധ്യസ്ഥൻ. ആ വ്യക്തി യേശുക്രിസ്തുവാണ് *(1 തിമൊഥെയൊസ് 2:5; എബ്രായർ 4:12-16; (എബ്രായർ 12:18-29)).*

ദൈവം ഇത്ര വലിയവനായതുകൊണ്ട്, നാം അവിടുത്തെ എങ്ങനെയാണ് സമീപിക്കേണ്ടത്?

ദൈവത്തെ സമീപിക്കാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? ഉണ്ടെങ്കിൽ, എപ്പോൾ,

എങ്ങനെയാണ് നാം അവിടുത്തെ സന്നിധിയിൽ വരേണ്ടത്? ഈ വാക്യങ്ങൾ വായിക്കുമ്പോൾ, നിങ്ങൾ ഇതിനുമുമ്പ് ദൈവത്തെ ആരാധിച്ചിട്ടുണ്ടോ എന്നും, നിങ്ങളുടെ ആരാധന ദൈവത്തിന്റെ യഥാർത്ഥ സ്വഭാവത്തിന് അനുസരിച്ചാണോ എന്നും സ്വയം ചോദിക്കുക. നിങ്ങളുടെ ആരാധനാ രീതിയിൽ മാറ്റം വരുത്തേണ്ടതുണ്ടോ? *(എബ്രായർ 12:28; സങ്കീർത്തനം 145:1-3; സങ്കീർത്തനം 96:4-9; (സങ്കീർത്തനം 100; 2 കൊരിന്ത്യർ 6:16-7:1)).*

രണ്ടാം വിശ്വാസ ഏറ്റുപറച്ചിലിൽ നിന്ന്

ദൈവം മാറ്റമില്ലാത്തവനും, അളവില്ലാത്തവനും, നിത്യനും, ഗ്രഹിക്കാൻ കഴിയാത്തവനും, സർവ്വശക്തനും, എല്ലാവിധത്തിലും അനന്തനും, ഏറ്റവും പരിശുദ്ധനും, ഏറ്റവും ജ്ഞാനിയും, ഏറ്റവും സ്വതന്ത്രനും, പൂർണ്ണനുമാണ്... ഏറ്റവും സ്നേഹമുള്ളവനും, കൃപയുള്ളവനും, കരുണയുള്ളവനും, ദീർഘക്ഷമയുള്ളവനും, നന്മയും സത്യവും നിറഞ്ഞവനുമാണ് (2LCF അധ്യായം 2, ഖണ്ഡിക 1).

ചോദ്യങ്ങൾ

യെശയ്യാവ് 6:1-10 വായിച്ച് ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:

1) ദൈവം പരിശുദ്ധനാണ് എന്ന് നാം പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത്?
2) ദൈവത്തെ കണ്ടുമുട്ടുന്ന വ്യക്തിയിൽ ദൈവത്തിന്റെ പരിശുദ്ധി എന്ത് ഫലമാണ് ഉണ്ടാക്കുന്നത്?
3) ദൈവത്തിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നത്തിന് പരിഹാരമായിട്ടുള്ളത് എന്താണ്?
4) ദൈവത്തെക്കുറിച്ചുള്ള അറിവ് എന്ത് ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കുന്നു? എന്തുകൊണ്ട്?

കൂടുതൽ പഠനത്തിനായി

- ✓ *ദൈവം ആയിരിക്കുന്നത് (God Is)* - മാർക്ക് ജോൺസ് (ക്രോസ്‌വേ)
- ✓ *ദൈവത്തിന്റെ പരിശുദ്ധി (The Holiness of God)* - ആർ. സി. സ്പ്രൗൾ (പ്രസിദ്ധീകരണശാല)
- ✓ *ദൈവത്തെ അറിയുക (Knowing God)* - ജെ. ഐ. പാക്കർ (ഹോഡർ & സ്റ്റൗട്ടൺ)
- ✓ *മൂന്ന് ഒന്നാകുന്നു (The Three are One)* - സ്റ്റുവർട്ട് ഒലിയോട്ട് (ഇവാഞ്ചലിക്കൽ പ്രസ്)

പഠനം 3: യേശുക്രിസ്തു മദ്ധ്യസ്ഥൻ

ക്രിസ്ത്യാനികൾ യേശുക്രിസ്തുവിന്റെ അനുയായികളാണ്. നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രം അവിടുന്നാണ്. താൻ ആരാണെന്നും എന്തിനുവേണ്ടിയാണ് അവിടുന്ന് വന്നതെന്നും (അവിടുത്തെ വ്യക്തിത്വവും പ്രവൃത്തികളും) നാം മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്. ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള ഒരേയൊരു മദ്ധ്യസ്ഥൻ ക്രിസ്തുവാണ് *(1 തിമൊഥെയൊസ് 2:5)*. എന്തുകൊണ്ടാണ് ഇങ്ങനെ എന്ന് ഈ പഠനത്തിൽ നമ്മൾ ചിന്തിക്കും.

കർത്താവായ യേശുക്രിസ്തു

അവിടുത്തെ പദവിയും ലക്ഷ്യവും സ്ഥാനവും വെളിപ്പെടുത്തുന്ന മൂന്ന് ഭാഗങ്ങൾ തന്റെ നാമത്തിലുണ്ട്: കർത്താവായ യേശുക്രിസ്തു *(എഫെസ്യർ 1:3)*.

കർത്താവ് (LORD): ഈ വാക്ക് പഴയനിയമത്തിൽ ദൈവത്തെ കുറിക്കാൻ ഉപയോഗിക്കുന്നു *(സങ്കീർത്തനം 97:5)*. പുതിയനിയമത്തിൽ യേശുവിനും ഇതേ പദവി നൽകപ്പെടുമ്പോൾ, ദൈവത്തിന്റെ അധികാരം പങ്കുവെക്കുന്ന സ്ഥാനത്തേക്ക് അവിടുന്ന് ഉയർത്തപ്പെടുന്നു *(ലൂക്കൊസ് 2:11). (ഫിലിപ്പിയർ 2:6-11- ഉം യെശയ്യാവ് 45:22-25 ഉം* താരതമ്യം ചെയ്യുക).

യേശു (JESUS): ഇതിനർത്ഥം യഹോവ (അല്ലെങ്കിൽ യാഹ്വെ) രക്ഷയാകുന്നു എന്നാണ് *(മത്തായി 1:21)*.

ക്രിസ്തു (CHRIST): ഇതിനർത്ഥം മശിഹാ അല്ലെങ്കിൽ അഭിഷിക്തൻ എന്നാണ്. ദൈവത്തിന്റെ കാര്യസ്ഥൻ എന്ന നിലയിലുള്ള അവിടുത്തെ വിളിയെ ഇത് കുറിക്കുന്നു. തന്റെ നാമത്തിൽ ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യാനും ഉദ്ദേശ്യങ്ങൾ നിറവേറ്റാനുമായി ദൈവം വേർതിരിച്ച വ്യക്തിയാണ് അവിടുന്ന് *(ദാനിയേൽ 9:25-26; മത്തായി 16:16)*.

ക്രിസ്തുവിന്റെ ആളത്വത്തെക്കുറിച്ചുള്ള സംഗ്രഹം

കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നതിന്റെ സംഗ്രഹം : *അവിടുത്തെ ആളത്വത്തിൽ ദൈവീകവും മാനുഷികവുമായ രണ്ട്*

സ്വഭാവങ്ങൾ ഒന്നിച്ചുചേരുന്നു.

അല്ലെങ്കിൽ എ.ഡി 325-ൽ ഒരു ക്രിസ്തീയ സുന്നഹദോസിൽ എഴുതിയ നിഖ്യാ വിശ്വാസപ്രമാണത്തിന്റെ ഭാഷയിൽ പറഞ്ഞാൽ: *അവിടുന്ന് ദൈവത്തിൽ നിന്നുള്ള ദൈവം, വെളിച്ചത്തിൽ നിന്നുള്ള വെളിച്ചം, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം.*

അവിടുന്ന് സൃഷ്ടിക്കപ്പെട്ടവനല്ല, ജനിപ്പിക്കപ്പെട്ടവനാണ്. പിതാവിനോട് ഏകസത്തയുള്ളവനാണ്; അവിടുന്ന് മുഖാന്തരമാണ് സകലതും സൃഷ്ടിക്കപ്പെട്ടത്. മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുമായി അവിടുന്ന് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും, പരിശുദ്ധാത്മാവിനാൽ കന്യക മറിയാമിൽ നിന്ന് ജഡമെടുത്ത് മനുഷ്യനായിത്തീരുകയും ചെയ്തു.

അവിടുന്ന് പൂർണ്ണദൈവവും അതേസമയം പൂർണ്ണമനുഷ്യനുമായതുകൊണ്ട് ദൂതൻ മാർക്ക് പോലും ഗ്രഹിക്കാൻ കഴിയാത്ത ഒരു രഹസ്യമാണിത്, *1 പത്രോസ് 1:10-12),* ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മധ്യസ്ഥനായിരിക്കാൻ അവിടുത്തേക്ക് മാത്രമേ കഴിയൂ; ദൈവീകതയെയും മാനുഷികതയെയും അവിടുന്ന് ഒന്നിപ്പിക്കുന്നു.

കർത്താവായ യേശുക്രിസ്തു ദൈവമാകുന്നു

യേശു പൂർണ്ണദൈവമാണെന്ന് വിശ്വസിക്കാൻ ബൈബിൾ നമുക്ക് അനേകം കാരണങ്ങൾ നൽകുന്നു.

1) ദൈവത്തിന് മാത്രം അവകാശപ്പെട്ട നാമങ്ങളും സ്ഥാനപ്പേരുകളും അവിടുത്തേക്ക് നൽകപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച്, ദൈവത്തിന്റെ ഉടമ്പടി നാമം. പഴയനിയമത്തിലും പുതിയനിയമത്തിലും 'കർത്താവ്' (LORD) എന്ന് വലിയ അക്ഷരത്തിൽ എഴുതപ്പെട്ടിരിക്കുന്നത് അവിടുത്തേക്കുറിച്ചാണ്. പഴയനിയമത്തിൽ ദൈവത്തിന് മാത്രം നൽകുന്ന ഈ നാമം *(സംഖ്യാപുസ്തകം 21:5-7; യെശയ്യാവ് 45:5),* വരാനിരിക്കുന്ന കാലത്ത് ഒരാൾ പങ്കുവെക്കുമെന്ന് പ്രവചിക്കപ്പെട്ടിരുന്നു *(യിരെമ്യാവ് 23:5-6).* പുതിയനിയമത്തിൽ ഈ നാമം യേശുവിന് നൽകപ്പെട്ടിരിക്കുന്നു *(യോഹന്നാൻ 12:37-41; 1 കൊരിന്ത്യർ 12:3).*

2) അവിടുന്ന് വ്യക്തമായി ദൈവം എന്ന് വിളിക്കപ്പെടുന്നു *(യോഹന്നാൻ 1:1; തീത്തോസ് 2:13. (ഇതുകൂടി കാണുക: 1 യോഹന്നാൻ 5:20; റോമർ 9:5;*

ഫിലിപ്പിയർ 2:6; എബ്രായർ 1:1-3; കൊലൊസ്സ്യർ 2:9).

3) ദൈവത്തിന് മാത്രം അവകാശപ്പെട്ട പൂർണ്ണതകൾ അവിടുത്തേക്ക് ആരോപിക്കപ്പെട്ടിരിക്കുന്നു, ഉദാഹരണമായി :

- ആദിയും അന്ത്യവും (നിത്യത): *യെശയ്യാവ് 44:6; വെളിപ്പാട് 1:17-18, 22:13.*
- മുൻകാല അസ്തിത്വം, തുടക്കമില്ലാത്തവൻ, നിത്യമായി
- ജനിപ്പിക്കപ്പെട്ടവൻ: *യോഹന്നാൻ 1:1, 14, 18.*
- സ്രഷ്ടാവ്: *യോഹന്നാൻ 1:3.*
- (യേശുവിന് ഉള്ളതായി പറയുന്ന കൂടുതൽ ദൈവീക പൂർണ്ണതകൾ കാണാൻ ഈ വേദഭാഗങ്ങൾ നോക്കുക: *മലാഖി 3:6 & എബ്രായർ 13:8, മാറ്റമില്ലാത്തവൻ; മത്തായി 28:18, സർവ്വശക്തൻ; മർക്കോസ് 2:5-7,* പാപങ്ങൾ ക്ഷമിക്കാൻ കഴിയുന്നവൻ; *അപ്പൊ. 2:27 & യെശയ്യാവ് 43:14-16, പരിശുദ്ധൻ*).

4.) ദൈവത്തിന് മാത്രം ചെയ്യാൻ അവകാശവും ശക്തിയുമുള്ള പ്രവൃത്തികൾ യേശുവിന് ആരോപിക്കപ്പെട്ടിരിക്കുന്നു: അവിടുന്ന് ജീവൻ നൽകുന്നവനാണ് *(യോഹന്നാൻ 5:20-23; യോഹന്നാൻ 10:28), അവിടുന്ന് സകല മനുഷ്യരെയും ന്യായവിധി നടത്തും (2 കൊരിന്ത്യർ 5:10).*

5) തിരുവെഴുത്തിൽ ദൈവത്തിന് മാത്രം നൽകാവൂ എന്ന് പറഞ്ഞിരിക്കുന്ന ആരാധന *(വെളിപ്പാട് 22:8-9),* ക്രിസ്തുവിനും നൽകപ്പെടുന്നു *(യോഹന്നാൻ 20:26-28; വെളിപ്പാട് 5:12; എബ്രായർ 1:6).*

തിരുവെഴുത്തിന്റെ സാക്ഷ്യപ്രകാരവും വിശ്വാസപ്രമാണങ്ങളിലെ ഭാഷ ഉപയോഗിച്ചും പറഞ്ഞാൽ, കർത്താവായ യേശുക്രിസ്തു പിതാവിനോട് ഏകത്വ സ്വഭാവവുമുള്ളവനാണ്; തുല്യനും നിത്യനും ജനിപ്പിക്കപ്പെട്ടവനും അല്ലാതെ സൃഷ്ടിക്കപ്പെട്ടവനല്ല. അവിടുന്ന് ദൈവമാകുന്നു.

കർത്താവായ യേശുക്രിസ്തു മനുഷ്യനാകുന്നു

കർത്താവായ യേശുക്രിസ്തു പൂർണ്ണമനുഷ്യനാണെന്ന് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു *(യോഹന്നാൻ 1:14; എബ്രായർ 2:14).*

നമ്മെ യഥാർത്ഥ മനുഷ്യരാക്കുന്ന കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുക. ക്രിസ്തുവിന്റെ മനുഷ്യത്വം മിക്കവാറും എല്ലാ കാര്യങ്ങളിലും നമ്മുടെ മനുഷ്യത്വത്തിന് സമാനമാണ്, ഉദാഹരണമായി:

- അവിടുത്തേക്ക് ഭൗതിക ശരീരമുണ്ട് *(മത്തായി 26:26-28)*.
- അവിടുത്തേക്ക് ദൈവീക ബോധത്തിൽ നിന്ന് വ്യത്യസ്തമായി യുക്തിയുള്ള ഒരു ആത്മാവുണ്ട് *(മത്തായി 26:38)*. (യേശു മനുഷ്യശരീരത്തിലെ ദൈവീക ആത്മാവല്ല; അവിടുന്ന് പൂർണ്ണമനുഷ്യനാണ്, നമ്മെപ്പോലെ ശരീരവും ആത്മാവുമുള്ളവൻ).
- അവിടുത്തേക്ക് മനുഷ്യസഹജമായ വികാരങ്ങളുണ്ട്, അതിനാൽ മറ്റുള്ളവരുടെ മനോഭാവവും പെരുമാറ്റവും കൊണ്ട് അവിടുന്ന് ചലിക്കപ്പെടുന്നു *(യോഹന്നാൻ 11:33-35)*.
- എല്ലാ മനുഷ്യരും ജനിക്കുന്നതുപോലെ ഒരു സാധാരണ സ്ത്രീയിൽ നിന്ന് അവിടുന്ന് ജനിച്ചു *(ഗലാത്യർ 4:4)*.

വിധത്തിലെല്ലാം കൊണ്ട്, തുടക്കത്തിലെ ആദാമിനെപ്പോലെ, അതുവരെ ഉണ്ടായിരുന്നവരും ഇനി ഉണ്ടാകാൻ പോകുന്നവരുമായ എല്ലാ മനുഷ്യരെപ്പോലെ അവിടുന്ന് യഥാർത്ഥ മനുഷ്യനായിരുന്നു. എന്നിരുന്നാലും, പാപത്തിന് ശേഷം വന്ന മറ്റ് മനുഷ്യരിൽ നിന്ന് അവിടുന്ന് വ്യത്യസ്തനാകുന്ന ചില കാര്യങ്ങളുണ്ട്:

- നമ്മിൽ നിന്ന് വ്യത്യസ്തമായി, മനുഷ്യനാലല്ല പരിശുദ്ധാത്മാവിനാലാണ് അവിടുന്ന് ഗർഭം ധരിക്കപ്പെട്ടത്, കന്യകയിൽ ജനിച്ചു *(മത്തായി 1:20-23)*.

- നമ്മിൽ നിന്ന് വ്യത്യസ്തമായി, ജനനത്തിൽ അവിടുത്തേക്ക് പാപസ്വഭാവം ഉണ്ടായിരുന്നില്ല, അവിടുന്ന് പൂർണ്ണമായും പാപമില്ലാത്ത ജീവിതം നയിച്ചു *(എബ്രായർ 4:15)*.

- നമ്മിൽ നിന്ന് വ്യത്യസ്തമായി, അവിടുത്തെ മാനുഷികത അവിടുത്തെ ദൈവികതയുമായി യോജിച്ചിരിക്കുന്നു, അങ്ങനെ ആ രണ്ട് സ്വഭാവങ്ങളും വേർതിരിക്കാമെങ്കിലും ഇപ്പോൾ എന്നേക്കും വേർപിരിക്കാനാവാത്തതാണ് *(എബ്രായർ 7:23-25)*.

ശ്രദ്ധിക്കുക: മദ്ധ്യസ്ഥൻ എന്ന നിലയിൽ കർത്താവായ യേശുക്രിസ്തു പിതാവിന് തന്നെത്തന്നെ വിധേയപ്പെടുത്തിയെങ്കിലും *(1 കൊരിന്ത്യർ 15:22-28)*, തന്റെ പൂർണ്ണ ദൈവീകതയിൽ (അവിടുന്ന് എന്നും നിലനിന്നിരുന്നതും ഇനി നിലനിർത്തുന്നതുമായത്), അവിടുന്ന് ഒട്ടും താഴ്ന്നവനല്ല, പിതാവിനോടും ആത്മാവിനോടും കൂടെ നിത്യത മുതൽ നിത്യത വരെ പൂർണ്ണമായും തുല്യനായി നിലനിൽക്കുന്നു *(യോഹന്നാൻ 1:1,2,14; ഫിലിപ്പിയർ 2:6)*.

ക്രിസ്തു എന്തുകൊണ്ട് ദൈവമായിരിക്കണം?

- പാപം എന്ന മനുഷ്യന്റെ പ്രശ്നം വളരെ ഗൗരവമുള്ളതാണ്, അതിനാൽ താഴെ പറയുന്നവയ്ക്ക് ഒരു ദൈവീക രക്ഷകൻ ആവശ്യമായിരുന്നു:
- മതിയായ മൂല്യമുള്ള ഒരു യാഗം അർപ്പിക്കാൻ (സങ്കീർത്തനം 49:7-9). പാപികളായവരെ വീണ്ടെടുക്കാൻ ദൈവത്തിന്റെ കോപം വഹിക്കാൻ (1 യോഹന്നാൻ 4:10).
- തന്റെ രക്ഷാകര പ്രവൃത്തിയുടെ ഫലം സ്ത്രീ, പുരുഷന്മാരിലേക്ക് പകർന്നു നൽകാൻ (എബ്രായർ 7:25-28).

എന്തുകൊണ്ടാണ് അവിടുന്ന് മനുഷ്യനായിരിക്കേണ്ടത്?

പാപം മനുഷ്യരുടെ പ്രവൃത്തിയാകയാൽ, അതിന്റെ ശിക്ഷ ഒരു മനുഷ്യൻ തന്നെ അനുഭവിക്കേണ്ടിയിരുന്നു *(എബ്രായർ 2:14-17).*

ഒരേ വ്യക്തിത്വത്തിൽ രണ്ട് നിസ്തുല്യ സ്വഭാവങ്ങൾ

കർത്താവായ യേശുക്രിസ്തു പൂർണ്ണ ദൈവമാണ്. അവിടുന്ന് പിതാവിന് തുല്യനും പിതാവിന്റെ അതേ ഗുണ വിശേഷമുള്ളവനുമാണ് . അതുപോലെ അവിടുന്ന് പൂർണ്ണ ഗുണവിശേഷമുള്ള മനുഷ്യനുമാണ്; നമ്മുടെ മനസ്സ്, ആത്മാവ്, ജഡം , രക്തം എന്നിവ അവിടുത്തേക്കുണ്ട്. അവിടുന്ന് ഒരേ വ്യക്തിത്വത്തിൽ രണ്ട് സ്വഭാവങ്ങളുള്ളവനാണ്. ഈ സ്വഭാവങ്ങൾ തമ്മിൽ ചേരുകയോ മാറുകയോ ചെയ്യുന്നില്ല, എങ്കിലും അവയെ വേർപെടുത്താനും കഴിയില്ല.

അവിടുന്ന് രണ്ട് ആളത്വമല്ല, ഒരേയൊരു വ്യക്തിയാണെന്ന് നാം മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്. അവിടുന്ന് പ്രവർത്തിക്കുമ്പോൾ ഒരു വ്യക്തി എന്ന നിലയിലാണ് പ്രവർത്തിക്കുന്നത് (ഒരു 'സ്വഭാവത്തിന്' ഒന്നും ചെയ്യാൻ കഴിയില്ല, ഒരു 'വ്യക്തിക്ക്' മാത്രമേ കഴിയൂ). ഇത് തന്നെ നമ്മളെപ്പോലെയുള്ള പാപികളുടെ രക്ഷകനാകാൻ തികച്ചും അനുയോജ്യനും പര്യാപ്തനുമാക്കുന്നു *(എബ്രായർ 9:23-28).*

ശ്രദ്ധിക്കുക: ക്രിസ്തുവിനെക്കുറിച്ച് പല തെറ്റായ ഉപദേശങ്ങളും സഭയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്, ഇന്നും പലതും നിലനിൽക്കുന്നു. ഉദാഹരണമായി : യേശു മനുഷ്യനാണ് എന്നാൽ പൂർണ്ണ ദൈവമല്ല എന്ന് പറയുന്ന 'ഏരിയനിസം' (യഹോവയുടെ സാക്ഷികളും മോർമൻകാരും ഈ വീക്ഷണം പുലർത്തുന്നു); യേശു ദൈവമാണ് എന്നാൽ യഥാർത്ഥ മനുഷ്യനല്ല എന്ന് പറയുന്ന 'ജ്ഞാനവാദം ' (ചില കേക്കർ സിദ്ധാന്തകർ).

ഈ രക്ഷകന്റെ ജീവിതത്തെക്കുറിച്ച് ചിന്തിക്കുക

- അവിടുത്തെ ജനനം *(മത്തായി 1:18-25).*
- അവിടുത്തെ ഉപദേശങ്ങളും അത്ഭുതങ്ങളും *(മത്തായി 4:23-25 & 7:28-29).*
- അവിടുത്തെ മരണവും പുനരുത്ഥാനവും *(മത്തായി 27:45-50 & 28:1-8).*

ബാപ്റ്റിസ്റ്റ് വേദോപദേശത്തിൽ (Baptist Catechism) നിന്ന്

- ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ ഏക വീണ്ടെടുപ്പുകാരൻ കർത്താവായ യേശുക്രിസ്തുവാണ്. ദൈവത്തിന്റെ നിത്യപുത്രനായ അവിടുന്ന് മനുഷ്യനായിത്തീർന്നു. അങ്ങനെ അവിടുന്ന് രണ്ട് വ്യത്യസ്ത സ്വഭാവങ്ങളിലും ഒരേ വ്യക്തിത്വത്തിലും എന്നേക്കും ദൈവവും മനുഷ്യനുമായി തുടരുന്നു. (ചോദ്യം 24)

ചോദ്യങ്ങൾ

1. യേശു ദൈവമാണെന്ന് തെളിയിക്കുന്ന മൂന്ന് വേദഭാഗങ്ങൾ ബൈബിളിൽ നിന്ന് എഴുതുക. എന്തുകൊണ്ടാണ് അത് ഇത്ര പ്രധാനമെന്ന് പറയുന്നത് ?
2. അവിടുന്ന് പൂർണ്ണ മനുഷ്യനാണെന്ന് തെളിയിക്കുന്ന മൂന്ന് വേദഭാഗങ്ങൾ എഴുതുക. എന്തുകൊണ്ടാണ് അത് ആവശ്യമായിരിക്കുന്നത് എന്ന് പറയുക.
3. അവിടുന്ന് രണ്ട് ആളുകളോ അതോ ഒരാളോ? അതിന്റെ പ്രസക്തി എന്താണ് ? സഭ അവിടുത്തെ എങ്ങനെയാണ് വിശേഷിപ്പിച്ചത്? നിഖ്യാ വിശ്വാസപ്രമാണത്തിലെ വാക്കുകൾ എഴുതുക.

കൂടുതൽ പഠനത്തിനായി

- ✓ *ക്രിസ്തുവിനെ അറിയുക (Knowing Christ)* - മാർക്ക് ജോൺസ് (ബാനർ ഓഫ് ട്രൂത്ത്)
- ✓ *യേശു ദൈവവും മനുഷ്യനുമാണ് (Jesus is both God and man)* - സ്റ്റുവർട്ട് ഒലിയോട്ട് (ഇവാഞ്ചലിക്കൽ പ്രസ്)

പഠനം 4: മനുഷ്യൻ, നമ്മുടെ യഥാർത്ഥ സ്വഭാവം

മനുഷ്യവർഗ്ഗത്തെ നിങ്ങൾ എങ്ങനെയാണ് കാണുന്നത്? നാം അടിസ്ഥാനപരമായി നല്ലവരാണോ, അതോ തികച്ചും മോശപ്പെട്ടവരാണോ? നമ്മേക്കുറിച്ച് തന്നെ സത്യം അറിയുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്നാണ്. ജോൺ കാൽവിൻ പറഞ്ഞതുപോലെ, *"നമ്മെക്കുറിച്ചു തന്നെയുള്ള ശരിയായ അറിവ് നമ്മുടെ ആത്മവിശ്വാസത്തെ ഇല്ലാതാക്കുന്നു."*

മനുഷ്യവർഗ്ഗത്തെ ദൈവം സൃഷ്ടിച്ചതുകൊണ്ട്, ഓരോ വ്യക്തിക്കും സ്വതസിദ്ധമായ അന്തസ്സും മൂല്യവുമുണ്ട്.

ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടതിനാൽ, നമ്മളോരോരുത്തരും ദൈവത്തിന്റെ സാദൃശ്യമുള്ളവരാണ്. ഇത് നമ്മെ മൃഗങ്ങളെക്കാൾ ഉപരിയാക്കുന്നു , ചില അർത്ഥത്തിൽ ദൂതൻമാരെക്കാൾ പോലും. മനുഷ്യൻ കാട്ടിൽ വസിക്കുന്ന മൃഗങ്ങളെപ്പോലെയല്ല, സ്വർഗ്ഗത്തിൽ വസിക്കുന്ന സ്രഷ്ടാവിനെപ്പോലെയാണ്. ആധുനിക പരിണാമ സിദ്ധാന്തങ്ങൾ മനുഷ്യനെ താഴ്ത്തിക്കെട്ടുമ്പോൾ, ബൈബിളിലെ സൃഷ്ടിപ്പിനെക്കുറിച്ചുള്ള പഠനം നമ്മെ ദൈവത്തിന്റെ നിലവാരത്തിലേക്ക് ഉയർത്തുന്നു *(ഉല്പത്തി 1:26-27, 31).* എപ്പോഴും ഓർക്കുക, മനുഷ്യന്റെ ഏറ്റവും അടുത്ത ബന്ധു കുരങ്ങല്ല, സാക്ഷാൽ ദൈവം തന്നെയാണ്.

ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടു എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

നമ്മുടെ വ്യക്തിത്വം, ധാർമ്മികമായ തിരിച്ചറിവ്, തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ്, അർത്ഥവത്തായ ബന്ധങ്ങൾ സ്ഥാപിക്കാനുള്ള കഴിവ് എന്നിവയിൽ ഇത് കാണാൻ കഴിയും *(കൊലൊസ്സ്യർ 3:10; എഫെസ്യർ 4:24; ഉല്പത്തി 1:26-28; സഭാപ്രസംഗി 7:29; യാക്കോബ് 3:9.* (പാപം ചെയ്ത ശേഷം വീണുപോയ മനുഷ്യനിലും ഈ ഛായയുടെ അവശേഷിപ്പുകൾ ഉണ്ട്). ഇന്നും, വീഴ്ചയ്ക്ക് ശേഷവും, ദൈവത്തെപ്പോലെ മനുഷ്യനും നിത്യതയും ആത്മീയതയുമുണ്ട്. ചിന്തിക്കാനും, ശരിതെറ്റുകൾ തിരിച്ചറിയാനും, സ്വന്തം ഇഷ്ടപ്രകാരം തീരുമാനങ്ങൾ എടുക്കാനും, സർഗ്ഗാത്മകമായി പ്രവർത്തിക്കാനും, സ്നേഹമുള്ള ബന്ധങ്ങളിൽ ഏർപ്പെടാനും മനുഷ്യന് കഴിയുന്നു.

ഈ ആശയം ഇന്ന് നമുക്ക് എങ്ങനെ പ്രാവർത്തികമാക്കാം?

ഇത് എപ്രകാരം പ്രാവർത്തികമാക്കാമെന്ന് ബൈബിളിൽ പല ഉദാഹരണങ്ങൾ തന്നിട്ടുണ്ട്.

ഉല്പത്തി 9:5 - 6. നാം എല്ലാവരും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടതുകൊണ്ട്, ജീവന്റെ തുടക്കം മുതൽ അവസാനം വരെ - ഗർഭധാരണം മുതൽ മരണം വരെ എല്ലാവർക്കും അന്തസ്സും മൂല്യവുമുണ്ട്. കഴിഞ്ഞ 150 വർഷക്കാല മായി പരിണാമ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള ജീവദർശനങ്ങൾ, ഗർഭഛിദ്രം, വംശശുദ്ധി വരുത്തൽ (eugenics), ദയാവധം തുടങ്ങിയ ക്രൂരതകൾക്ക് കാരണമായിട്ടുണ്ട്.

മനുഷ്യൻ തന്റെ ആദ്യ അവസ്ഥയിൽ മരണമില്ലാത്തവനും, വിശുദ്ധനും, പൂർണ്ണനും, ദൈവത്തിന്റെ കല്പനകൾ അനുസരിക്കാൻ കഴിയുന്നവനുമായിരുന്നു *(ഉല്പത്തി 1:31; (എഫെസ്യർ 4:24))*.

ഇതെല്ലാം മാറിയത് എന്തുകൊണ്ട്?

ഏദൻ തോട്ടത്തിൽ വെച്ച് ദൈവം ആദാമുമായി ഒരു ഉടമ്പടി ഉണ്ടാക്കിയിരുന്നു. ദൈവവുമായി ബന്ധം പുലർത്താൻ മനുഷ്യന് അതിലൂടെ കഴിഞ്ഞു. ആ ഉടമ്പടി ലളിതമായിരുന്നു, അത് ലംഘിച്ചാൽ വ്യക്തമായ ഫലമുണ്ടാകുമെന്ന് ദൈവം പറഞ്ഞിരുന്നു *(ഉല്പത്തി 2:16-17)*. എന്നാൽ ദൗർഭാഗ്യവശാൽ, ആദാമും ഹവ്വയും ആ കല്പന ലംഘിച്ചു. അതിന്റെ ഫലം മനുഷ്യവർഗ്ഗത്തിന് ഭീകരമായിരുന്നു *(ഉല്പത്തി 3:1-24)*.

വീഴ്ചയുടെ ഫലങ്ങൾ എന്തൊക്കെയായിരുന്നു?

1) **തകർന്ന ബന്ധങ്ങൾ**:

- മനുഷ്യർ തമ്മിലുള്ള നാണക്കേട് *(ഉല്പത്തി 3:7, 11-13)*.
- ദൈവത്തിന് മുന്നിലുള്ള കുറ്റബോധം *(ഉല്പത്തി 3:8-10)*.

2) **ദൈവത്തിന്റെ ശാപം**:

- സൃഷ്ടി സംഘർഷങ്ങളുടെ മൂശയായി മാറുന്നു *(ഉല്പത്തി 3:14-15)*.
- ഭൂമിയിൽ നിറയുന്നത് വേദനയും അപകടവും നിറഞ്ഞതായിത്തീരുന്നു *(ഉല്പത്തി 3:16)*.
- ഭൂമി മനുഷ്യന് എതിരായി മാറുകയും ജീവിതം ദുഷ്കരമാക്കുകയും ചെയ്യുന്നു *(ഉല്പത്തി 3:17)*.

എങ്കിലും, ഉടമ്പടി ലംഘിച്ചതിന് ദൈവം മനുഷ്യനെ ശപിച്ചപ്പോഴും, ഒരു രക്ഷകനെ അയക്കാമെന്ന് ദൈവം വാഗ്ദാനം ചെയ്തു. ആ രക്ഷകൻ കൃപയുടെ ഒരു പുതിയ ഉടമ്പടി സ്ഥാപിക്കുകയും ആദാം നഷ്ടപ്പെടുത്തിയതെല്ലാം വീണ്ടെടുക്കുകയും ചെയ്യും (ഉല്പത്തി 3:15; ഗലാത്യർ 4:4-5).

ആദാം ചരിത്രത്തിൽ ജീവിച്ചിരുന്ന ഒരു മനുഷ്യനായിരുന്നു എന്നതും, അയാൾ ചെയ്ത പാപം യഥാർത്ഥമായിരുന്നു എന്നതും പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?

മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയായ തലവനായാണ് ദൈവം ആദാമിനെ കാണുന്നത്. അവൻ പാപം ചെയ്ത് വീണുപോയി; അന്നുമുതൽ മനുഷ്യവർഗ്ഗം മുഴുവൻ പാപികളായി കണക്കാക്കപ്പെടുകയും, അവന്റെ പാപസ്വഭാവം എല്ലാവരിലേക്കും പകരുകയും ചെയ്തു. എന്നാൽ, ആദാം "പഴയ" മനുഷ്യവർഗ്ഗത്തിന്റെ തലവനായതുപോലെ, ക്രിസ്തു "പുതിയ" മനുഷ്യവർഗ്ഗത്തിന്റെ തലവനാണ്. തന്നിൽ നമുക്ക് വിശുദ്ധരായി കണക്കാക്കപ്പെടാൻ കഴിയും *(റോമർ 5:12-21).*

എന്താണ് പാപം?

ദൈവവുമായി ബന്ധപ്പെടുത്തി വേണം ഇതിനെ കാണാൻ. ദൈവത്തിന്റെ ലക്ഷ്യത്തിൽ നിന്ന് തെറ്റിപ്പോകുന്നതും, ദൈവത്തിന്റെ നിയമം ലംഘിക്കുന്നതും, ദൈവം കല്പിച്ചത് ചെയ്യാതിരിക്കുന്നതും, ദൈവത്തിൽ വിശ്വാസമില്ലാതിരിക്കുന്നതുമാണ് പാപം *(റോമർ 3:23; 1 യോഹന്നാൻ 3:4; യാക്കോബ് 4:17; റോമർ 14:23).*

പാപം നമ്മിൽ താഴെ പറയുന്ന ഫലങ്ങൾ ഉളവാക്കുന്നു:

1) നാം ആത്മീയമായി മരിച്ചവരാണ്, അതിനാൽ ദൈവത്തോട് പ്രതികരിക്കാൻ നമുക്ക് കഴിയുന്നില്ല *(എഫെസ്യർ 2:1-3; റോമർ 8:5-8; യോഹന്നാൻ 6:44; 1 കൊരിന്ത്യർ 2:14).*
2) സ്വഭാവത്താൽ നാം പാപികളാണ്; നമുക്ക് പാപപൂർണ്ണമായ ഹൃദയമുണ്ട്, അതിനാൽ നാം പാപം ചെയ്യുന്നു *(യിരെമ്യാവ് 17:9; (മത്തായി 15:16-20).*
3) ആരെയും ഒഴിവാക്കാനാവാതെ നാം എല്ലാവരും പാപികളാണ് *(റോമർ 3:23).*

പാപം ഉളവാക്കുന്ന ഫലങ്ങൾ:

- പാപിയുടെ മേൽ ദൈവത്തിന്റെ കോപം *(യോഹന്നാൻ 3:36).*
- മരണം *(റോമർ 6:23).*
- നിത്യശിക്ഷ *(മത്തായി 25:46; (2 തെസ്സലൊനീക്യർ 1:7-10)).*

അതിനാൽ പാപം നാശവും കുറ്റബോധവും ന്യായവിധിയും മരണവും ഉളവാക്കുന്നു. നമ്മുടെ സ്വഭാവത്തിന്റെ എല്ലാ വശങ്ങളെയും അത് ബാധിക്കുന്നു. നമ്മുടെ ഏറ്റവും നല്ല പ്രവൃത്തികൾ പോലും പാപത്താൽ മലിനമാണ് (യെശയ്യാവ് 59:1-4, 64:6). ഇതിനെ ചിലപ്പോൾ "ആകമാനമായ അധഃപതനം" (total depravity) എന്ന് വിളിക്കാറുണ്ട്. ഇതിനർത്ഥം നമുക്ക് ആകാൻ കഴിയുന്നത്ര മോശപ്പെട്ടവരാണ് എന്നല്ല, മറിച്ച് നാം ചെയ്യുന്നതെല്ലാം പാപത്താൽ ഏതെങ്കിലും തരത്തിൽ മലിനീകരിക്കപ്പെട്ടിരിക്കുന്നു എന്നാണ്.

പാപത്തിൽ നാം നിസ്സഹായരും പ്രത്യാശയില്ലാത്തവരുമാണ്. നമുക്ക് രക്ഷ ലഭിക്കണമെങ്കിൽ ദൈവത്തിന്റെ സഹായം ആവശ്യമാണ്. നമുക്ക് ശക്തിയില്ല; നമ്മെ രക്ഷിക്കാൻ കഴിയുന്ന ദൈവത്തിന്റെ നന്മയിലും കരുണയിലും നാം പൂർണ്ണമായും ആശ്രയിക്കേണ്ടിയിരിക്കുന്നു *(മർക്കോസ് 10:26-27; റോമർ 5:6-8; (എഫെസ്യർ 2:1-10; എബ്രായർ 7:25)).*

നിങ്ങൾ ഒരു പാപിയാണെന്ന് തിരിച്ചറിഞ്ഞ് അതിൽ അസ്വസ്ഥനാകുന്നുവെങ്കിൽ, നിങ്ങൾ എന്തുചെയ്യണമെന്നാണ് ബൈബിൾ പറയുന്നതെന്ന് നോക്കുക *(2 കൊരിന്ത്യർ 7:10; അപ്പൊ. 16:29-31; (യോഹന്നാൻ 3:16-21)).*

ദൈവം നമ്മെ രക്ഷിച്ചിട്ടുണ്ടെങ്കിൽ, നാം എളിമയോടെ നന്ദിയുള്ളവരായിരിക്കണം. നമ്മെത്തന്നെ പ്രശംസിക്കാൻ ഒരു കാരണവുമില്ല *(1 കൊരിന്ത്യർ 1:27-31).*

ബാപ്റ്റിസ്റ്റ് വേദോപദേശത്തിൽ (Baptist Catechism) നിന്ന്

ദൈവം മനുഷ്യനെ പുരുഷനായും സ്ത്രീയായും തന്റെ സ്വരൂപത്തിൽ, അറിവിലും നീതിയിലും വിശുദ്ധിയിലും സൃഷ്ടിച്ചു; സകല സൃഷ്ടികൾക്കും മേൽ അധികാരം നൽകുകയും ചെയ്തു. (ചോദ്യം 13)

ചോദ്യങ്ങൾ

1) മനുഷ്യൻ തുടക്കത്തിൽ എങ്ങനെയാണ് സൃഷ്ടിക്കപ്പെട്ടത്? ഇന്ന് ജീവിതത്തിൽ ഇതിനുള്ള പ്രായോഗികമായ അർത്ഥങ്ങൾ എന്തൊക്കെയാണ്?
2) എന്താണ് പാപം? അത് മനുഷ്യവർഗ്ഗത്തെ എങ്ങനെയാണ് ബാധിച്ചത്?
3) പാപത്തിന് അടിമകളായതുകൊണ്ട് മനുഷ്യർക്ക് ദൈവത്തോട് അടുക്കാൻ മനസ്സില്ലാത്തവരും കഴിവില്ലാത്തവരുമാണെന്ന് ബൈബിൾ പറയുന്നു. അങ്ങനെയെങ്കിൽ, പാപികളോട് ക്രിസ്തുവിനെക്കുറിച്ച് പറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ? അവർ ചെയ്യുന്ന പാപത്തിന് അവർ തന്നെയാണോ യഥാർത്ഥത്തിൽ ഉത്തരവാദികൾ?

കൂടുതൽ പഠനത്തിനായി

- ✓ *മനുഷ്യനെക്കുറിച്ചുള്ള ക്രിസ്തീയ വീക്ഷണം (The Christian View of Man)* - ജെ. ഗ്രഷാം മാക്കൻ (ബാനർ ഓഫ് ട്രൂത്ത്)
- ✓ *വിശ്വസിക്കാൻ സന്നദ്ധരാകുക (Willing to Believe)* - ആർ. സി. സ്പ്രൗൾ (ബേക്കർ പ്രസിദ്ധീകരണശാല).

പഠനം 5: രക്ഷയിൽ ദൈവത്തിന്റെ പ്രവൃത്തി

ദൈവം പാപികളെ രക്ഷിക്കുന്നു' എന്ന ശൈലി , പാപത്തിൽ കുടുങ്ങിക്കിടക്കുന്നവരെ ദൈവം എങ്ങനെ രക്ഷിക്കുന്നു എന്നതിനെക്കുറിച്ചുള്ള ബൈബിളിന്റെ പഠനത്തിന്റെ സംഗ്രഹമാണ്. ദൈവം രക്ഷിക്കുന്നു. അവിടുന്ന് ക്രിസ്തുവിനെ അയച്ചു. അവിടുന്ന് മനുഷ്യരെ ക്രിസ്തുവിലേക്ക് വിളിക്കുന്നു. പാപികൾക്ക് രക്ഷപ്പെടാൻ ഒരു വഴി മാത്രം കാണിച്ചു തരികയാണ് അവിടുന്ന് ചെയ്തത്, മറിച്ച് അവിടുന്ന് യഥാർത്ഥത്തിൽ പുരുഷന്മാരെയും സ്ത്രീകളെയും രക്ഷിക്കുന്നു *(ഗലാത്യർ 4:3-7).*

കൃപയുടെ ഉടമ്പടി അനുസരിച്ചാണ് അവിടുന്ന് ഇത് ചെയ്യുന്നത്. ലോകസൃഷ്ടിപ്പിന് മുമ്പ് തന്നെ ഈ ഉടമ്പടി രൂപീകരിക്കുകയും സുവിശേഷത്തിലൂടെ അത് വെളിപ്പെടുത്തുകയും ചെയ്തു. രണ്ടാം ലണ്ടൻ ഏറ്റുപറച്ചിലിൽ (അധ്യായം 7, ഖണ്ഡിക 2) ഇതിനെ ഇങ്ങനെ വിശദീകരിക്കുന്നു: *"മനുഷ്യൻ തന്റെ വീഴ്ചയാൽ ന്യായപ്രമാണത്തിന്റെ ശാപത്തിൻ കീഴിലായപ്പോൾ, കർത്താവ് കൃപയുടെ ഒരു ഉടമ്പടി ഉണ്ടാക്കാൻ പ്രസാദിച്ചു. അതിലൂടെ യേശുക്രിസ്തു മുഖാന്തരം അവിടുന്ന് പാപികൾക്ക് ജീവനും രക്ഷയും സൗജന്യമായി വാഗ്ദാനം ചെയ്യുന്നു."* രക്ഷ മുഴുവനും ദൈവത്തിന്റെ പ്രവൃത്തിയാണെന്ന് ഇതിനർത്ഥം *(2 തിമൊഥെയൊസ് 1:8-9; യോനാ 2:9).*

ദൈവം എന്തിനാണ് രക്ഷിക്കുന്നത്?

പാപികളിൽ എന്തെങ്കിലും നന്മ കണ്ടതുകൊണ്ടോ, അവർ 'പ്രിയപ്പെട്ട സ്നേഹിക്കാൻ കൊള്ളാവുന്ന തെമ്മാടി ' ആയതുകൊണ്ടോ അല്ല ദൈവം അവരെ രക്ഷിക്കുന്നത്. നേരെമറിച്ച്, അവിടുന്ന് പാപികളോട് ദിനംപ്രതി കോപിക്കുന്നു; എല്ലാവരും സ്വഭാവത്താൽ പാപികളാണ് *(റോമർ 3:23; സങ്കീർത്തനം 7:11).*

മറിച്ച്, അവിടുന്ന് നല്ലവനും കരുണയുള്ളവനും സ്നേഹമുള്ളവനും കൃപയുള്ളവനുമായതുകൊണ്ടാണ് അവിടുന്ന് പാപികളെ രക്ഷിക്കുന്നത് *(യോഹന്നാൻ 3:16; തീത്തോസ് 2:11).* തന്റെ കൃപയുടെ മഹത്വത്തിനായി, താൻ മുൻ നിർണ്ണയം ചെയ്തവനു (ഉടമ്പടിയുടെ ദയയാൽ) രക്ഷിക്കാൻ അവിടുന്ന് തീരുമാനിച്ചു *(എഫെസ്യർ 1:4-6).*

ദൈവം രക്ഷിക്കാൻ പദ്ധതിയിട്ടാൽ, അവിടുന്ന് പരാജയപ്പെടുമോ?

കർത്താവു തിരഞ്ഞെടുത്ത ജനത്തോടുള്ള ഉടമ്പടിയുടെ സ്നേഹം ഉൾപ്പെടെ, ലോക സൃഷ്ടിപ്പിന് മുമ്പ് താൻ ചെയ്ത പദ്ധതികൾ നിറവേറ്റാൻ ദൈവത്തിന് ശക്തിയും നിശ്ചയദാർഢ്യവുമുണ്ട് *(എഫെസ്യർ 1:11; സങ്കീർത്തനം 33:11; (സങ്കീർത്തനം 135:6; തീത്തോസ് 1:1-3))*.

മനുഷ്യന്റെ സ്വതന്ത്ര ഇച്ഛാശക്തിയാൽ ദൈവത്തിന്റെ പദ്ധതികളിൽ മാറ്റം വരുമോ?

പാപി ആത്മീയമായി ശക്തിയില്ലാത്തവനാണെന്ന് തിരുവെഴുത്തുകൾ കാണിക്കുന്നു (ഉദാഹരണമായി : *യോഹന്നാൻ 6:44-45; (എഫെസ്യർ 2:1-10)*. താൻ ചെയ്യുന്ന കാര്യങ്ങൾക്ക് താൻ ഉത്തരവാദിയാണ്, എങ്കിലും അവന്റെ സ്വഭാവം പാപപൂർണ്ണമായതിനാൽ, ദൈവത്തെ എതിർക്കാനാണ് അവൻ ഇഷ്ടപ്പെടുന്നത് *(റോമർ 8:7-8)*. ദൈവത്തിന്റെ പരമാധികാര കൃപയാൽ ലഭിക്കുന്ന പുതിയൊരു സ്വഭാവമാണ് അവന്റെ ഏക പ്രത്യാശ *(എഫെസ്യർ 2:12-13; 2 കൊരിന്ത്യർ 5:17)*.

ദൈവം എങ്ങനെയാണ് രക്ഷിക്കുന്നത്?

കൃപയുടെ ഉടമ്പടി പ്രകാരം, ക്രിസ്തുവിൽ രക്ഷിക്കപ്പെടാൻ ചിലരെ അവിടുന്ന് മുൻകൂട്ടി നിശ്ചയിക്കുന്നു (മുൻ നിശ്ചയിച്ചിരിക്കുന്നു) *(1 പത്രൊസ് 1:2; റോമർ 8:28-30; (യോഹന്നാൻ 17:4-12; എഫെസ്യർ 1:5-11)*.

ദൈവത്തിന് ആരെയും രക്ഷിക്കണ്ട എന്ന് തീരുമാനിക്കാമായിരുന്നു, അല്ലെങ്കിൽ എല്ലാവരെയും രക്ഷിക്കാൻ തീരുമാനിക്കാമായിരുന്നു. കാരണം, രക്ഷ അർഹിക്കുന്നവരായി ആരും തന്നെയില്ല. നേരെമറിച്ച്, എല്ലാ പാപികളും ദൈവത്തെ നിരസിക്കാനാണ് തിരഞ്ഞെടുക്കുന്നത്. കൃപയുള്ളതുകൊണ്ട് മാത്രമാണ് ആരെങ്കിലും അവിടുത്തെ ഫലപ്രദമായി വിളിക്കപ്പെടുന്നത് *(2 തെസ്സലൊനീക്യർ 2:13-14; 1 പത്രൊസ് 2:7-10; മത്തായി 11:27; (1 തെസ്സലൊനീക്യർ 1:4, 5:9; മത്തായി 24:22-24, 31))*.

രക്ഷ ദൈവത്തിന്റെ ഇഷ്ടപ്രകാരമുള്ള സ്നേഹമാണ്; ആര് വിശ്വസിക്കുമെന്ന് മുൻകൂട്ടി കണ്ട് അവരെ രക്ഷിക്കുകയല്ല അവിടുന്ന് ചെയ്തത്. *(റോമർ 9:6-24; (കൂടാതെ റോമർ 10:20; റോമർ 11:5-6) നോക്കുക)*.

ദൈവവുമായി ഉടമ്പടി കൂട്ടായ്മയിലേക്ക് ഒരു വ്യക്തിയെ കൊണ്ടുവരുന്ന

ക്രിസ്തുവിലുള്ള വിശ്വാസം പോലും പിതാവ് തന്റെ മക്കൾക്ക് നൽകുന്ന കൃപയുടെ ദാനമാണ് (അപ്പൊ 13:48; ഫിലിപ്പിയർ 1:29). വിശ്വാസം ഉളവാക്കുന്ന സൽപ്രവൃത്തികളും പരമാധികാര കൃപയാലാണ് അനുഭവമാകുന്നത് *(എഫെസ്യർ 2:8-10).*

ഈ സത്യത്തോടുള്ള ശരിയായ പ്രതികരണം എന്താണ്?

അത്ഭുതം, എളിമ, ആശ്രയം, സ്നേഹം, നന്ദി, സ്തുതി എന്നിവയാണ് ഇതിനുള്ള ശരിയായ പ്രതികരണം *(റോമർ 11:33-36, 1 കൊരിന്ത്യർ 1:26-31). ഇത് രക്ഷയെക്കുറിച്ചുള്ള ഉറപ്പും നൽകുന്നു (ഫിലിപ്പിയർ 1:6, എഫെസ്യർ 1:13-14).*

അതിനാൽ, രക്ഷ ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെ അടിസ്ഥാനമാക്കിയുള്ളതാണ്; അത് ദൈവത്തിന്റെ പരമാധികാര കൃപയെ ആശ്രയിച്ചിരിക്കുന്നു. രക്ഷിക്കപ്പെടണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് മനുഷ്യന്റെ ഇഷ്ടമല്ല, അന്തിമമായി അത് ദൈവത്തിന്റെ ഇഷ്ടമാണ്. ദൈവത്തിന്റെ കരുണയ്ക്കായി എളിമയോടെ അവിടുത്തെ ആശ്രയിക്കുക എന്നതാണ് ഇതിനുള്ള ഒരേയൊരു ശരിയായ പ്രതികരണം .

പലപ്പോഴും ഉയർന്നുവരാറുള്ള ചില ഏതിർപ്പുകൾ :

1. മനുഷ്യൻ ഒരു യന്ത്രമനുഷ്യനെപ്പോലെ മുൻകൂട്ടി സജ്ജീകരണം ചെയ്യപ്പെട്ടവനാണോ?

അല്ല, താൻ തിരഞ്ഞെടുക്കുന്ന കാര്യങ്ങൾക്ക് മനുഷ്യൻ ഉത്തരവാദിയാണ്. തന്റെ സ്വഭാവം കാരണം, ദൈവത്തിന്റെ സേവനത്തേക്കാൾ പാപത്തിന്റെ അടിമത്തം അവൻ ഇഷ്ടത്തോടെ തിരഞ്ഞെടുക്കുന്നു. ദൈവം ഒരിക്കലും ഒരു പാപിയെ പാപം ചെയ്യാൻ നിർബന്ധിക്കുന്നില്ല *(യോഹന്നാൻ 8:34; (റോമർ 6:16-23)).*

2. പിന്നെ എന്ത് പ്രത്യാശയാണുള്ളത് – ആർക്ക് രക്ഷപ്രാപിക്കാൻ കഴിയും?

ദൈവം തന്റെ കരുണയാൽ പാപികളെ വിളിക്കുകയും, പുതു ജീവൻ നൽകി അവരുടെ മനസ്സിനെ സ്വതന്ത്രമാക്കുകയും ചെയ്തില്ലെങ്കിൽ അവർ രക്ഷയെ അന്വേഷിക്കില്ല. എന്നാൽ ദൈവം ഇത് ചെയ്യുമ്പോൾ അവർക്ക് സ്വന്ത ഇഷ്ട പ്രകാരം ക്രിസ്തുവിങ്കലേക്ക് വരാൻ കഴിയുന്നു *(യോഹന്നാൻ 6:36-45; (യോഹന്നാൻ 3:1-15)).*

3. "ആർക്കും വരാം" എന്ന് ബൈബിളിൽ പറഞ്ഞിട്ടില്ലേ?

അത് സത്യമാണ്. ആരെങ്കിലും വരാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവന് ക്രിസ്തുവിങ്കലേക്ക് വരാം; ക്രിസ്തു അവനെ തള്ളിക്കളയുകയില്ല (യോഹന്നാൻ 6:37; യോഹന്നാൻ 3:16). അനുതപിക്കേണ്ടത് എല്ലാവരുടെയും കടമയുമാണ് *(അപ്പൊ. 17:30).* എങ്കിലും, നാം തന്നെ വരികയോ വിശ്വസിക്കുകയോ ചെയ്യില്ല, കാരണം ആരും ദൈവത്തെ അന്വേഷിക്കുന്നില്ല *(റോമർ 3:9-18).*

4. ഒരു അവിശ്വാസി എന്തുചെയ്യണം: തിരഞ്ഞെടുക്കപ്പെടാൻ കാത്തിരിക്കണോ അതോ ഇപ്പോൾ ക്രിസ്തുവിങ്കലേക്ക് വരണോ?

അവൻ ഇപ്പോൾ തന്നെ ക്രിസ്തുവിങ്കലേക്ക് വരണം. അവന് കഴിയില്ലെന്ന് തോന്നുന്നുവെങ്കിൽ, വരാൻ കഴിയുന്നതിനായി പരിശുദ്ധാത്മാവിന്റെ കൃപയ്ക്കായി അവൻ അപേക്ഷിക്കണം *(മത്തായി 11:28; 2 കൊരിന്ത്യർ 6:2; റോമർ 8:9-11).*

5. നാം എല്ലാവരോടും സുവിശേഷം പ്രസംഗിക്കണോ?

അതെ. തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള രക്ഷയും, അത് സാധ്യമാക്കുന്ന മാർഗ്ഗവും *(സുവിശേഷ പ്രസംഗം)* ദൈവം നിശ്ചയിച്ചിട്ടുണ്ട്. *റോമർ 10:8-17* വരെ പൗലോസ് സുവിശേഷകരെ അയക്കുന്നതിനെക്കുറിച്ച് പറയുന്നതും, *മത്തായി 28:18-20*-ൽ ക്രിസ്തു നൽകിയ ദൗത്യവും കാണുക.

രണ്ടാം വിശ്വാസ ഏറ്റുപറച്ചിലിൽ നിന്ന്

മുൻനിർണ്ണയത്തെക്കുറിച്ചുള്ള ഈ ഉന്നതമായ മർമ്മം വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതാണ്. ദൈവത്തിന്റെ വചനം കേൾക്കുകയും അത് അനുസരിക്കുകയും ചെയ്യുന്നവർക്ക് തങ്ങളുടെ നിത്യമായ തിരഞ്ഞെടുപ്പിനെക്കുറിച്ച് ഉറപ്പുണ്ടാകും. ഈ ഉപദേശം ദൈവത്തെ സ്തുതിക്കാനും ഭയപ്പെടാനും, ദൈവത്തെ ആരാധിക്കാനും, എളിമയോടെയിരിക്കാനും, സുവിശേഷത്തെ അനുസരിക്കുന്നവർക്ക് വലിയ ആശ്വാസം നൽകാനും കാരണമാകും. (2LCF അധ്യായം 3, ഖണ്ഡിക 7).

ചോദ്യങ്ങൾ

1) പാപികളെ രക്ഷയ്ക്കായി തിരഞ്ഞെടുക്കുന്നതിൽ ദൈവത്തിന്റെ പരമാധികാരത്തെക്കുറിച്ചുള്ള സത്യം, വിശ്വസിക്കുന്ന എല്ലാവർക്കും വലിയ ആശ്വാസമാകുന്നത് എങ്ങനെ എന്ന് വിശദീകരിക്കുക.

2) ദൈവത്തിന്റെ പരമാധികാര തിരഞ്ഞെടുപ്പിനെയും, മനുഷ്യന്റെ ഉത്തരവാദിത്തത്തെയും നിങ്ങൾ എങ്ങനെ വിശദീകരിക്കും? സഹായത്തിനായി ഈ വാക്യങ്ങൾ നോക്കുക: *യെഹെസ്കേൽ 18:30-32; യോഹന്നാൻ 6:37-40, 43-48, 60-65.*
3) ഒരു സുഹൃത്ത് ചോദിച്ചാൽ, "എനിക്ക് എങ്ങനെ രക്ഷപ്പെടാൻ കഴിയും?", നിങ്ങൾ എന്ത് മറുപടി പറയും?

കൂടുതൽ പഠനത്തിനായി

- ✓ *ദൈവത്തിന്റെ പരമാധികാരം (The Sovereignty of God)* - ആർതർ ഡബ്ല്യു. പിങ്ക് *(സത്യത്തിന്റെ കൊടി)*
- ✓ *നിവർത്തിക്കപ്പെട്ടതും പ്രാവർത്തികമാക്കപ്പെട്ടതുമായ രക്ഷ (Redemption Accomplished and Applied)* - ജോൺ മുറെ *(സത്യത്തിന്റെ കൊടി)*

പഠനം 6: ക്രിസ്തുവിന്റെ മരണവും ഉയിർപ്പും

ഈ രണ്ട് ചരിത്ര സംഭവങ്ങൾ ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയാണ്. പഴയനിയമ എഴുത്തുകാരും ക്രിസ്തുവും തന്നെ ഇത് മുൻകൂട്ടി പറഞ്ഞിരുന്നു *(യെശയ്യാവ് 53; മർക്കോസ് 8:31-32).*

പിതാവായ ദൈവം ക്രിസ്തുവിനെ അയക്കാൻ കാരണമെന്ത്?

തന്റെ ജനത്തെ രക്ഷിക്കുവാനും, തന്റെ പ്രസാദപ്രകാരവും, തന്റെ മഹത്വത്തിനായും, തന്റെ ഉടമ്പടി സ്നേഹത്താലും കൃപയുള്ള ഉദ്ദേശ്യത്താലും ദൈവം ക്രിസ്തുവിനെ അയച്ചു *(കൊലൊസ്സ്യർ 1:19-20; 1 തിമൊഥെയൊസ് 1:14-17).*

ക്രിസ്തുവിന്റെ മരണം ആവശ്യമായിരുന്നത് എന്തുകൊണ്ട്?

1. ദൈവം പാപത്തെ വെറുക്കുന്നു. പാപം ദൈവത്തിന്റെ നീതിയുള്ള കോപം വരുത്തിവെക്കുന്നു *(റോമർ 1:18; സങ്കീർത്തനം 7:11).*
2. പാപം എപ്പോഴും മരണത്തിലേക്ക് നയിക്കുന്നു എന്ന് ദൈവം പ്രഖ്യാപിക്കുന്നു *(ഉല്പത്തി 2:17; റോമർ 6:23).*
3. തന്റെ ഉടമ്പടി പ്രകാരം, തന്റെ ജനത്തിന്റെ പാപങ്ങൾക്കായി രക്തം ചൊരിഞ്ഞുകൊണ്ടുള്ള ഒരു യാഗം അർപ്പിക്കുമ്പോൾ മാത്രമേ ദൈവം അവരോട് ക്ഷമിക്കുകയുള്ളൂ *(എബ്രായർ 9:19-24; ലേവ്യപുസ്തകം 17:11).*

ക്രൂശിലെ ക്രിസ്തുവിന്റെ മരണം എന്താണ് സാധിച്ചത്?

- ***പാപത്തിനു പ്രായശ്ചിത്തം (Propitiation):*** *റോമർ 3:25.* താൻ ആർക്കുവേണ്ടി മരിച്ചുവോ അവരുടെമേലുള്ള ദൈവത്തിന്റെ കോപത്തെ ക്രിസ്തുവിന്റെ യാഗമരണം നീക്കിക്കളഞ്ഞു. "ദൈവം അവനെ തന്റെ രക്തം മൂലം വിശ്വാസം വഴിയുള്ള പാപനിവൃത്തിയായി പരസ്യമായി നിർത്തി" (റോമർ 3:25). *(1 യോഹന്നാൻ 2:2, 1 യോഹന്നാൻ 4:10).*
- ***പകരക്കാരൻ (Substitution):*** യേശുവിന്റെ മരണം ഒരു പകരമുള്ള യാഗമായിരുന്നു, അത് പാപത്തിന് പരിഹാരം വരുത്തി. പാപികളെ ദൈവത്തിലേക്ക് അടുപ്പിക്കാൻ അവിടുന്ന് അവർക്ക് പകരം മരിച്ചു. അങ്ങനെ ദൈവം പാപികളുമായി ചേർന്ന്, ബന്ധം പുതുക്കി. *ലേവ്യപുസ്തകം 1:4-ൽ,* പാപിക്ക് പകരം ദൈവം ഒരു മൃഗത്തിന്റെ യാഗം സ്വീകരിക്കുന്നു. ദൈവജനത്തിന്റെ പാപങ്ങൾ ക്രിസ്തുവിന്റെ മേൽ ചുമത്തുമെന്ന് പഴയനിയമം മുൻകൂട്ടി പറഞ്ഞു (യെശയ്യാവ് 53:6). ഇത് പുതിയനിയമത്തിൽ

നിറവേറി *(യോഹന്നാൻ 1:29; 1 പത്രോസ് 2:24; എബ്രായർ 9:28).*

- **നിരപ്പ് (Reconciliation):** മത്സരിക്കുന്ന പാപി താൻ ശത്രുതയിലായിരുന്ന ദൈവവുമായി നിരപ്പിലാകുന്നു. ക്രിസ്തുവിന്റെ മരണത്തിലൂടെ ദൈവവുമായുള്ള കൂട്ടായ്മ പുതുക്കപ്പെടുന്നു *(2 കൊരിന്ത്യർ 5:18-21; (എഫെസ്യർ 2:16; റോമർ 5:6-11)).*
- ***വീണ്ടെടുപ്പ് (Redemption):*** അടിമത്തത്തിലുള്ള ഒരാളെ മോചിപ്പിക്കാൻ വില നൽകുന്നവനാണ് വീണ്ടെടുപ്പുകാരൻ. താൻ പലർക്കും വേണ്ടി തന്റെ ജീവനെ മറുവിലയായി നൽകാൻ വന്നു എന്ന് യേശു പറഞ്ഞു *(മർക്കോസ് 10:45; (എഫെസ്യർ 1:7; റോമർ 3:24)).*

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ പാപത്തിന്റെ കുറ്റബോധത്തിൽ നിന്നും അധികാരത്തിൽ നിന്നും മോചിപ്പിക്കാൻ വില നൽകപ്പെട്ടു *(റോമർ 8:1-3; (ഗലാത്യർ 4:4-5; ഗലാത്യർ 3:13)).* ദൈവത്തിന്റെ ഉദ്ദേശ്യം പരാജയപ്പെടുമോ? വില മുഴുവനായി നൽകപ്പെട്ടുവെങ്കിൽ, പിന്നെ ആർക്ക് കൂടുതൽ വില ആവശ്യപ്പെടാൻ കഴിയും? *(റോമർ 8:31-34).*

തന്റെ ജനത്തിന്റെ പാപങ്ങൾക്ക് ക്രിസ്തുവിന്റെ മരണം എങ്ങനെ മതിയാകുന്നു ?

1. ക്രിസ്തു ദൈവപുത്രനാണ്. ദൈവത്തിന്റെ രണ്ടാമത്തെ വ്യക്തിത്വമാണ് അവിടുന്ന്. പിതാവിന് തുല്യമായ താദാത്മ്യ മഹത്വവും അവിടുത്തേക്കുണ്ട്. ദൈവമെന്ന നിലയിൽ അവിടുന്ന് അനന്തമായ മൂല്യമുള്ളവനും പരിശുദ്ധനും പരമാധികാരിയുമാണ്. അവിടുത്തെ നിലനിൽപ്പ് അവിടുന്ന് തന്നെയാകുന്നു; അവിടുന്ന് ആർക്കും ഒന്നും കടപ്പെട്ടിട്ടില്ല. ഇതിനർത്ഥം, ദൈവ-മനുഷ്യൻ എന്ന നിലയിൽ അവിടുന്ന് ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും അളവില്ലാത്ത വിലയുണ്ട് *(ഫിലിപ്പിയർ 2:6-11; എബ്രായർ 1:1-4).*
2. അവിടുന്ന് പാപമില്ലാത്ത, പൂർണ്ണനായ മഹാപുരോഹിതനാണ്. അതുകൊണ്ട് ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള ഏറ്റവും അനുയോജ്യനായ മദ്ധ്യസ്ഥൻ അവിടുമാണ് *(എബ്രായർ 9:11-14; എബ്രായർ 7:23-28; 1 തിമൊഥെയൊസ് 2:5).*
3. അവിടുന്ന് ദൈവത്തിന്റെ നിയമം പൂർണ്ണമായി അനുസരിച്ചു *(ഗലാത്യർ 4:4).* അതുവഴി അവിടുന്ന് ജീവൻ നേടാൻ അർഹനായി *(മത്തായി 19:17).*
4. പിന്നീട്, തന്റെ പാപികളായ ജനത്തിന് വേണ്ടി അവിടുന്ന് ശിക്ഷ

ഏറ്റുവാങ്ങി, ക്രൂശിൽ മരിച്ചുകൊണ്ട് ആ വില കൊടുത്തുതീർത്തു(ഗലാത്യർ 3:13, കൊലൊസ്സ്യർ 2:13-15).

5. അങ്ങനെ, തന്റെ പാപികളായ ജനത്തിനായി അവിടുന്ന് നിത്യജീവൻ വിലയ്ക്കു വാങ്ങി *(റോമർ 10:4; യോഹന്നാൻ 17:3).*

ക്രിസ്തു മരിച്ചതിന്നാൽ എല്ലാവരുടെയും രക്ഷ അവിടുന്ന് പൂർത്തിയാക്കി. മറുവില അവിടുന്ന് പൂർണ്ണമായി കൊടുത്തുതീർത്തു. ഇനി ഒരു വിലയും നൽകാനില്ല. പാപപരിഹാരം, പകരക്കാരൻ, വീണ്ടെടുപ്പ് തുടങ്ങിയ ബൈബിളിലെ വാക്കുകൾ അവിടുത്തെ രക്ഷയുടെ പൂർണ്ണതയെ കാണിക്കുന്നു *(റോമർ 5:10, 18-19: (റോമർ 8:31-32 എബ്രായർ 9:12: യോഹന്നാൻ 17:21).*

ക്രിസ്തുവിന്റെ മരണം അതിന്റ ലക്ഷ്യം പൂർണ്ണമായി കൈവരിക്കുന്നു. അവിടുന്ന് തന്റെ ജനത്തെ രക്ഷിക്കാൻ പൂർണ്ണമായും മതിയായവനാണ്. നിങ്ങൾ രക്ഷിക്കപ്പെട്ടവനാണോ? നിങ്ങളെപ്പോലെയുള്ള പാപികളെ രക്ഷിക്കാനാണ് ക്രിസ്തു മരിച്ചത്. അവിടുന്ന് ഇപ്പോൾ തന്നെ നിങ്ങളെ സ്വീകരിക്കാൻ തയ്യാറാണ് *(1 തിമൊ 1:12-15; (മത്തായി 1:21; യോഹന്നാൻ 10:11; വെളിപ്പാട് 5:9)).*

ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്

യേശുക്രിസ്തു മരിച്ചു, ശരീരം കല്ലറയിൽ അടക്കം ചെയ്തു. മരിച്ച അതേ ശരീരം തന്നെ ഉയിർത്തെഴുന്നേറ്റ് കല്ലറയിൽ നിന്ന് പുറത്തുവന്നു. മരിച്ചപ്പോൾ ആത്മാവിൽ നിന്ന് വേർപിരിഞ്ഞ അതേ ഭൗതിക ശരീരം തന്നെയാണ് ഉയിർപ്പിനുശേഷം വീണ്ടും ഒന്നിച്ചത്. അവിടുന്ന് മഹത്വീകരിക്കപ്പെട്ടുവെങ്കിലും, അത് പഴയ അതേ ഭൗതിക സ്വഭാവം തന്നെയായിരുന്നു. മരിച്ച അതേ യേശു തന്നെയാണ് ഉയിർത്തെഴുന്നേറ്റത് *(ലൂക്കൊസ് 24:1-8, 36-48; 1 കൊരിന്ത്യർ 15:1-8).*

1 കൊരിന്ത്യർ 15:1-8-ൽ പൗലോസ് പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

- തിരുവെഴുത്ത്
- ചരിത്രപരമായ തെളിവുകൾ
- സാക്ഷികൾ
- സ്വന്തം അനുഭവം

ഉയിർപ്പിന്റെ പ്രാധാന്യം എന്താണ്?

- ക്രിസ്തു താൻ പ്രസ്താവിച്ചത് പോലെ തന്നെയാണെന്നും താൻ പ്രവർത്തിക്കുവാൻ വന്ന കാര്യങ്ങൾ അവിടുന്ന് പൂർത്തിയാക്കിയെന്നും ഇത് നമ്മോട് പറയുന്നു (റോമർ 1:4; റോമർ 4:25 ; അപ്പൊ 2: 24-26).

- *ക്രിസ്തുവുമായുള്ള ബന്ധത്തിൽ ക്രിസ്ത്യാനിക്ക് എന്ത് സംഭവിക്കുന്നു എന്ന് മരണത്തിന്റെയും -ഉയിർപ്പിന്റെയും ക്രമം വെളിപ്പെടുത്തുന്നത് (റോമർ 6:1-9; 1 കൊരി 15:20-25 ; എഫേ 1: 18-20;1 കൊരി 6:14).*
- ക്രിസ്തുവിനെപ്പോലെ ഒരു ദിവസം നമുക്കും ഉയിർത്തെഴുന്നേറ്റ ശരീരം ലഭിക്കുമെന്ന് ഇത് ക്രിസ്ത്യാനികൾക്ക് ഉറപ്പുനൽകുന്നു. ഇത് നമുക്ക് പ്രത്യാശയും മഹത്വത്തെക്കുറിച്ചുള്ള ഉറപ്പും നൽകുന്നു *(ഫിലിപ്പിയർ 3:20-21; 1 പത്രൊസ് 1:3).*

ഉയിർപ്പിന് ശേഷം ക്രിസ്തു ശരീരം ധരിച്ചുകൊണ്ട് സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു. അന്ത്യനാളിൽ മഹത്വത്തോടെ മടങ്ങിവരുന്നതു വരെ അവിടുന്ന് തന്റെ ജനത്തിനായി പ്രവാചകൻ, പുരോഹിതൻ, രാജാവ് എന്നീ നിലകളിൽ അവിടെ ശുശ്രൂഷ ചെയ്യുന്നു*(അപ്പൊ. 1:4-11; എബ്രായർ 1:1-4; യോഹ 14:25-26; എബ്രാ 9:24-26; ഫിലി 2:9-11).*

രണ്ടാം വിശ്വാസ ഏറ്റുപറച്ചിലിൽ നിന്ന്

കർത്താവായ യേശു, തന്റെ പൂർണ്ണമായ അനുസരണത്താലും നിത്യമായ ആത്മാവിനാൽ ദൈവത്തിന് അർപ്പിച്ച യാഗത്താലും, ദൈവത്തിന്റെ നീതിയെ പൂർണ്ണമായി തൃപ്തിപ്പെടുത്തി. അവിടുന്ന് അനുരഞ്ജനം വരുത്തുകയും, പിതാവ് തനിക്ക് നൽകിയ എല്ലാവർക്കും വേണ്ടി സ്വർഗ്ഗരാജ്യത്തിൽ നിത്യമായ അവകാശം വിലയ്ക്കു വാങ്ങുകയും ചെയ്തു (2LCF (രണ്ടാം വിശ്വാസ ഏറ്റുപറച്ചിലിൽ നിന്ന്) അധ്യായം 8, ഖണ്ഡിക 5).

ചോദ്യങ്ങൾ

1. ക്രൂശിൽ എന്ത് സംഭവിച്ചു? അത് നിങ്ങൾക്ക് എപ്രകാരം പ്രയോജനകരമായി?
2. ക്രിസ്തു ശാരീരികമായി ഉയിർത്തെഴുന്നേറ്റു എന്നതിന് എന്തൊക്കെ തെളിവുകളുണ്ട്?
3. ജീവനുള്ള ഒരു രക്ഷകൻ നിങ്ങൾക്ക് പ്രധാനമായിരിക്കുന്നത് എന്തുകൊണ്ട്?

കൂടുതൽ പഠനത്തിനായി

- ✓ *അവർ അവനെ ക്രൂശിച്ചു (And They Crucified Him)* - അലൻ എബനേസർ (ഇവാഞ്ചലിക്കൽ പ്രസ്)
- ✓ *കുരിശ്, രക്ഷയിലേക്കുള്ള ദൈവത്തിന്റെ വഴി (The Cross, God's Way of Salvation)* ഡി. മാർട്ടിൻ ലോയ്ഡ്-ജോൺസ് (ഗുഡ് ന്യൂസ് പബ്ലിഷേഴ്സ്)

പഠനം 7: പരിശുദ്ധാത്മാവ്: അവിടുത്തെ ആളത്വവും പ്രവർത്തിയും

‘**പ**രിശുദ്ധാത്മാവ്’ എന്ന വാക്ക് കേൾക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ എന്താണ് വരുന്നത്? സത്യസന്ധമായി ചിന്തിക്കുക; മറയില്ലാത്ത നിങ്ങളുടെ ചിന്തകൾ പരിശോധിക്കുക. പരിശുദ്ധാത്മാവിന്റെ വ്യക്തിത്വത്തെയും പ്രവൃത്തിയെയും കുറിച്ച് വലിയ ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നുണ്ട്. നമ്മുടെ സ്വന്തം അറിവുകൾ പൂർണ്ണമല്ലായിരിക്കാം, അതിനാൽ ബൈബിൾ യഥാർത്ഥത്തിൽ എന്താണ് പഠിപ്പിക്കുന്നത് എന്ന് നമുക്ക് പരിശോധിക്കേണ്ടതുണ്ട്.

പരിശുദ്ധാത്മാവ് ഒരു ആളത്വമാണ്

അവിടുന്ന് ദൈവമാണ്, ത്രിത്വത്തിലെ മൂന്നാമത്തെ ആളാണ്. പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന അവിടുന്ന് താദാത്മ്യത്തിലും സ്വഭാവത്തിലും അവരോട് തുല്യനാണ്. ദൈവീകമായ ഒരു ശക്തിയോ ഊർജ്ജമോ മാത്രമല്ല അവിടുന്ന്. ഇതിനുള്ള വേദപുസ്തക തെളിവുകൾ പരിശോധിക്കുക:

1) അവിടുന്ന് ഒരു ആളത്വമായിട്ടാണ് പരാമർശിക്കപ്പെടുന്നത് *(യോഹന്നാൻ 15:26; (യോഹന്നാൻ 16:13-15; എബ്രായർ 3:7)).*
2) മറ്റുള്ളവരുടെ പ്രവൃത്തികളാൽ അവിടുന്ന് സ്വാധീനിക്കപ്പെടുന്നു *(അപ്പൊ. 5:3; എഫെസ്യർ 4:30).*
3) ഒരു വ്യക്തിക്ക് ചേർന്ന കാര്യങ്ങൾ അവിടുന്ന് ചെയ്യുന്നു *(ലൂക്കൊസ് 12:12; (ഉല്പത്തി 1:2-3; യോഹന്നാൻ 16:13)).*
4) മറ്റ് ആളത്വങ്ങളോട് ചേർത്താണ് അവിടുത്തെ നാമം പരാമർശിക്കുന്നത് *(യോഹന്നാൻ 16:14).*
5) അവിടുത്തേക്ക് വ്യക്തിപരമായ സ്വഭാവവിശേഷങ്ങളുണ്ട് *(1 കൊരിന്ത്യർ 2:10-11).*
6) അവിടുത്തെ ശക്തിയിൽ നിന്ന് തന്നെ വേർതിരിച്ചാണ് കാണുന്നത് *(ലൂക്കൊസ് 4:14).*

പരിശുദ്ധാത്മാവ് ദൈവത്വമുള്ള ആളത്വമാണ്

1. അവിടുന്ന് ദൈവമായിട്ടാണ് പരാമർശിക്കപ്പെടുന്നത് *(1 കൊരിന്ത്യർ 3:16, 12:3; (അപ്പൊ 5:3-4)).*
2. ദൈവീകമായ പ്രവൃത്തികൾ തന്നോടു ചേർത്ത് പറയപ്പെടുന്നു *(ഇയ്യോബ് 33:4; (റോമർ 8:26)).*
3. പിതാവിനോടും പുത്രനോടും ചേർന്ന് ദൈവീക സ്വഭാവത്തിന്റെ എല്ലാ

പൂർണ്ണതകളും അവിടുത്തേക്കുണ്ട്. അവിടുന്ന് നിത്യനാണ് (എബ്രായർ 9:14); സർവ്വവ്യാപിയാണ് (സങ്കീർത്തനം 139:7); സർവ്വജ്ഞാനിയാണ് (യെശയ്യാവ് 40:12-14); സർവ്വശക്തനാണ് - അസാധ്യമായത് ചെയ്യാൻ കഴിയുന്നവൻ (ലൂക്കൊസ് 1:35).

4. ത്രിത്വത്തിലെ മറ്റ് ആളത്വങ്ങളായി അവിടുന്ന് അടുത്തു ബന്ധപ്പെട്ടിരിക്കുന്നു *മത്തായി 3:16-17; മത്തായി 28:19; 2 കൊരിന്ത്യർ 13:14; (1 പത്രൊസ് 1:2; എഫെസ്യർ 2:18, 3:14-19, 4:4-6)).*

പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു

അവിടുന്ന് ഒരാളിൽ നിന്ന് മാത്രമായല്ല, പിതാവും പുത്രനും എന്നീ രണ്ട് ആളത്വങ്ങളിൽ നിന്നുമാണ് പുറപ്പെടുന്നത് *(യോഹന്നാൻ 15:26; റോമർ 8:9; ഗലാത്യർ 4:6).*

അത്തനോസ്യ വിശ്വാസപ്രമാണം ഇങ്ങനെ പറയുന്നു: "പരിശുദ്ധാത്മാവ് നിർമ്മിക്കപ്പെട്ടതല്ല, സൃഷ്ടിക്കപ്പെട്ടതല്ല, ജനിച്ചതുമല്ല; പിതാവിൽ നിന്നും പുത്രനിൽ നിന്നും അവിടുന്ന് പുറപ്പെടുന്നു... ഈ ത്രിത്വത്തിൽ മുമ്പോ, പിമ്പോ എന്നില്ല വലുപ്പച്ചെറുപ്പമില്ല; മൂന്ന് ആളത്വങ്ങൾ നിത്യത മുതൽ ഒരുപോലെ തുല്യരാണ്."

പരിശുദ്ധാത്മാവിന്റെ പ്രവൃത്തി

1) വിശ്വാസികൾക്കായി ക്രിസ്തു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു *(യോഹന്നാൻ 14:16-18, 25-26; (15:26, 16:7)).*
2) പെന്തെക്കൊസ്തു നാളിൽ വാഗ്ദാനം ചെയ്തതുപോലെ അവിടുന്ന് പ്രത്യേകമായി ഈ ലോകത്തിലേക്ക് അയക്കപ്പെട്ടു *(അപ്പൊ. 1:4-5, 8, 2:1-4).*
3) ത്രിത്വത്തിന്റെ പശ്ചാത്തലത്തിലാണ് അവിടുത്തെ പ്രവൃത്തി ബൈബിളിൽ നിന്നും മനസ്സിലാക്കേണ്ടത്: പിതാവ് ആസൂത്രണം ചെയ്യുന്നു, പുത്രൻ ആ പദ്ധതി നടപ്പിലാക്കുന്നു, പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ പ്രവൃത്തിയെ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നു. ദൈവം ഏകനായതുകൊണ്ട്, ഓരോ ഘട്ടത്തിലും ഈ മൂന്ന് ആളത്വങ്ങളും പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്നു *(റോമർ 8:9-11).*

പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയുടെ ഭാവങ്ങൾ

- സൃഷ്ടി: *ഉല്പത്തി 1:1-3.*
- തിരുവെഴുത്തുകളുടെ ദൈവശ്വാസീയത : *2 തിമൊഥെയൊസ് 3:15-17;*

(2 പത്രോസ് 1:19-21; യോഹന്നാൻ 16:13).

- *ക്രിസ്തുവിന് സാക്ഷ്യം വഹിക്കുകയും അവിടുത്തെ മഹത്വപ്പെടുത്തുകയും ചെയ്യുക: യോഹന്നാൻ 16:12-15.*
- *ഭൂമിയിലെ ശുശ്രൂഷയിൽ ക്രിസ്തുവിനെ ശക്തനാക്കുക: ലൂക്കൊസ് 1:35; മത്തായി 3:16, 4:1, 12:28; (ലൂക്കൊസ് 4:14, 18; യോഹന്നാൻ 3:34).*

- വിശ്വാസിയിലെ പ്രവൃത്തി:

  - പുതിയ ജനനം നൽകുന്നു: *(യോഹന്നാൻ 3:1-8; (1 കൊരിന്ത്യർ 12:13; എഫെസ്യർ 1:14)).*
  - പരിജ്ഞാനം നൽകുന്നു: *(1 കൊരിന്ത്യർ 2:4; (യോഹന്നാൻ 14:26, 15:26)).*
  - വിശുദ്ധിയുടെ ഫലം പുറപ്പെടുവിക്കുന്നു: *(ഗലാത്യർ 5:22-26; 1 പത്രോസ് 1:2).*
  - ആരാധിക്കാൻ സഹായിക്കുന്നു: *(എഫെസ്യർ 5:18-20).*
  - സഭയെ കെട്ടിപ്പടുക്കാൻ വരങ്ങൾ നൽകുന്നു: *(1 കൊരിന്ത്യർ 12:4-7; (എഫെസ്യർ 4:7-14; 1 പത്രോസ് 4:10-11; റോമർ 12:6-8)).*
  - പ്രാർത്ഥനയിൽ സഹായിക്കുന്നു: *(എഫെസ്യർ 2:18; റോമർ 8:26).*
  - (ഈ വഴികളിലൂടെ ക്രിസ്തുവിന്റെ പ്രവൃത്തിയെ പരിശുദ്ധാത്മാവ് വിശ്വാസികളിൽ പ്രാവർത്തികമാക്കുന്നു. നിത്യമഹത്വം പ്രാപിക്കുന്നത് വരെ അവിടുന്ന് അവരെ മുദ്രയിട്ട് വിശുദ്ധീകരിച്ച് കാത്തുസൂക്ഷിക്കുന്നു *(റോമർ 8:9-18).)*

ചിന്തിക്കാനുള്ള ചോദ്യങ്ങൾ

1) പരിശുദ്ധാത്മാവില്ലാതെ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ കഴിയുമോ? അല്ല! ആത്മാവില്ലാതെ യഥാർത്ഥ ജീവനില്ല, ദൈവത്തെ പ്രസാദിപ്പിക്കാനും നിങ്ങൾക്ക് കഴിയില്ല *(റോമർ 8:9).*
2) ദൈവത്തിന്റെ ആത്മാവ് ക്രിസ്ത്യാനികളുടെ ഉള്ളിൽ വസിക്കുന്നുണ്ടോ? ഉണ്ട് , അവരിൽ വസിക്കുന്നു *(1 കൊരിന്ത്യർ 3:16, 6:18-20).*
3) പരിശുദ്ധാത്മാവ് നിങ്ങളിൽ പുതിയ ജനനം നൽകിയെന്ന് എങ്ങനെ അറിയാൻ കഴിയും? അവിടുന്ന് ക്രിസ്തുവിൽ രക്ഷയ്ക്കായുള്ള വിശ്വാസം ഉളവാക്കുന്നു *(2 കൊരിന്ത്യർ 4:13; എഫെസ്യർ 2:8).*
4) എല്ലാ സത്യ ക്രിസ്ത്യാനികളും പരിശുദ്ധാത്മാവിനാൽ സ്നാനം ഏറ്റവരാണോ? അതെ! ഓരോ വിശ്വാസിയും ക്രിസ്തുവിൽ രക്ഷയ്ക്കായി ആശ്രയിക്കുമ്പോൾ പരിശുദ്ധാത്മാവിനെ പൂർണ്ണമായി പ്രാപിക്കുന്നു *(1 കൊരിന്ത്യർ 12:13; ഗലാത്യർ 3:2-3, 14).*
5) നമുക്ക് പരിശുദ്ധാത്മാവുണ്ടെന്ന് എങ്ങനെ പറയാം? ഇത് വികാരങ്ങളോ ശക്തിയോ അല്ല, ക്രിസ്തുവിലുള്ള രക്ഷാകരമായ വിശ്വാസമാണ്. അത്

ജീവിതത്തിൽ മാറ്റമുണ്ടാക്കുന്നു *(ഗലാത്യർ 3:14, 5:22-23; (2 പത്രോസ് 1:3-11)).*

6) എല്ലാ ക്രിസ്ത്യാനികൾക്കും ഒരേ വരങ്ങളാണോ ഉള്ളത്? അല്ല. വരങ്ങൾ വ്യക്തിയുടെ ഗുണത്തിനല്ല, സഭയുടെ അനുഗ്രഹത്തിനാണ്. അതിനാൽ ആവശ്യത്തിനനുസരിച്ച് അവ വ്യത്യസ്തമായിരിക്കും *(റോമർ 12:4-8; (1 കൊരിന്ത്യർ 12:7-11)).*

സംഗ്രഹം

പരിശുദ്ധാത്മാവ് പുതിയ ജീവൻ നൽകുകയും ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് ഒരുവനെ നയിക്കുകയും ചെയ്യുന്നു. അവരെ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമാക്കുന്നു. അവിടുന്ന് വിശ്വാസിയിൽ വസിക്കുകയും മുദ്രയിടുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് വിശ്വാസിയിൽ വസിക്കുമ്പോൾ, കൃപയിലും വിശുദ്ധിയിലും വളർച്ചയുണ്ടാക്കുന്നു. അവിടുന്ന് ക്രിസ്തു വിശ്വാസിയെ ശുശ്രൂഷയ്ക്കായി ശക്തനാക്കുകയും സഭയുടെ അനുഗ്രഹത്തിനായി വ്യത്യസ്ത വരങ്ങൾ നൽകുകയും ചെയ്യുന്നു.

ആഗ്ലിക്കൻ രണ്ടാം വിശ്വാസ ഏറ്റുപറച്ചിലിൽ നിന്ന്

നല്ല പ്രവൃത്തികൾ ചെയ്യാനുള്ള അവരുടെ കഴിവ് അവരിൽ നിന്നല്ല, പൂർണ്ണമായും ക്രിസ്തുവിന്റെ ആത്മാവിൽ നിന്നാണ്. അവർക്ക് അത് ചെയ്യാൻ കഴിയണമെങ്കിൽ, അവർക്ക് ഇതിനകം ലഭിച്ച കൃപകൾക്ക് പുറമേ, പരിശുദ്ധാത്മാവിന്റെ ഇടപെടൽ അത്യാവശ്യമാണ്. അവിടുന്ന് അവരിൽ പ്രവർത്തിച്ച് ദൈവത്തിന്റെ ഇഷ്ടപ്രകാരം ആഗ്രഹിക്കാനും പ്രവർത്തിക്കാനും അവരെ പ്രാപ്തരാക്കുന്നു. (2LCF അധ്യായം 16, ഖണ്ഡിക 3)

ചോദ്യങ്ങൾ

1. പരിശുദ്ധാത്മാവ് ആരാണെന്ന് എഴുതുക.
2. പരിശുദ്ധാത്മാവ് ആരുടെ കാര്യത്തിലാണ് നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്?
3. അവിടുന്ന് നിങ്ങളുടെ ജീവിതത്തിൽ എന്ത് ചെയ്തു? അവിടുത്തോടൊപ്പം നിങ്ങൾക്ക് എങ്ങനെയുള്ള ദൈനംദിന ബന്ധമാണുള്ളത്? *(റോമർ 8:12-17).*

കൂടുതൽ പഠനത്തിനായി

- ✓ *പരിശുദ്ധാത്മാവ് (The Holy Spirit)* - എഡ്വിൻ എച്ച്. പാമർ (പി & ആർ പബ്ലിഷിംഗ്).
- ✓ *പരിശുദ്ധാത്മാവിന്റെ മർമ്മം (The Mystery of The Holy Spirit)* - ആർ. സി. സ്പ്രൗൾ (പ്രസിദ്ധീകരണശാല).

പഠനം 8: രക്ഷാകരമായ വിശ്വാസം

പിതാവിന്റെ തിരഞ്ഞെടുക്കുന്ന സ്നേഹം, പുത്രന്റെ വീണ്ടെടുപ്പ് പ്രവൃത്തി, അത് നമ്മിൽ പ്രാവർത്തികമാക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എന്നിവയെക്കുറിച്ച് നാം ചിന്തിച്ചു. ഇനി വിശ്വാസികളായ നമ്മളിൽ ഇത് ചെലുത്തുന്ന ഫലങ്ങളെക്കുറിച്ച് നമുക്ക് നോക്കാം. ഇതിന്റെ തുടക്കം രക്ഷാകരമായ വിശ്വാസമാണ് (saving faith), ദൈവത്തിന്റെ ഏറ്റവും വലിയ ദാനമാണത്. ആഗ്ലീക്കൽ സഭ ഇങ്ങനെ പറയുന്നു: *"തിരഞ്ഞെടുക്കപ്പെട്ടവർക്ക് തങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കായി വിശ്വസിക്കാൻ കഴിയുന്ന വിശ്വാസം എന്ന കൃപ, അവരുടെ ഹൃദയങ്ങളിൽ ക്രിസ്തുവിന്റെ ആത്മാവ് പ്രവർത്തിക്കുന്ന ഒന്നാണ്"* (അധ്യായം 14, ഖണ്ഡിക 1).

മാനസാന്തരം

മാനസാന്തരത്തിലൂടെയാണ് നാം രക്ഷാകരമായ വിശ്വാസം അനുഭവിക്കുന്നത്. ഇതിനർത്ഥം തിരിഞ്ഞുനടക്കുകയോ ദിശയിൽ മാറ്റം വരുത്തുകയോ ചെയ്യുക എന്നാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പുനർജ്ജനനം വഴി ഇത് ജീവിതത്തിൽ ഒരു പൂർണ്ണമായ മാറ്റം ഉണ്ടാക്കുന്നു. ഇത് മാനസാന്തരത്തിലേക്കും നല്ല പ്രവൃത്തികളിലേക്കും നയിക്കുന്നു. ഈ നല്ല പ്രവൃത്തികൾ രക്ഷാകരമായ വിശ്വാസത്തിന്റെ ഫലമാണ് *(എഫെസ്യർ 2:8-10; അപ്പൊ 11:15-18).*

മാനസാന്തരത്തിലൂടെയുണ്ടാകുന്ന ജീവിതത്തിലെ ഈ പൂർണ്ണമായ മാറ്റം ബൈബിളിൽ പലതവണ കാണാം. ഉദാഹരണമായി : തർസൊസിലെ ശൗൽ *(അപ്പൊസ്തലപ്രവൃത്തികൾ 9:3-6),* കാരാഗൃഹ പ്രമാണി *(അപ്പൊ 16:29-34),* ലുദിയ *(അപ്പൊസ്തലപ്രവൃത്തികൾ 16:14-15); (സക്കായി, ലൂക്കൊസ് 19:8-10;* കൊർന്നെല്യോസ്, *അപ്പൊ 10:44-48; മനശ്ശെ, 2 ദിനവൃത്താന്തം 33:1-17).*

രക്ഷാകരമായ വിശ്വാസം

ബാപ്റ്റിസ്റ്റ് വേദോപദേശത്തിലെ (Baptist Catechism) 91-ാം ചോദ്യം ഇതാണ്: *യേശുക്രിസ്തുവിലുള്ള വിശ്വാസം എന്നാൽ എന്താണ്? ഉത്തരം ഇതാണ്: സുവിശേഷത്തിൽ നമുക്ക് നൽകിയിരിക്കുന്നതുപോലെ, രക്ഷയ്ക്കായി യേശുക്രിസ്തുവിനെ മാത്രം സ്വീകരിക്കുകയും അവിടുത്തെ ആശ്രയിക്കുകയും ചെയ്യുന്ന രക്ഷാകരമായ കൃപയാണ് ക്രിസ്തുവിലുള്ള വിശ്വാസം.*

വിശ്വാസം : മറ്റെല്ലാവയും ഉപേക്ഷിച്ച് ഞാൻ കർത്താവിൽ ആശ്രയിക്കുന്നു

1) ദൈവം, ലോകം, പാപം, നിങ്ങളെത്തന്നെ, ക്രിസ്തുവിലൂടെയുള്ള രക്ഷ എന്നിവയെക്കുറിച്ചുള്ള സത്യം നിങ്ങൾ **അറിയുന്നു** *(എബ്രായർ 11:1-6).*

2) പരിശുദ്ധാത്മാവ് തിരുവെഴുത്തുകളിലൂടെ നിങ്ങൾക്ക് വെളിപ്പെടുത്തിയതുപോലെ, ക്രിസ്തുവിലൂടെയുള്ള രക്ഷയെക്കുറിച്ചുള്ള സത്യം നിങ്ങൾ ***വിശ്വസിക്കുന്നു*** *(2 തിമൊഥെയൊസ് 3:15; യോഹന്നാൻ 3:16, 18, 36; (അപ്പൊ 10:43; റോമർ 3:22; യോഹന്നാൻ 6:40)).*

3) തിരുവെഴുത്തുകളിൽ നിങ്ങൾ കണ്ട ക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിക്കുകയും, അവിടുത്തെ നിങ്ങളുടെ രക്ഷകനായി ഏറ്റുപറഞ്ഞ് നിങ്ങളുടെ പൂർണ്ണമായ വിശ്വാസം അവിടുത്തെ മാത്രം ***ആശ്രയിക്കുകയും*** ചെയ്യുന്നു *(റോമർ 10:9-13; (യോഹന്നാൻ 5:24; യോഹന്നാൻ 6:47; അപ്പൊ 16:30-31)).*

ഈ രക്ഷാകരമായ വിശ്വാസം ദൈവത്തിന്റെ സൗജന്യമായ കൃപയാൽ ലഭിക്കുന്ന ദാനമാണ് *(ഫിലിപ്പിയർ 1:29; എഫെസ്യർ 2:8).* അത് നിങ്ങൾക്കുണ്ടോ? പരിശുദ്ധാത്മാവ് സത്യം നിങ്ങൾക്ക് വെളിപ്പെടുത്തിയിട്ടുണ്ടോ? അതിന്റെ ശക്തിയെക്കുറിച്ച് നിങ്ങൾക്ക് ബോധ്യം വരികയും രക്ഷയ്ക്കായി ക്രിസ്തുവിൽ മാത്രം വിശ്വസിക്കാൻ നിങ്ങൾക്ക് കഴിയുകയും ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ, അത് ലഭിക്കുന്നത് വരെ വിശ്രമിക്കരുത്! പരിശുദ്ധാത്മാവ് മുഖാന്തരമുള്ള വിശ്വാസമെന്ന ദാനത്തിനായി ദൈവത്തോട് കേണപേക്ഷിക്കുക, അവിടുന്ന് അത് നൽകും *(ലൂക്കൊസ് 11:9-13).*

രക്ഷാകരമായ വിശ്വാസത്തിലൂടെ നാം ക്രിസ്തുവിനോടും അവിടുത്തെ എല്ലാ അനുഗ്രഹങ്ങളോടും ചേർക്കപ്പെടുന്നു. ക്രിസ്തുവുമായുള്ള ഈ ഐക്യത്തിന്റെ ആദ്യ ഫലം പാപത്തിന്റെ അടിമത്തത്തിൽ നിന്നുള്ള വിടുതലാണ് *(റോമർ 6:1-11).* ബൈബിൾ ഇതിനെ ജീവങ്കലേക്കുള്ള മാനസാന്തരം (repentance unto life) എന്ന് വിളിക്കുന്നു.

അനുതാപം (മാനസാന്തരം)

അനുതാപം എന്നത് രക്ഷാകരമായ വിശ്വാസത്തിന്റെ ഫലമാണ്, അല്ലാതെ അതിന്റെ അടിസ്ഥാനമല്ല എന്ന് മനസ്സിലാക്കുന്നത് വളരെ പ്രധാനമാണ്. ദൈവം ആദ്യം വിശ്വാസം നൽകുന്നു, അതിനുശേഷം മാനസാന്തരം വരുന്നു. വിശ്വാസം ലഭിക്കുന്നതിന് മുമ്പ് നാം ചെയ്യേണ്ട ഒരു 'നല്ല പ്രവൃത്തിയല്ല' മാനസാന്തരം.

അതുകൊണ്ടാണ് വേദോപദേശത്തിലെ (Catechism) 92-ാം ചോദ്യം *(ജീവലേക്കുള്ള മാനസാന്തരം എന്നാൽ എന്ത്?) 91-ാം ചോദ്യത്തിന് (വിശ്വാസം എന്നാൽ എന്ത്?) ശേഷം വരുന്നത്. അതിന്റെ ഉത്തരം ഇതാണ്: ജീവനിലേക്കുള്ള മാനസാന്തരം എന്നത് ഒരു രക്ഷാകരമായ കൃപയാണ്. അതിലൂടെ ഒരു പാപി തന്റെ പാപത്തെക്കുറിച്ചുള്ള യഥാർത്ഥ ബോധത്താലും, ക്രിസ്തുവിലുള്ള ദൈവത്തിന്റെ കരുണയെക്കുറിച്ചുള്ള തിരിച്ചറിവിനാലും, തന്റെ പാപത്തെക്കുറിച്ച് ദുഃഖിക്കുകയും അത് വെറുക്കുകയും ചെയ്യുന്നു. അങ്ങനെ അവൻ പാപത്തിൽ നിന്ന് തിരിഞ്ഞ് ദൈവത്തിലേക്ക് വരികയും, പുതിയൊരു അനുസരണത്തോടെ ജീവിക്കാൻ പൂർണ്ണമായി തീരുമാനിക്കുകയും ചെയ്യുന്നു.*

1) ദൈവത്തിന്റെ മുൻപാകെ നിങ്ങൾ പാപിയാണെന്ന് അറിയുകയും ഏറ്റുപറയുകയും ചെയ്യുന്നു. അവിടുത്തെ നിയമം ലംഘിച്ച് നിങ്ങൾ തന്നെ വേദനിപ്പിച്ചു എന്നും, അതിനാൽ ശിക്ഷാവിധിക്ക് നിങ്ങൾ അർഹനാണെന്നും മനസ്സിലാക്കുന്നു *(ലൂക്കൊസ് 15:18-19; സങ്കീർത്തനം 51:3-4).*
2) ക്രിസ്തുവിലുള്ള ദൈവത്തിന്റെ കരുണയുടെ വെളിച്ചത്തിൽ നിങ്ങളുടെ പാപത്തെ നിങ്ങൾ കാണുന്നു. അല്ലാതെ നിങ്ങൾക്ക് യാതൊരു പ്രത്യാശയുമില്ലെന്ന് നിങ്ങൾ തിരിച്ചറിയുന്നു *(പുറപ്പാട് 34:6-7; യിരെമ്യാവ് 3:22-23; യോവേൽ 2:12-14).* (ഇതിനെക്കുറിച്ചുള്ള ബോധമില്ലാതെ നമ്മുടെ ദുഃഖം ലോകപ്രകാരമുള്ള ഒന്നായിരിക്കും. അത് പാപത്തിന്റെ ഫലങ്ങളെക്കുറിച്ചുള്ള വെറും സങ്കടം മാത്രമാണ്, യഥാർത്ഥ വിശ്വാസത്തിന്റെ ഫലമല്ല, *2 കൊരിന്ത്യർ 7:9-10).*
3) നിങ്ങളുടെ പാപത്തെക്കുറിച്ച് നിങ്ങൾ ദുഃഖിക്കുന്നു; അത് വെറുപ്പായി മാറിയേക്കാവുന്ന യഥാർത്ഥ ദുഃഖമാണ്. നിങ്ങളുടെ പാപത്തെയും അത് ദൈവത്തിന് നൽകുന്ന അപ്രീതിയെയും നിങ്ങൾ വെറുക്കുന്നു *(സങ്കീർത്തനം 51:1-5; യെഹെസ്കേൽ 36:31).*
4) പിതാവിന്റെ പൂർണ്ണമായ ക്ഷമയ്ക്കും *(റോമർ 2:4, 4:6-8),* പുത്രന്റെ പൂർണ്ണമായ ശുദ്ധീകരണത്തിനും *(അപ്പൊ 2:38),* പുതിയ അനുസരണത്തിൽ ജീവിക്കാനുള്ള പരിശുദ്ധാത്മാവിന്റെ ശക്തിക്കും വേണ്ടി നിങ്ങൾ പാപത്തിൽ നിന്ന് ദൈവത്തിലേക്ക് തിരിയുന്നു *(2 കൊരിന്ത്യർ 7:11; യെശയ്യാവ് 1:16-17).*

നീതീകരണം

രക്ഷാകരമായ വിശ്വാസം നേരിട്ടും പെട്ടെന്നും നീതീകരണത്തിലേക്ക്

നയിക്കുന്നു. വേദോപദേശം (ചോദ്യം 36) ഇങ്ങനെ പറയുന്നു: *"ദൈവത്തിന്റെ സൗജന്യ കൃപയാലുള്ള പ്രവൃത്തിയാണ് നീതീകരണം. ക്രിസ്തുവിന്റെ നീതി നമ്മുടെ കണക്കിൽ ചേർക്കപ്പെടുകയും വിശ്വാസത്താൽ മാത്രം നാം അത് സ്വീകരിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ പാപങ്ങൾ മുഴുവൻ ദൈവം ക്ഷമിക്കുകയും തന്റെ മുൻപാകെ നമ്മെ നീതിമാന്മാരായി സ്വീകരിക്കുകയും ചെയ്യുന്നു."*

ഇതൊരു നിയമപരമായ പ്രയോഗമാണ് ക്രിസ്തു ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പാപി കുറ്റക്കാരനല്ലെന്നും ദൈവസന്നിധിയിൽ നീതിമാനാണ് (ദൈവവുമായി ശരിയായ ബന്ധത്തിലാണ്) എന്നും ന്യായാധിപനായ ദൈവം പ്രഖ്യാപിക്കുന്നു. ക്രിസ്തുവിന്റെ പ്രവൃത്തിയും നീതിയും നമ്മുടെ കണക്കിൽ ചേർക്കപ്പെട്ടുവെന്ന് കണക്കാക്കപ്പെടുന്നു.

നീതീകരണം രക്ഷാകരമായ വിശ്വാസത്തിന്റെ ഫലമാണ്. വിശ്വാസത്താൽ മാത്രമാണ് ഏതൊരു വ്യക്തിക്കും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടാൻ കഴിയുന്നത് *(റോമർ 3:21-26; ഗലാത്യർ 2:16; (2 കൊരിന്ത്യർ 5:21; റോമർ 10:3-6; സെഖര്യാവ് 3:1-4; റോമർ 4-5)).*

ആഗ്ലിക്കൻ ഏറ്റുപറച്ചിലിൽ നിന്ന്

കൃപയുടെ ഉടമ്പടിയിലൂടെ ക്രിസ്തു മുഖാന്തരം ദൈവം ഒരുക്കിയ കരുതലാണ് ഇത്. ശിക്ഷയ്ക്ക് അർഹമല്ലാത്തത്ര ചെറിയ പാപമൊന്നുമില്ലെങ്കിലും, മാനസാന്തരപ്പെടുന്നവർക്ക് ശിക്ഷ ലഭിക്കാത്തത്ര വലിയ ഒരു പാപവുമില്ല. അതുകൊണ്ടാണ് മാനസാന്തരത്തെക്കുറിച്ച് നിരന്തരം പ്രസംഗിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നത്. (2LCF അധ്യായം 15, ഖണ്ഡിക 5)

ചോദ്യങ്ങൾ

1) നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ, നിങ്ങളുടെ മാനസാന്തര അനുഭവം എഴുതുക. രക്ഷാകരമായ വിശ്വാസത്തിന്റെയും അത് ഉളവാക്കുന്ന മാനസാന്തരത്തിന്റെയും ബൈബിൾ അടിസ്ഥാനത്തിലുള്ള ഘടകങ്ങൾ അതിൽ ഉണ്ടോ എന്ന് പരിശോധിക്കുക. നിങ്ങൾ ഒരു ക്രിസ്ത്യാനിയല്ലെങ്കിൽ, ബൈബിളിലെ ഒരു മാനസാന്തര ഉദാഹരണം വിവരിക്കുക.
2) രക്ഷാകരമായ വിശ്വാസം എന്നാൽ എന്ത്? ഒരു ബൈബിൾ ഉദാഹരണം നൽകുക.

3) വിശ്വാസത്താൽ മാത്രമുള്ള നീതീകരണത്തെക്കുറിച്ച് ഒരു സുഹൃത്തിനോട് നിങ്ങൾ എങ്ങനെ വിശദീകരിക്കും? അത് എന്തുകൊണ്ട് പ്രധാനമാണെന്നും അതിന്റെ ഗുണങ്ങൾ എന്താണെന്നും അവരോട് പറയുക.

കൂടുതൽ പഠനത്തിനായി

- ✓ *വിശ്വാസം ദൈവത്തിന്റെ ദാനം (Faith a Gift of God)* - ടോം വെൽസ് (സത്യത്തിന്റെ കൊടി)
- ✓ *വിശ്വാസത്താൽ മാത്രം നീതീകരിക്കപ്പെടുന്നു (Justified By Faith Alone)* - ആർ. സി. സ്പ്രൗൾ (ക്രോസ്വേ)
- ✓ *മാനസാന്തരം (Repentance)* - ജെ. സി. റൈൽ (അനെകോ പ്രസ്)

പഠനം 9: ക്രിസ്തീയ ജീവിതം നയിക്കുന്നത്

ക്രിസ്തീയ സ്വാതന്ത്ര്യവും വിശുദ്ധിയും

രക്ഷാകരമായ വിശ്വാസത്തിലൂടെ, ദൈവത്തെ അനുസരിച്ച് ജീവിക്കാൻ പാപത്തിൽ നിന്ന് നാം സ്വതന്ത്രരാക്കപ്പെട്ടു. ഈ വിശുദ്ധ ജീവിതം പുതിയൊരു അടിമത്തമല്ല. ക്രിസ്ത്യാനി പാപത്തിന്റെ അടിമത്തത്തിൽ നിന്ന് നിയമത്തിന്റെ മറ്റൊരു അടിമത്തത്തിലേക്ക് മാറുന്നില്ല; നേരെമറിച്ച്, ക്രിസ്ത്യാനി യഥാർത്ഥത്തിൽ സ്വതന്ത്രനാണ്. 2LCF (സഭയുടെ വിശ്വാസപ്രമാണം) വിശദീകരിക്കുന്നു: "സുവിശേഷത്തിന് കീഴിൽ ക്രിസ്തു വിശ്വാസികൾക്കായി വാങ്ങിക്കൊടുത്ത സ്വാതന്ത്ര്യം എന്നാൽ പാപത്തിന്റെ കുറ്റബോധത്തിൽ നിന്നും, ദൈവത്തിന്റെ ന്യായവിധിയുടെ കോപത്തിൽ നിന്നും, ന്യായപ്രമാണത്തിന്റെ കാഠിന്യത്തിലും ശാപത്തിൽ നിന്നും... പാപത്തിന്റെ വാഴ്ചയിൽ നിന്നും, കഷ്ടതകളിൽ നിന്നും, മരണത്തിന്റെ ഭയത്തിൽ നിന്നും ഉള്ള സ്വാതന്ത്ര്യമാണ്. ദൈവത്തിലേക്ക് അവർക്ക് ഇപ്പോൾ നേരിട്ട് കടന്നുവരാം. അടിമത്തത്തിന്റെ ഭയത്താലല്ല, മറിച്ച് ഒരു കൊച്ചു കുട്ടിയെപ്പോലെ സ്നേഹത്തോടും മനസ്സോടെയുമാണ് അവർ ദൈവത്തെ അനുസരിക്കുന്നത്" (2LCF അധ്യായം 21, ഖണ്ഡിക 1).

ദൈവം വിശുദ്ധനായിരിക്കുന്നതുപോലെ വിശുദ്ധരായിരിക്കാൻ വിശ്വാസികൾ വിശ്വാസത്താൽ സ്വതന്ത്രരാക്കപ്പെട്ടു *(1 പത്രോസ് 1:15-16)*. ഇത് വിശ്വാസിയുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്ന ഒന്നാണ് *(1 പത്രോസ് 1:2)*. ഈ സ്വാതന്ത്ര്യത്തിന്റെ തെളിവ് ദൈവത്തിന്റെ നിയമം അനുസരിച്ചുള്ള ജീവിതമാണ് *(യോഹന്നാൻ 14:15; 1 യോഹന്നാൻ 5:3)*.

ഇത്തരം അനുസരണം ഒരിക്കലും ഭാരമുള്ളതല്ല. ക്രിസ്തുവിനെ സ്നേഹത്തോടെയും ഭക്തിയോടെയും പിന്തുടരുന്നതിൽ ക്രിസ്ത്യാനി സന്തോഷിക്കുന്നു *(മത്തായി 11:28-30)*. അവൻ എല്ലാറ്റിനുമുപരിയായി ദൈവത്തിന്റെ മഹത്വം ആഗ്രഹിക്കുന്നു *(1 കൊരിന്ത്യർ 10:31)*. കർത്താവിനെ അറിയുന്നതും സേവിക്കുന്നതുമാണ് അവന്റെ ഏറ്റവും വലിയ സന്തോഷം *(സങ്കീർത്തനം 73:25-26; സങ്കീർത്തനം 119:97)*.

വിശ്വാസി ക്രിസ്തുവിലുള്ള തന്റെ സ്വാതന്ത്ര്യത്തെ പാപം ചെയ്യാനുള്ള അനുമതിയായിട്ടല്ല, മറിച്ച് വിശുദ്ധിക്കുള്ള പ്രചോദനവും ശക്തിയുമായാണ് ഉപയോഗിക്കുന്നത്. അവൻ ജീവിത വിശുദ്ധിയോടെ ദൈവത്തിനായി

വേർതിരിക്കപ്പെടുന്നു *(തീത്തോസ് 3:2-8).*

വിശുദ്ധീകരണം

വിശുദ്ധീകരിക്കപ്പെടുക എന്നാൽ ദൈവത്തിനായി വേർതിരിക്കപ്പെടുക എന്നാണ്. വേദോപദേശം (Q38) ഇങ്ങനെ പറയുന്നു: *"ദൈവത്തിന്റെ സൗജന്യ കൃപയാൽ നടക്കുന്ന പ്രവൃത്തിയാണ് വിശുദ്ധീകരണം. അതിലൂടെ നാം ദൈവത്തിന്റെ സ്വരൂപത്തിൽ പുതുക്കപ്പെടുകയും, പാപത്തെ മരിപ്പിച്ച് നീതിക്കായി ജീവിക്കാൻ കൂടുതൽ കൂടുതൽ പ്രാപ്തരാകുകയും ചെയ്യുന്നു."*

വിശ്വാസിയുടെ ഹൃദയവും മനസ്സും പ്രവൃത്തികളും രൂപാന്തരപ്പെടുന്ന പ്രക്രിയയാണിത്. മരണം വരെ പാപത്തെ ജയിച്ച് വിശുദ്ധനാകുന്നതുവരെയും, ക്രിസ്തു മടങ്ങി വരുമ്പോൾ ശരീരം ക്രിസ്തുവിന്റേതുപോലെ രൂപാന്തരപ്പെടുന്നതുവരെയും അവൻ ദൈവത്തിന്റെ ഇഷ്ടത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. ദൈവം തന്റെ ജനത്തെ മഹത്തായ ഒരു ഉദ്ദേശ്യത്തിനായാണ് രക്ഷിക്കുന്നത് എന്ന് എപ്പോഴും ഓർക്കുക *(എഫെസ്യർ 1:4; റോമർ 8:29).*

ഈ വിശുദ്ധീകരണ പ്രക്രിയ മൂന്ന് ഘട്ടങ്ങളുള്ള ഒരു റോക്കറ്റ് പോലെയാണ്:

1) *വിക്ഷേപണം (Lift-off):* പാപവുമായുള്ള ഒരിക്കൽ മാത്രം നടക്കുന്ന ശക്തമായ ബന്ധം വേർപെടുത്തൽ; ഇത് ക്രിസ്തുവിൽ യഥാർത്ഥ സ്വാതന്ത്ര്യം നൽകുന്നു.
2) *പുരോഗതി (Progress):* ഈ കാലഘട്ടത്തിൽ പാപത്തിന്റെ അവശിഷ്ടങ്ങളെ നീക്കം ചെയ്യാനുള്ള തുടർച്ചയായ പോരാട്ടം.
3) *എത്തിച്ചേരൽ (Arrival)* : സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ പാപത്തിൽ നിന്നുള്ള പൂർണ്ണ സ്വാതന്ത്ര്യം (മഹതീകരണം).

വിക്ഷേപണം: പാപവുമായുള്ള ഒരിക്കൽ മാത്രം നടക്കുന്ന ശക്തമായ ബന്ധം വേർപെടുത്തൽ

ഇത് മാനസാന്തര സമയത്ത് സംഭവിക്കുന്നു. മാനസാന്തരത്തിന് മുമ്പ് നാം പാപത്തിന്റെ അധികാരത്തിനും ഭരണത്തിനും കീഴിലായിരുന്നു. മാനസാന്തരത്തിലൂടെ ആ അടിമത്തം തകർക്കപ്പെടുന്നു. നാം പാപത്തിന്റെ ലോകത്ത് നിന്ന് നീക്കപ്പെട്ട് ദൈവത്തിന്റെ രാജ്യത്തേക്ക് മാറ്റപ്പെടുന്നു, അവിടെ പാപത്തിന്റെ ശക്തിയിൽ നിന്ന് നാം പൂർണ്ണമായും സ്വതന്ത്രരാക്കപ്പെടുന്നു

(കൊലൊസ്സ്യർ 1:12-14; റോമർ 6:2-6).

ക്രിസ്തുവുമായുള്ള ഐക്യത്തിലൂടെയാണ് ഇതെല്ലാം സാധ്യമാകുന്നത്. ക്രിസ്തു മരിച്ചപ്പോൾ പാപത്തെ ജയിച്ചു. നാം വിശ്വാസത്താൽ അവിടുത്തോട് ചേർക്കപ്പെടുമ്പോൾ, ആ വിജയത്തിൽ പങ്കുചേരുന്നു; നാം പുതിയൊരു ജീവനിലേക്ക് ഉയിർത്തെഴുന്നേറ്റു *(1 പത്രൊസ് 2:24).*

പാപം വീണ്ടും ചെയ്യുകയേയില്ല എന്നല്ല ഇതിനർത്ഥം, മറിച്ച് നാം ഇനി പാപത്തിന് അടിമകളല്ല എന്നാണ്. ദൈവം ആവശ്യപ്പെടുന്നതുപോലെ ജീവിക്കാനുള്ള ശക്തി നമുക്കുണ്ട്. (പൗലോസിന്റെ വാദങ്ങൾ പൂർണ്ണമായി മനസ്സിലാക്കാൻ റോമർ 6-ാം അധ്യായം മുഴുവൻ വായിക്കുക).

പുരോഗതി: പാപത്തിന്റെ അവശിഷ്ടങ്ങളെ നീക്കം ചെയ്യാനുള്ള തുടർച്ചയായ പോരാട്ടം

1. ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കാൻ ദൈവം നമ്മിൽ പ്രവർത്തിക്കുന്നു *(ഫിലിപ്പിയർ 2:12-13; (1 തെസ്സലൊനീക്യർ 5:23-24)).*
2. പാപത്തോടുള്ള തുടർച്ചയായ പോരാട്ടം നമ്മിൽ നടക്കുന്നു *(റോമർ 8:13; 1 തിമൊഥെയൊസ് 6:12; (കൊലൊസ്സ്യർ 3:5; റോമർ 7:14-25)).*
3. നമ്മുടെ ജീവിതത്തിൽ വിശുദ്ധീകരണത്തിൽ തുടരുവാൻ നമുക്ക് ഉത്തരവാദിത്തമുണ്ട് *(2 പത്രൊസ് 1:3-11; (2 കൊരിന്ത്യർ 7:1; എബ്രായർ 12:14; യോഹന്നാൻ 15:5-10)).*
4. ജീവിതകാലം മുഴുവൻ ഓരോ ദിവസവും നാം ആത്മീയ യുദ്ധം ചെയ്യേണ്ടതുണ്ട് *(എഫെസ്യർ 6:10-18; (യാക്കോബ് 4:7-8; 1 പത്രൊസ് 5:8-9)).*

നമ്മിൽ ക്രമേണ പരിവർത്തനം നടക്കുമ്പോൾ , ഈ പ്രവൃത്തിക്ക് നിഷേധാത്മകവും ക്രിയാത്മകവുമായ വശങ്ങളുണ്ട്:

- നിഷേധാത്മകം: നാം ഒഴിവാക്കേണ്ടവ *(എഫെസ്യർ 4:25, 31).*
- ക്രിയാത്മകം: നാം ധരിക്കേണ്ടവ/സ്വീകരിക്കേണ്ടവ *(കൊലൊസ്സ്യർ 3:12-14).*
- രണ്ടും ഒരേസമയം സജീവമായി പ്രവർത്തിക്കുന്നു , *റോമർ 13:11-14; ഫിലിപ്പിയർ 3:12-14.)*

ഈ പ്രവൃത്തിയിൽ, നാം വളരുന്നതിനായി ദൈവം കൃപയുടെ മാർഗ്ഗങ്ങൾ നൽകിയിട്ടുണ്ട്:

1) ദൈവവചന ശുശ്രൂഷ കേൾക്കാൻ എളിമയോടെ ഇരിക്കുക *(1 കൊരിന്ത്യർ 1:21; റോമർ 10:14, 17; (അപ്പൊ 20:25-27))*.
2) കർത്താവിന്റെ ദിവസത്തിൽ ആരാധനയ്ക്കും കൂട്ടായ്മയ്ക്കുമായി ദൈവജനത്തോടൊപ്പം ഒത്തുചേരുക *(എബ്രായർ 10:19-25, (വെളിപ്പാട് 1:9-11))*.
3) സഭയുടെ കല്പനകളായ സ്നാനത്തിലും കർത്താവിന്റെ അത്താഴത്തിലും പങ്കുചേരുക *(അപ്പൊ 2:38-42; 1 കൊരിന്ത്യർ 11:23-26)*.
4) സ്വകാര്യമായി (കുടുംബത്തോടൊപ്പവും) ദൈവവചനം വായിക്കുക. ഇത് നമ്മുടെ മനസ്സിനെ ദിവസവും പുതുക്കുകയും വിശുദ്ധീകരണത്തിനായി നമ്മെ ഒരുക്കുകയും ചെയ്യുന്നു *(റോമർ 12:1-2; 2 തിമൊഥെയൊസ് 3:15-16; (സങ്കീർത്തനം 119:9-16))*.
5) ദിവസവും പ്രാർത്ഥിക്കുക, പ്രാർത്ഥനായോഗങ്ങളിൽ പങ്കെടുക്കുക, പാപങ്ങൾ ഏറ്റുപറയുക, നമുക്ക് ആവശ്യമുള്ളതെല്ലാം ദൈവത്തോട് ചോദിക്കുക *(എഫെസ്യർ 6:18; 1 യോഹന്നാൻ 1:5-9; യാക്കോബ് 1:5, 17; അപ്പൊ 2:42)*.
6) സഭയുടെ ആരാധനയിലും ജീവിതത്തിലും ശുശ്രൂഷയിലും സജീവമായി പങ്കുചേരുക *(എഫെസ്യർ 4:11-16)*. സഭയുടെ സുവിശേഷ ദൗത്യത്തിൽ പങ്കാളികളാവുക *(മത്തായി 28:18-20)*.

ഇതെല്ലാം നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് ചെയ്യേണ്ടത് (1 കൊരിന്ത്യർ 6:19-20).

ലക്ഷ്യപ്രാപ്തി: സ്വർഗ്ഗത്തിൽ പാപത്തിൽ നിന്നുള്ള പൂർണ്ണ സ്വാതന്ത്ര്യം – മഹത്വീകരണം!

1) ഇതിനെക്കുറിച്ച് അടുത്ത പഠനത്തിൽ കൂടുതലായി നോക്കാം, എന്നാൽ ഇപ്പോൾ ഇത്രയും ശ്രദ്ധിക്കുക: ക്രിസ്ത്യാനിക്ക് ഇതിലുള്ള ഉറപ്പ് *(റോമർ 8:28-30; (ഫിലിപ്പിയർ 1:6))*. യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിനെ പിന്തുടരുകയും മഹത്വത്തിൽ എത്തിച്ചേരുകയും ചെയ്യും.

2) ഇതിന്റെ മഹത്വം: ക്രിസ്തുവിന്റെ മനുഷ്യത്വപരമായ പൂർണ്ണതയുടെ സ്വരൂപം നമ്മളും പ്രാപിക്കും *(1 യോഹന്നാൻ 3:2; (ഫിലിപ്പിയർ 3:21))*.

രണ്ടാം വിശ്വാസ ഏറ്റുപറച്ചിലിൽ നിന്ന്

വിശ്വാസമെന്ന കൃപ... സാധാരണയായി വചന ശുശ്രൂഷയിലൂടെയാണ് ലഭിക്കുന്നത്. അതിലൂടെയും, സ്നാനം, കർത്താവിന്റെ അത്താഴം, പ്രാർത്ഥന, ദൈവം നിയമിച്ച മറ്റ് മാർഗ്ഗങ്ങൾ എന്നിവയിലൂടെയും ഇത് വർദ്ധിക്കുകയും ശക്തിപ്പെടുകയും ചെയ്യുന്നു. (2LCF അധ്യായം 14, ഖണ്ഡിക 1)

ചോദ്യങ്ങൾ

1) എന്താണ് വിശുദ്ധീകരണം? നിങ്ങൾക്ക് വ്യക്തിപരമായി എന്തൊക്കെ മാറ്റങ്ങളാണ് വേണ്ടത്? നിങ്ങൾ എന്താണ് ഒഴിവാക്കേണ്ടത്? എന്തൊക്കെയാണ് നിങ്ങൾ വികസിപ്പിക്കേണ്ടത്?
2) നിങ്ങളുടെ വിശുദ്ധീകരണത്തിന് വചനപ്രസംഗവും ആരാധനയും എത്രത്തോളം പ്രധാനമാണ്? കർത്താവിന്റെ ദിവസം പരമാവധി പ്രയോജനപ്പെടുത്താൻ നിങ്ങൾ എങ്ങനെ ആഴ്ച ക്രമീകരിക്കും ?
3) ബൈബിൾ വായനയും പ്രാർത്ഥനയും നിങ്ങളെ എങ്ങനെ സഹായിക്കും? ഈ ദിവസേനയുള്ള അച്ചടക്കം പാലിക്കാൻ നിങ്ങൾ എങ്ങനെ സമയം ക്രമീകരിക്കും?
4) കൃപയിൽ വളരാൻ നിങ്ങളുടെ സഭയിലും ജീവിതത്തിലും ദൈവത്തെ എങ്ങനെ സേവിക്കാം?

കൂടുതൽ പഠനത്തിനായി

- ✓ *വിശുദ്ധി (Holiness)* - ജെ. സി. റൈൽ (ബാനർ ഓഫ് ട്രൂത്ത്)
- ✓ *നാം ആരാധിക്കുമ്പോൾ എന്ത് സംഭവിക്കുന്നു (What Happens When We Worship)* - ജെ. ലാൻഡ്രി ക്രൂസ് (റീഫോർമേഷൻ ഹെറിറ്റേജ്)
- ✓ *പച്ചപ്പുൽമേടുകൾ (Green Pastures)* - റയാൻ ഡേവിഡ്സൺ (ആർ.ബി.എ.പി) ക്രിസ്തീയ ജീവിതത്തിനായുള്ള ആത്മീയ അച്ചടക്കം (Spiritual Disciplines for The Christian Life) - ഡൊണാൾഡ് എസ്. വിറ്റ്നി (നാവ്പ്രസ്)

പഠനം 10: സ്വർഗ്ഗവും നരകവും

ഈ പഠനത്തിൽ നാം മൂന്ന് കാര്യങ്ങളെക്കുറിച്ച് ചിന്തിക്കും:

1) ക്രിസ്തുവിന്റെ രണ്ടാം വരവ്
2) സ്വർഗ്ഗം
3) നരകം

ക്രിസ്തുവിന്റെ രണ്ടാം വരവ്

ദൈവം ലോകത്തെ സൃഷ്ടിച്ചു, മനുഷ്യൻ പാപത്തിൽ വീണു; എന്നാൽ കൃപയുടെ ഉടമ്പടിയിലൂടെ ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു *(ഉല്പത്തി 3:15)*. രക്ഷകൻ വരികയും, ജീവിക്കുകയും, മരിക്കുകയും, ഉയിർത്തെഴുന്നേൽക്കുകയും, സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുകയും പരിശുദ്ധാത്മാവിനെ ചൊരിയുകയും ചെയ്തു *(എബ്രായർ 1:1-3)*. ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതിയിലെ അടുത്ത സംഭവം അവിടുത്തെ ശാരീരികമായ മടങ്ങിവരവാണ്. അവിടുന്ന് മടങ്ങിവരുമെന്ന കാര്യത്തിൽ എല്ലാ ക്രിസ്ത്യാനികളും യോജിക്കുന്നു, എങ്കിലും അവിടുത്തെ വരവിനോട് അനുബന്ധിച്ചുള്ള സംഭവങ്ങളുടെ ക്രമത്തെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ട്.

അവിടുന്ന് മഹത്വത്തോടെ ഭൂമിയിലേക്ക് ശാരീരികമായി മടങ്ങിവരുമെന്ന് തിരുവെഴുത്തുകൾ പല ഭാഗങ്ങളിലും പഠിപ്പിക്കുന്നു *(മത്തായി 25:31; 1 തെസ്സലൊനീക്യർ 4:15-17; (മത്തായി 24:30-31; അപ്പൊ 1:11))*.

അവിടുന്ന് വരുന്ന സമയം മനുഷ്യനോ ദൂതനോ ആർക്കും അറിയില്ല. അതിനാൽ, ആ ദിവസം അല്ലെങ്കിൽ വർഷം പ്രവചിക്കാൻ കഴിയുമെന്ന് അവകാശപ്പെടുന്ന ഏത് പഠിപ്പിക്കലും തെറ്റാണ്. രക്ഷിക്കപ്പെട്ട് ക്രിസ്തുവിനെ വിശ്വസ്തതയോടെ സേവിച്ചുകൊണ്ട് അവിടുത്തെ മടങ്ങിവരവിനായി എപ്പോഴും ഒരുങ്ങിയിരിക്കുകയാണ് വേണ്ടത് *(മത്തായി 24:36-42; (2 പത്രൊസ് 3:3-13; 1 തെസ്സലൊനീക്യർ 5:1-3; മത്തായി 25)*.

എങ്കിലും ഈ 'അന്ത്യകാലത്ത്' (ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തത് മുതൽ മടങ്ങിവരുന്നതു വരെയുള്ള സമയം), അവിടുത്തെ വരവ് 'അടുത്തിരിക്കുന്നു' എന്ന് കാണിക്കുന്ന 'കാലത്തിന്റെ അടയാളങ്ങൾ' ക്രിസ്ത്യാനികൾ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അതിനാൽ അവർ ഒരുങ്ങിയിരിക്കണം *(മത്തായി 24:9-13)*. (ശ്രദ്ധിക്കുക: *മത്തായി 24-ലെ* ചില ഭാഗങ്ങൾ എഡി 70-ൽ യെരൂശലേമിന്റെ

തകർച്ചയെക്കുറിച്ചാണ് പറയുന്നത്, ഉദാഹരണമായി 15-28 വരെയുള്ള വാക്യങ്ങൾ, എന്നാൽ 9-13 വാക്യങ്ങൾ ഈ യുഗത്തിനു മുഴുവൻ ബാധകമാണ്.) *(2 തെസ്സലൊനീക്യർ 2:3-10; 2 തിമൊഥെയൊസ് 3:1-7; 1 യോഹന്നാൻ 2:18-22).*

ക്രിസ്തു മടങ്ങിവരുമ്പോൾ രണ്ട് കാര്യങ്ങൾ സംഭവിക്കും:

1) മരിച്ചവരെല്ലാവരുടെയും ഉയിർത്തെഴുന്നേൽപ്പ് (യോഹന്നാൻ 5:28-29; *(1 തെസ്സലൊനീക്യർ 4:13-17)).*
2) ന്യായ വിധി *(വെളിപ്പാട് 20:11-15; (മത്തായി 25:31-46; 2 കൊരിന്ത്യർ 5:10; 2 പത്രൊസ് 3:10-13)).*

സ്വർഗ്ഗം

1) വിശ്വാസികൾ മരിക്കുമ്പോൾ, ശരീരത്തിന്റെ പുനരുത്ഥാനത്തിനായി കാത്തിരുന്നുകൊണ്ട്, അവരുടെ ആത്മാവ് ഉടൻ തന്നെ സ്വർഗ്ഗത്തിൽ ക്രിസ്തുവിനോടൊപ്പം ആയിരിക്കുന്നു *(ലൂക്കൊസ് 23:43; ഫിലിപ്പിയർ 1:21-23; 2 കൊരിന്ത്യർ 5:8; വെളിപ്പാട് 6:9)).*
2) ക്രിസ്തു മടങ്ങിവരുമ്പോൾ അവരുടെ ശരീരങ്ങൾ ഉയിർപ്പിക്കപ്പെടുകയും ആത്മാക്കളോട് വീണ്ടും ചേരുകയും ചെയ്യും *(യോഹന്നാൻ 5:28-29; 1 തെസ്സലൊനീക്യർ 4:16).*
3) തങ്ങളുടെ പൂർണ്ണമായ മാനുഷികതയോടെ അവർ അന്തിമ വിധിയിൽ ദൈവത്തിന്റെ മുൻപാകെ നിൽക്കും. അവിടെ അവരുടെ ജീവിതം വിലയിരുത്തപ്പെടുകയും വിധി പ്രസ്താവിക്കപ്പെടുകയും ചെയ്യും *(2 കൊരിന്ത്യർ 5:10; 2 തിമൊഥെയൊസ് 4:1; (വെളിപ്പാട് 20:12; മത്തായി 25:46; 1 കൊരിന്ത്യർ 3:11- 15)).*
4) ക്രിസ്തുവിൽ നീതിമാന്മാരായി പ്രഖ്യാപിക്കപ്പെട്ട അവർ, ദൈവത്തിന്റെ പറുദീസ ആസ്വദിക്കാൻ തയ്യാറായി തങ്ങളുടെ പൂർണ്ണമായ മാനുഷികതയിൽ (ശരീരവും ആത്മാവും) മഹത്വീകരിക്കപ്പെടും *(ഫിലിപ്പിയർ 3:20-21; 1 യോഹന്നാൻ 3:1-3; (1 കൊരിന്ത്യർ 15:22-23; യോഹന്നാൻ 6:40)).*
5) അപ്പോൾ ക്രിസ്ത്യാനികൾ ക്രിസ്തുവിനോടൊപ്പം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ജീവിക്കും. ഇത് മഹത്വീകരണം പ്രാപിച്ചവർക്ക് ആസ്വദിക്കാൻ പാകത്തിലുള്ള, പുതുക്കപ്പെട്ട ഭൗതിക സൃഷ്ടിയായിരിക്കും *(2 പത്രൊസ് 3:10-13; യോഹന്നാൻ 14:1-3).* പുതിയ സൃഷ്ടിയെക്കുറിച്ചുള്ള വിവരണം മുഴുവൻ വായിക്കുന്നത് പ്രധാനമാണ്. അത് വരാനിരിക്കുന്ന ലോകത്തിന്റെ മഹത്വത്തെ പ്രതീകാത്മകമായി കാണിക്കുന്നു, ഇത് നമ്മുടെ നിത്യമായ പ്രത്യാശയെ ഉണർത്തുന്നു *(വെളിപ്പാട് 21-22).*

6) പുതിയ ആകാശത്തിന്റെയും ഭൂമിയുടെയും ജീവിതം പൂർണ്ണവും, ശാശ്വതവും, എന്നേക്കും നിലനിൽക്കുന്നതുമാണ് (മത്തായി 25:46).

നരകം

1) അവിശ്വാസികൾ മരിക്കുമ്പോൾ, അന്തിമ ന്യായവിധി കാത്തിരിക്കാനായി അവരെ ഉടൻ തന്നെ നരകത്തിലേക്ക് തള്ളുന്നു *(ലൂക്കൊസ് 16:23-24: യൂദാ 6-7).*
2) ക്രിസ്തുവിന്റെ മടങ്ങിവരവിൽ അവരുടെ ശരീരങ്ങൾ ഉയിർപ്പിക്കപ്പെടുകയും അവ ആത്മാക്കളോട് വീണ്ടും ചേരുകയും ചെയ്യും *(യോഹന്നാൻ 5:28-29).*
3) തങ്ങളുടെ പൂർണ്ണമായ മാനുഷികതയിൽ, അന്തിമ ന്യായവിധിയിൽ അവർ ദൈവത്തിന്റെ മുൻപാകെ നിൽക്കും. അവിടെ അവരുടെ ജീവിതം വിലയിരുത്തപ്പെടുകയും വിധി നൽകപ്പെടുകയും ചെയ്യും *(2 കൊരിന്ത്യർ 5:10: അപ്പൊ. 24:15: റോമർ 14:10-12)).*
4) സ്വന്തം ദുഷ്ടതയ്ക്കും ദൈവഭക്തിയില്ലാത്തതിനും ദൈവത്തോടുള്ള മത്സരത്തിനും വേണ്ടി അവർ ശിക്ഷാവിധി പ്രാപിക്കുകയും, നിത്യമായ ശിക്ഷയുള്ള നരകത്തിലേക്ക് തള്ളപ്പെടുകയും ചെയ്യും *(വെളിപ്പാട് 21:8; വെളിപ്പാട് 20:11-15; (യെഹെസ്കേൽ 18:20; 1 കൊരിന്ത്യർ 6:9-10; വെളിപ്പാട് 22:15)).*
5) അവിശ്വാസികൾ സാത്താനോടും ഭൂതങ്ങളോടും പാപത്തിൽ മരിച്ചവരോടുമൊപ്പം അന്ധകാരമുള്ള ഒരു സ്ഥലത്ത് വസിക്കും. അവർ ദൈവത്തോട് നിത്യമായ വെറുപ്പ് കാത്തുസൂക്ഷിക്കുകയും തനിക്കെതിരെ പല്ലുകടിക്കുകയും ചെയ്യും. എങ്കിലും ദൈവം തങ്ങളുടെ മേൽ നടത്തുന്ന ന്യായവിധിയിൽ നിന്ന് അവർക്ക് ഒരിക്കലും മോചനം ലഭിക്കുകയില്ല *(വെളിപ്പാട് 6:14-17; വെളിപ്പാട് 14:9-11; മർക്കോസ് 9:47-48; (2 തെസ്സലൊനീക്യർ 1:5-10; മത്തായി 8:12)).*
6) ശിക്ഷിക്കപ്പെട്ട പാപിയുടെ അവസ്ഥ നിത്യത മുഴുവൻ മാറ്റമില്ലാത്തതും ശാശ്വതവുമാണ് *(ലൂക്കൊസ് 16:24-26; മത്തായി 25:46).*

പ്രയോഗിക ജീവിതം

ദൈവത്തിന്റെ ന്യായവിധി ഉറപ്പാണെന്ന് അറിഞ്ഞുകൊണ്ട് *(എബ്രായർ 9:27),* അവിടുത്തെ മുൻപാകെ നിൽക്കാൻ നാം ഒരുങ്ങിയിരിക്കണം:

1. സമയം ഉള്ളപ്പോൾ തന്നെ, രക്ഷയ്ക്കായി ഇന്ന് ക്രിസ്തുവിൽ വിശ്വസിക്കുമെന്ന് ഉറപ്പുവരുത്തുക *(2 കൊരിന്ത്യർ 6:1-2).*
2. ക്രിസ്തുവിന് പുറത്തായിരിക്കുക എന്നതിനർത്ഥം നിത്യനരകമാണ്. അതിനാൽ, ഈ കൃപയുടെ കാലത്ത് സമയം ഇനിയും ഉള്ളപ്പോൾ,

നശിച്ചുപോകുന്നവരോട് നാം സുവിശേഷം പ്രസംഗിക്കണം *(യോഹന്നാൻ 9:4-5; 2 കൊരിന്ത്യർ 5:18-21).*

3. ക്രിസ്തുവിന്റെ മടങ്ങിവരവ് പ്രതീക്ഷിച്ചുകൊണ്ട്, അവിടുത്തെ കാണാൻ ഒരുങ്ങി, ന്യായവിധിക്ക് തയ്യാറായി ഓരോ ദിവസവും നാം ജീവിക്കണം. ഓരോ നിമിഷവും പ്രധാനപ്പെട്ടതാണെന്ന് അറിഞ്ഞുകൊണ്ട് ക്രിസ്തുവിനായി നന്നായി ജീവിക്കണം *(1 കൊരിന്ത്യർ 9:24-27; (2 പത്രോസ് 3:14; ഫിലിപ്പിയർ 3:12-14)).*
4. ക്രിസ്തു മടങ്ങിവരുമ്പോൾ എല്ലാം പുതിയതാകുമെന്നും, നാം പറുദീസയിൽ എന്നേക്കും തന്നോടൊപ്പം സന്തോഷിക്കുമെന്നും അറിഞ്ഞുകൊണ്ട് അവിടുത്തെ വരവിനായി നാം ആകാംക്ഷയോടെ കാത്തിരിക്കണം *(വെളിപ്പാട് 21:1-7; (വെളിപ്പാട് 22:20-21; റോമർ 8:18-25)).*

ആഗ്ലിക്കൻ ഏറ്റുപറച്ചിലിൽ നിന്ന്

ന്യായവിധിയുടെ ഒരു ദിവസം വരാനിരിക്കുന്നു എന്ന് ക്രിസ്തു നമ്മെ ബോധ്യപ്പെടുത്താൻ ആഗ്രഹിക്കുന്നു; ഇത് എല്ലാവരെയും പാപത്തിൽ നിന്ന് അകറ്റാനും, കഷ്ടതയിലുള്ള ദൈവഭക്തർക്ക് കൂടുതൽ ആശ്വാസം നൽകാനും വേണ്ടിയാണ്. അതുപോലെ, ആ ദിവസം മനുഷ്യർക്ക് അജ്ഞാതമായിരിക്കണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു. കർത്താവ് ഏത് സമയത്താണ് വരികയെന്ന് അറിയാത്തതുകൊണ്ട്, ജഡികമായ സുരക്ഷിതബോധം വിട്ട് എല്ലാവരും എപ്പോഴും ജാഗ്രതയുള്ളവരായിരിക്കണം. "കർത്താവായ യേശുവേ, വേഗം വരണമേ; ആമേൻ" എന്ന് പറയാൻ എപ്പോഴും ഒരുങ്ങിയിരിക്കണം. (2LCF അധ്യായം 32, ഖണ്ഡിക 3)

ചോദ്യങ്ങൾ

1. സ്വർഗ്ഗത്തിൽ ആളുകൾ എങ്ങനെയാണ് എത്തുന്നത്? എല്ലാ ആളുകളും ഒടുവിൽ അവിടെ എത്തുന്നുവോ ?
2. നരകം എങ്ങനെയിരിക്കും? ഒരാൾ നരകത്തിൽ എത്തിക്കഴിഞ്ഞാൽ അവിടെ നിന്ന് രക്ഷപ്പെടാൻ സാധിക്കുമോ?
3. സ്വർഗ്ഗത്തെക്കുറിച്ച് ചിന്തിക്കുന്നത് ഒരു ക്രിസ്ത്യാനിയെ എങ്ങനെയാണ് ഉത്തേജിപ്പിക്കുന്നത് ?

കൂടുതൽ പഠനത്തിനായി

- ✓ *സ്വർഗ്ഗം ഏറ്റവും മെച്ചപ്പെട്ട സ്ഥലമാണ് (Heaven is a Far better Place)* - എറിൽ ഡേവിസ് (ഇവാഞ്ചലിക്കൽ പ്രസ്)
- ✓ *നരകത്തിന് എന്താണോ സംഭവിച്ചത് ? (Whatever Happened to Hell?)* - ജോൺ ബ്ലാഞ്ചർഡ് (ഇവാഞ്ചലിക്കൽ പ്രസ്)

പഠനം 11: സഭ

സഭ എന്നാൽ എന്ത്?

സഭ എന്നാൽ എന്ത് എന്ന് സ്വയം ചോദിക്കുക. നിങ്ങളുടെ ആദ്യ ചിന്തകൾ എന്താണെന്ന് പരിശോധിക്കുകയും അത് രേഖപ്പെടുത്തുകയും ചെയ്യുക. പൊതുവായി ഈ പദം എങ്ങനെയാണ് ഉപയോഗിക്കുന്നത്?

സഭ (Church) എന്ന വാക്കിന്റെ അർഥം 'കൂട്ടം' എന്നാണ്. ഇത് കെട്ടിടങ്ങളെയോ സംഘടനകളെയോ അല്ല, മറിച്ച് ആളുകളെയാണ് സൂചിപ്പിക്കുന്നത്. അതും അധികാരശ്രേണികളുള്ള മാനുഷിക സംഘടനകളെ ഒട്ടും തന്നെ അർത്ഥമാക്കുന്നില്ല! പുതിയനിയമത്തിൽ ഈ വാക്ക് രണ്ട് രീതിയിലാണ് ഉപയോഗിച്ചിരിക്കുന്നത്:

1) പ്രാദേശിക സഭകൾ: പ്രത്യേക സ്ഥലങ്ങളിലുള്ള സഭകൾ *(അപ്പൊ11:25-26; 14:23; 15:41).*
2) സാർവ്വത്രിക സഭ: എല്ലാ കാലത്തും എല്ലായിടത്തുമുള്ള എല്ലാ വിശ്വാസികളും ഉൾപ്പെടുന്ന സഭ *(എഫെസ്യർ 3:21; കൊലൊസ്സ്യർ 1:18).*

സഭയെ ക്രിസ്തുവിന്റെ ശരീരം എന്ന് വിളിക്കുന്നു; ക്രിസ്തുവിലുള്ള വിശ്വാസികളുടെ കൂട്ടായ്മയാണിത് *(എഫെസ്യർ 1:22-23; 5:29-30; (അപ്പൊ 14:27; 1 കൊരിന്ത്യർ 11:18)).*

ആരാണ് അംഗങ്ങൾ?

ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് വിളിക്കപ്പെടുകയും, അവിടുന്ന് വീണ്ടെടുത്ത് വിശുദ്ധീകരിക്കുകയും ചെയ്തവരാണ് അതിലെ അംഗങ്ങൾ *(1 കൊരിന്ത്യർ 1:2; (എഫെസ്യർ 5:25-26; അപ്പൊസ്തലപ്രവൃത്തികൾ 5:14)).* ക്രിസ്തുവിന്റെ വിളിയോടുള്ള അവരുടെ അനുസരണം താഴെ പറയുന്ന രീതിയിൽ പ്രകടമാക്കുന്നു:

1) **സ്നാനം**: സ്നാനത്തിലൂടെ അവർ ക്രിസ്തുവിലുള്ള തങ്ങളുടെ വിശ്വാസം പരസ്യമായി ഏറ്റുപറയുന്നു *(അപ്പൊ 2:41; 16:14-15).*
2) **കൂട്ടായ്മ**: ആരാധനയ്ക്കും ശുശ്രൂഷയ്ക്കുമായി വിശുദ്ധന്മാരുടെ യോഗത്തിൽ അവർ ചേർന്നുനിൽക്കുന്നു *(അപ്പൊ 14:27; എബ്രായർ 10:19-25).*
3) **സമർപ്പണം**: സഭയുടെ ജീവിതം, സാക്ഷ്യം, ദൗത്യം എന്നിവയ്ക്കായി അവർ

തങ്ങളെത്തന്നെ സമർപ്പിക്കുന്നു (അപ്പൊ 2:42-47).

ഒരു വ്യക്തി വിശ്വാസിയായിത്തീർന്നാൽ, സ്നാനം, ആരാധന, ശുശ്രൂഷ, ദൗത്യം എന്നിവയ്ക്കായി ഒരു പ്രാദേശിക സഭയിൽ ചേരുകയാണ് ചെയ്യേണ്ടത് എന്ന് പുതിയനിയമം വ്യക്തമാക്കുന്നു (അപ്പൊ 5:14). സഭകൾ തങ്ങളുടെ അംഗങ്ങളെ വ്യക്തമായി തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്തിരുന്നു (1 കൊരിന്ത്യർ 5:13).

പ്രാദേശിക സഭയുടെ വിളിയും ഉദ്ദേശ്യവും എന്താണ്?

1) **കൂട്ടായ ആരാധന**: പാട്ടുപാടുന്നത് മാത്രമാണ് ആരാധന എന്ന് കരുതുന്നവരുണ്ട്, എന്നാൽ ബൈബിളിൽ ആരാധന എന്നത് വളരെ വിപുലമാണ്. വചനം ശ്രദ്ധിക്കുക, പ്രാർത്ഥിക്കുക, ബൈബിൾ വായിക്കുക, പ്രസംഗിക്കുക, പാപം ഏറ്റുപറയുക, പാടുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഭൂമിയിലെ സഭയുടെ ഏറ്റവും ഉയർന്ന വിളി ഇതാണ്. സ്വർഗ്ഗത്തിലെ സഭയോടൊപ്പം ദൈവത്തിന്റെ സിംഹാസനത്തിന് മുൻപാകെ ആരാധിക്കാൻ നാം ചേരുന്നു *(എബ്രായർ 12:22-24; വെളിപ്പാട് 4:8-11; (യോഹന്നാൻ 4:23-24; കൊലൊസ്സ്യർ 3:16-17; സങ്കീർത്തനം 100))*.
2) **അപ്പൊസ്തലിക സാക്ഷ്യം**: പുതിയനിയമത്തിൽ അപ്പൊസ്തലന്മാരിലൂടെ ദൈവം വെളിപ്പെടുത്തിയ വിശ്വാസത്തെ (സത്യോപദേശങ്ങൾ) ഏറ്റുപറയാനും, ഉയർത്തിപ്പിടിക്കാനും, കാത്തുസൂക്ഷിക്കാനും ക്രിസ്തു സഭയെ വിളിച്ചിരിക്കുന്നു *(അപ്പൊ20:25-31; 1 തിമൊഥെയൊസ് 3:14-16; (യൂദാ 3; 2 തിമൊഥെയൊസ് 1:13-2:2; തീത്തോസ് 2:1))*.
3) **പ്രസംഗശുശ്രൂഷ**: സഭ ഏറ്റുപറയുന്ന ഈ ദൈവവചനം പ്രസംഗത്തിലൂടെ പ്രഖ്യാപിക്കപ്പെടണം *(1 കൊരിന്ത്യർ 1:21-24; റോമർ 10:14-17; (1 കൊരിന്ത്യർ 2:1-5; 2 തിമൊഥെയൊസ് 4:1-4))*.
4) **ക്രിസ്തുവിന്റെ കല്പനകൾ**: സ്നാനവും കർത്താവിന്റെ അത്താഴവും ക്രിസ്തുവിന്റെ കല്പന പ്രകാരം സഭ ആചരിക്കണം *(മത്തായി28:19-20; 1 കൊരിന്ത്യർ 11:26)*. അടുത്ത പഠനം നോക്കുക.
5) **സ്നേഹകൂട്ടായ്മ**: അംഗങ്ങൾ ക്രിസ്തുവിൽ പരസ്പരം സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുമ്പോൾ ക്രിസ്തുവിന്റെ സ്നേഹം സഭയിൽ പ്രകടമാകണം *(യോഹന്നാൻ 13:34-35; കൊലൊസ്സ്യർ 3:12-15; (റോമർ 12:9-21; യോഹന്നാൻ 13:1-17))*. ഈ കൂട്ടായ്മ സഭകൾ തമ്മിലും സ്നേഹത്തോടെ പങ്കുവെക്കപ്പെടണം *(റോമർ 16:1-2; 3 യോഹന്നാൻ 5-12)*.

6) **ശരിയായ അച്ചടക്കം**: അംഗങ്ങളുടെ ആത്മീയ നന്മയ്ക്കും ക്രിസ്തുവിന്റെ മഹത്വത്തിനുമായി അവരെ തിരുത്താൻ ആവശ്യമായ സ്നേഹം സഭയ്ക്കുണ്ടായിരിക്കണം *(ഗലാത്യർ 6:1-2; 1 കൊരിന്ത്യർ 5:1-5; മത്തായി 18:15-18).*
7) **ലോക സുവിശേഷ ദൗത്യം**: ക്രിസ്തുവിന്റെ കല്പന അനുസരിച്ച് എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിച്ചുകൊണ്ട് അവിടുത്തെ മടങ്ങിവരവ് വേഗത്തിലാക്കാൻ സഭ പരിശ്രമിക്കണം *(മത്തായി 28:16-20; റോമർ 1:16-17).*

സഭ എങ്ങനെയാണ് ഭരിക്കപ്പെടുന്നത്?

സഭയുടെ തലവൻ ക്രിസ്തു മാത്രമാണ്; അത് ആഗോളതലത്തിലായാലും പ്രാദേശിക തലത്തിലായാലും അങ്ങനെതന്നെയാണ്. (2LCF) ആഗ്ലിക്കൻ ഏറ്റുപറച്ചിലിൽ നാം വായിക്കുന്നത് പോലെ: *"കർത്താവായ യേശുക്രിസ്തുവാണ് സഭയുടെ തലവൻ. പിതാവിനാൽ നിയമിക്കപ്പെട്ടതനുസരിച്ച്, സഭയുടെ വിളി, സ്ഥാപനം, ക്രമം അല്ലെങ്കിൽ ഭരണം എന്നിവയ്ക്കായുള്ള എല്ലാ അധികാരവും പരമോന്നതവും പരമാധികാരപരവുമായ രീതിയിൽ ക്രിസ്തുവിൽ നിക്ഷിപ്തമാണ്." (2LCF അധ്യായം 26, ഖണ്ഡിക 4). കാണുക: എഫെസ്യർ 1:22-23; കൊലൊസ്സ്യർ 1:18; (എഫെസ്യർ 5:23).*

ദൈവവചനത്തിന്റെ ശുശ്രൂഷയെ പരിശുദ്ധാത്മാവ് വിശ്വാസികളുടെ കൂട്ടായ്മയിൽ പ്രയോഗിക്കുമ്പോൾ, സഭകളിൽ ക്രിസ്തുവിന്റെ ഭരണം പ്രായോഗികമായി നടപ്പിലാക്കപ്പെടുന്നു. അങ്ങനെ, അവർ ക്രിസ്തുവിന്റെ മനസ്സറിയുകയും എല്ലാ കാര്യങ്ങളിലും തന്നെ അനുസരിച്ച് ജീവിക്കുകയും ചെയ്യുന്നു *(കൊലൊസ്സ്യർ 3:15-17; 1 കൊരിന്ത്യർ 2:13-16).*

വിശ്വാസികൾ ആത്മാവിൽ ഒത്തുചേരുമ്പോൾ സഭ മുഴുവൻ ക്രിസ്തുവിന് കീഴിലാണ്. അന്തിമമായ അധികാരം സഭായോഗത്തിനാണ് (ഇതിനെ സഭായോഗ ഭരണരീതി അഥവാ Congregational government എന്ന് വിളിക്കുന്നു). നേരത്തെ സൂചിപ്പിച്ച അച്ചടക്ക നടപടികളിൽ ഇത് കാണാൻ സാധിക്കും *(ഗലാത്യർ 6:1-2; 1 കൊരിന്ത്യർ 5:1-5; മത്തായി 18:15-18).*

ക്രിസ്തുവിന്റെ ശബ്ദം കേൾക്കാനും, ആത്മാവിൽ ഒരുമിച്ച് നടക്കാനും, പിതാവിനെ ബഹുമാനിക്കാനും, കർത്താവ് അവരെ ഏൽപ്പിച്ചിരിക്കുന്ന എല്ലാ കാര്യങ്ങളും പൂർത്തിയാക്കാനും വേണ്ടി ക്രിസ്തു തന്റെ സഭയ്ക്ക് മൂപ്പന്മാരെ നൽകുന്നു *(എഫെസ്യർ 4:11-13).*

പ്രാദേശിക സഭയിൽ ആരാണ് നേതൃത്വം നൽകുന്നത്?

സഭയിലെ ആത്മീയ നേതാക്കളെ മൂപ്പന്മാർ (Elders), അധ്യക്ഷന്മാർ (Overseers), ഇടയന്മാർ (Pastors), ശുശ്രൂഷകർ (Ministers), അധീശ ഇടയന്മാർ (Under-shepherds) എന്നിങ്ങനെ പല പേരുകളിൽ വിളിക്കുന്നു (ക്രിസ്തുവിനെ മാത്രം കർത്താവായി കാണുന്നതിനാൽ അവരുടെ അധികാരം ക്രിസ്തുവിന് കീഴിലാണ്). ഈ പേരുകൾ പരസ്പരം മാറി ഉപയോഗിക്കാവുന്നവയാണ്. ക്രിസ്തുവിനെ പ്രസംഗിക്കാനും പഠിപ്പിക്കാനും ഭരിക്കാനും മേയിക്കാനും ശുശ്രൂഷിക്കാനും വിശ്വസ്തതയോടെ പ്രവർത്തിക്കാനും ക്രിസ്തു അവരെ വിളിച്ചിരിക്കുന്നു. അവർ ക്രിസ്തുവിന്റെ ആട്ടിൻകൂട്ടത്തിന് മാതൃകയാണ്. അവരെ സഭയുടെ മേൽ ഭരണം നടത്താനല്ല, മറിച്ച് സഭയ്ക്ക് അനുഗ്രഹമാകാനും തങ്ങളുടെ കർത്താവിന്റെ ഇഷ്ടത്തിലേക്കും ചിന്തയിലേക്കും അവരെ നയിക്കാനുമാണ് ക്രിസ്തു അവരെ സഭയ്ക്ക് ദാനമായി നൽകിയത് *(1 പത്രോസ് 5:1-4; (അപ്പൊ. 20:25-31; 1 തിമൊഥെയൊസ് 4:12-16))*.

മൂപ്പന്മാരെ കണ്ടെത്താനും, ഒരുക്കാനും, വേർതിരിക്കാനും, പിന്തുണയ്ക്കാനും, അവർക്കായി പ്രാർത്ഥിക്കാനും സഭകൾ ഉത്തരവാദിത്തപ്പെട്ടവരാണ്. മൂപ്പന്മാരുടെ ആത്മീയ മാർഗനിർദ്ദേശം സ്വീകരിക്കാനും അവരെ ബഹുമാനിക്കാനും അവരുടെ നേതൃത്വത്തിന് കീഴ്പെടാനും അംഗങ്ങൾ ബാധ്യസ്ഥരാണ് *(1 തിമൊഥെയൊസ് 5:17-20; (എബ്രായർ 13:7, 17; 1 തെസ്സലൊനീക്യർ 5:12-13))*. മൂപ്പന്മാർക്ക് ഉണ്ടായിരിക്കേണ്ട കൃപകളെയും വരങ്ങളെയും കുറിച്ച് ബൈബിൾ വ്യക്തമാക്കുന്നു *(1 തിമൊഥെയൊസ് 3:1-7; (തീത്തോസ് 1:5-9))*.

ശുശ്രൂഷകർ അഥവാ പരിചാരകർ (deacons or servants) എന്ന് വിളിക്കപ്പെടുന്ന രണ്ടാമതൊരു സംഘം നേതാക്കൾ സഭയിലുണ്ട്. അംഗങ്ങളുടെ പ്രായോഗിക ആവശ്യങ്ങൾ നിറവേറ്റിയും, വചന ശുശ്രൂഷയിലും പ്രാർത്ഥനയിലും മൂപ്പന്മാരെ പിന്തുണച്ചും അവർ മൂപ്പന്മാരെ സഹായിക്കുന്നു *(അപ്പൊ. 6:1-6; ഫിലിപ്പിയർ 1:1; (1 തിമൊഥെയൊസ് 3:8-13))*.

രണ്ടാം വിശ്വാസ ഏറ്റുപറച്ചിലിൽ നിന്ന്

ഈ സഭകളിലെ അംഗങ്ങൾ വിളിക്കപ്പെട്ട വിശുദ്ധന്മാരാണ്. ക്രിസ്തുവിന്റെ വിളിക്ക് അവർ വിധേയരാണെന്ന് തങ്ങളുടെ ജീവിതത്തിലൂടെയും പ്രവൃത്തികളിലൂടെയും അവർ വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ

കല്പനയനുസരിച്ച് ഒന്നിച്ച് നടക്കാനും, തങ്ങളെത്തന്നെ കർത്താവിനും പരസ്പരവും സമർപ്പിക്കാനും, ദൈവത്തിന്റെ ഇഷ്ടപ്രകാരം സുവിശേഷത്തിന്റെ ചട്ടങ്ങൾക്ക് വിധേയരായി ജീവിക്കാനും അവർ മനസ്സോടെ സമ്മതിക്കുന്നു. (2LCF അധ്യായം 26, ഖണ്ഡിക 6).

ചോദ്യങ്ങൾ

1) സഭ എന്നാൽ എന്ത്?
2) ആരെല്ലാം സഭയിൽ അംഗങ്ങളാകണം? അംഗത്വത്തിനുള്ള യോഗ്യതകൾ എന്തൊക്കെയാണ്?
3) ഒരു സഭയിൽ ചേരാൻ തീരുമാനിക്കുമ്പോൾ നിങ്ങൾ എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത്? ഒരു സഭ അതിന്റെ വിളി നിറവേറ്റുന്നുണ്ടെന്ന് നിങ്ങൾക്ക് എങ്ങനെ മനസ്സിലാക്കാം?
4) സഭയുടെ തലവനായ ക്രിസ്തുവും മൂപ്പന്മാരും തമ്മിലുള്ള ബന്ധം എന്താണ്?
5) പ്രാദേശിക സഭയെന്ന ശരീരത്തിൽ നിങ്ങളുടെ സ്ഥാനം എന്താണ്? നിങ്ങളുടെ ഉത്തരവാദിത്തങ്ങളും അവകാശങ്ങളും എന്തൊക്കെയാണ്?

കൂടുതൽ പഠനത്തിനായി

- ✓ *ഒരു യഥാർത്ഥ സഭയുടെ മഹത്വം (The Glory of a True Church)* - ബെഞ്ചമിൻ കീച്ച് (ഫ്രീ ഗ്രേസ് പ്രസ്)
- ✓ *പിതാവിന്റെ ഭവനത്തിലെ ജീവിതം (Life in the Father's House)* - വെയ്ൻ എ. മാക്ക് & ഡേവിഡ് സ്വാവലി (ആർ & ആർ)
- ✓ *സഭാംഗമാകണോ വേണ്ടയോ? (To Be or Not To Be a Church member?)* - വെയ്ൻ എ. മാക്ക് (കാൽവറി പ്രസ്)
- ✓ *സഭാംഗങ്ങൾക്കുള്ള വഴികാട്ടി (The Church Members' Guide)* - ജോൺ ഏഞ്ചൽ ജെയിംസ് (സോളിഡ് ഗ്രൗണ്ട് ക്രിസ്ത്യൻ ബുക്സ്)

പഠനം 12: സ്നാനവും കർത്തൃമേശയും

സ്നാനവും കർത്താവിന്റെ അത്താഴവും കർത്താവായ യേശു കല്പിച്ച കല്പനകളാണ്. നിയമദാതാവായ അവിടുന്ന് തന്നെയാണ് ഇവ സ്ഥാപിച്ചത്. ലോകാവസാനം വരെ തന്റെ സഭയിൽ ഇവ തുടർന്നുപോരണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു (2LCF അധ്യായം 28, ഖണ്ഡിക 1).

എന്താണ് സ്നാനം?

സ്നാനം എന്നത് ഉള്ളിലുണ്ടായ മാറ്റത്തിന്റെ പുറമെയുള്ളതും ദൃശ്യവുമായ ഒരു അടയാളമാണ്. വെള്ളത്തിന് ആത്മീയമായി ഒന്നും ചെയ്യാൻ കഴിയില്ല; ദൈവം ഉള്ളിൽ ചെയ്ത കാര്യത്തിന്റെ പ്രതീകമാണത്.

'സ്നാനം' (Baptism) എന്ന വാക്കിന് മുക്കുക അല്ലെങ്കിൽ നിമജ്ജനം ചെയ്യുക എന്നാണർത്ഥം. അതുകൊണ്ട്, വിശ്വാസം ഏറ്റുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഒരു വ്യക്തിയെ പരസ്യമായി വെള്ളത്തിൽ മുക്കുകയാണ് സ്നാനത്തിൽ ചെയ്യുന്നത് *(മത്തായി 28:18-20)*. സ്നാനത്തിലൂടെ, ക്രിസ്തുവിനോടുള്ള തന്റെ ഉടമ്പടി പ്രതിബദ്ധത താൻ ഉറപ്പിക്കുകയും, കർത്താവിനുള്ള വിശ്വസ്ത സേവനത്തിന്റെ സാക്ഷ്യം പരസ്യമായി തുടങ്ങുകയും ചെയ്യുന്നു *(അപ്പൊ 9:10-22)*.

സ്നാനം എന്തിനെയാണ് സൂചിപ്പിക്കുന്നത്?

1) ക്രിസ്തുവുമായുള്ള ഐക്യം: അവിടുത്തെ ജീവിതം, മരണം, പുനരുത്ഥാനം എന്നിവയിൽ പങ്കാളിയാകുന്നത് *(റോമർ 6:1-6; (ഗലാത്യർ 3:27; കൊലൊസ്സ്യർ 2:12))*.
2) പാപങ്ങളിൽ നിന്നുള്ള ശുദ്ധീകരണം: പാപങ്ങൾ കഴുകിക്കളയുന്നത് *(മർക്കോസ് 1:4; അപ്പൊ 22:16)*.
3) സഭയിലേക്കുള്ള പ്രവേശനം: സഭയിലെ മറ്റുള്ളവരുമായി പങ്കുവെക്കുന്ന വിശ്വാസപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സഭയിലേക്ക് ചേർക്കപ്പെടുന്നത് *(അപ്പൊ 2:37-42; എബ്രായർ 10:22-23; (റോമർ 10:9-10; 1 തിമൊഥെയൊസ് 6:12; എഫെസ്യർ 4:4-6))*.

4) പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നത്: *(അപ്പൊ.2:38; (അപ്പൊ19:5-6; 1 കൊരിന്ത്യർ 12:13))*.
5) ഉടമ്പടി പ്രതിബദ്ധത: ക്രിസ്തുവിനെ പൂർണ്ണമായി അനുസരിക്കാനും സേവിക്കാനും, പുതിയ ജീവിതം നയിക്കാനുമുള്ള പുതിയ വിശ്വാസിയുടെ ഉടമ്പടി *(റോമർ 6:4; അപ്പൊ 2:41-42)*.

ആരെയാണ് സ്നാനപ്പെടുത്തേണ്ടത്?

ദൈവത്തോടുള്ള മാനസാന്തരവും, കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസവും അനുസരണവും പരസ്യമായി ഏറ്റുപറയുന്നവർ മാത്രമാണ് സ്നാനത്തിന് അർഹർ (2LCF, അധ്യായം 28, ഖണ്ഡിക 2).

വിശ്വാസപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വേണം സ്നാനം നൽകാൻ എന്ന് കർത്താവായ യേശു കല്പിച്ചു *(മത്തായി 28:18-20)*.

പുതിയനിയമത്തിലെ സ്നാനത്തിന്റെ എല്ലാ ഉദാഹരണങ്ങളും പരസ്യമായി വിശ്വാസം ഏറ്റുപറഞ്ഞവരുടേതാണ് *(അപ്പൊ 8:36-37; (അപ്പൊ 10:43-48))*.

ഒരു കുടുംബം സ്നാനം ഏറ്റു എന്ന് പറയുന്നിടത്ത്, അവിശ്വാസികൾ അതിലുണ്ടായിരുന്നു എന്ന് വിശ്വസിക്കാൻ ഒരു കാരണവുമില്ല *(അപ്പൊ 16:14-15, 31-33)*.

സ്നാനം എന്നത് ക്രിസ്തുവുമായുള്ള ഐക്യം, പാപത്തിൽ നിന്നുള്ള ശുദ്ധീകരണം, സഭയിലേക്കുള്ള പ്രവേശനം, ആത്മാവിന്റെ നിറവ്, ഉടമ്പടി എന്നിവയെ സൂചിപ്പിക്കുന്നുവെങ്കിൽ, വിശ്വാസിയല്ലാത്ത ഒരാൾക്ക് അത് എങ്ങനെ ബാധകമാകും എന്ന് മനസ്സിലാക്കാൻ കഴിയില്ല; നടന്നിട്ടില്ലാത്ത ഒരു കാര്യത്തിന് അടയാളം നൽകുന്നതുപോലെയാണത്.

എന്തുകൊണ്ടാണ് ചില സഭകൾ കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തുന്നത്?

പഴയനിയമത്തിലെ പരിച്ഛേദനയുമായി അവർ പുതിയനിയമത്തിലെ സ്നാനത്തെ ബന്ധിപ്പിക്കുന്നു. അബ്രഹാമുമായുള്ള ഉടമ്പടിയിൽ ആൺകുട്ടികൾ പരിച്ഛേദനയിലൂടെ പഴയ ഉടമ്പടിയിൽ പ്രവേശിച്ചതുപോലെ, സ്നാനത്തിലൂടെ അവർ പുതിയ ഉടമ്പടിയിൽ പ്രവേശിക്കുന്നു എന്നാണ് അവർ കരുതുന്നത്. എന്നാൽ, വേദപുസ്തകം പഴയനിയമത്തിലെ പരിച്ഛേദനയെ സ്നാനവുമായല്ല, മറിച്ച് പുതിയ ജനനവുമായാണ് (ആത്മീയ പരിവർത്തനം) ബന്ധിപ്പിക്കുന്നത്.

പഴയനിയമത്തിൽ അത് ജഡത്തിലായിരുന്നുവെങ്കിൽ, പുതിയനിയമത്തിൽ അത് പരിശുദ്ധാത്മാവിനാൽ ഹൃദയത്തിലാണ് നടക്കുന്നത് *(ആവർത്തനം 10:16; റോമർ 2:25-29; കൊലൊസ്സ്യർ 2:11).*

പരിച്ഛേദനയും സ്നാനവും തമ്മിൽ ബൈബിൾ പ്രകാരം യാതൊരു ബന്ധവുമില്ല. ദൈവത്തിന്റെ ഉടമ്പടിയിലെ ജനങ്ങൾ ഇപ്പോൾ ഒരു വംശമോ ഭാഷയോ അല്ല, മറിച്ച് ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാ ഗോത്രങ്ങളിലും ഭാഷകളിലും ജനതകളിലും നിന്നുള്ളവരാണ്. ഇപ്പോൾ, രക്ഷിക്കുന്ന വിശ്വാസത്തിലൂടെ ദൈവത്തിന്റെ വിശുദ്ധന്മാരുടെ കൂട്ടായ്മയിലേക്ക് ജനം ചേർക്കപ്പെടുന്നു. വിശ്വാസത്തെ അനുഗമിക്കുകയും അതിനെ അടയാളപ്പെടുത്തുകയും ചെയ്യുന്ന സ്നാനത്തിലൂടെയാണ് ഇത് പ്രകടമാകുന്നത് *(എഫെസ്യർ 2:11-22).*

എന്താണ് ബൈബിൾ പ്രകാരമുള്ള സ്നാനരീതി?

സ്നാനം എന്ന വാക്ക് അർത്ഥമാക്കുന്നതുപോലെയും, പുതിയനിയമത്തിലെ മാതൃക കാണിക്കുന്നതുപോലെയും, വെള്ളത്തിൽ പൂർണ്ണമായി മുങ്ങുക എന്നതാണ് സ്നാനം *(മത്തായി 3:16; യോഹന്നാൻ 3:23).*

വിശ്വാസിക്ക് സ്നാനം ആവശ്യമാണോ?

യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട കള്ളൻ രക്ഷ പ്രാപിച്ചെങ്കിലും അവന് സ്നാനപ്പെടാൻ സമയമുണ്ടായിരുന്നില്ല *(ലൂക്കൊസ് 23:43).* എന്നാൽ ഇത് ക്രിസ്ത്യാനിയുടെ ജീവിതത്തിൽ സ്നാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചല്ല പറയുന്നത്. കാരണം, അവന് നല്ല പ്രവൃത്തികൾ ചെയ്യാനോ, സഭയിൽ ചേരാനോ, ആരാധനയിൽ പങ്കെടുക്കാനോ, പ്രസംഗം കേൾക്കാനോ സമയമുണ്ടായിരുന്നില്ല. എന്നാൽ ഇവയെല്ലാം ഒരു വിശ്വാസിക്ക് അത്യാവശ്യമാണെന്ന് നാം കരുതുന്നു. സ്നാനം താഴെ പറയുന്ന കാരണങ്ങളാൽ അത്യന്താപേക്ഷിതമാണ്:

1) ഇത് ക്രിസ്തു കല്പിച്ചതാണ്; തന്റെ പുതിയ ഉടമ്പടിയിലെ ജനങ്ങൾക്കായി അവിടുന്ന് സ്ഥാപിച്ച കല്പനയാണിത് *(മത്തായി 28:19).*
2) യേശു തന്നെ ഇത് മാതൃകയാക്കി. യോഹന്നാനാൽ യോർദാനിൽ സ്നാനമേറ്റപ്പോൾ, പാപികളോട് താദാത്മ്യം പ്രാപിക്കുകയും തന്റെ മരണത്തെയും അടക്കത്തെയും ഉയിർപ്പിനെയും സൂചിപ്പിക്കുകയുമാണ് അവിടുന്ന് ചെയ്തത് *(മത്തായി 3:13-17).*

3) ത്രിയേക ദൈവത്തിന്റെ നാമവും അനുഗ്രഹവും വ്യക്തിപരമായി നമ്മുടെ മേൽ ചൊരിയുന്ന നിമിഷമാണിത് (മത്തായി 28:19).
4) ഇത് ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യത്തെയും പാപത്തിൽ നിന്നുള്ള ശുദ്ധീകരണത്തെയും സൂചിപ്പിക്കുന്നു; നാം അപ്പൊസ്തലിക വിശ്വാസം പരസ്യമായി ഏറ്റുപറയുമ്പോൾ സഭയിലേക്ക് നാം പ്രവേശിക്കുന്നു, നമ്മുടെ ജീവിതത്തിലെ ആത്മാവിന്റെ നിറവിനെ അത് കാണിക്കുകയും ചെയ്യുന്നു.
5) പുതിയ ജീവിതത്തിൽ ക്രിസ്തുവിനായി ജീവിക്കാനുള്ള നമ്മുടെ വിശ്വാസപ്രഖ്യാപനവും ഉടമ്പടി പ്രതിബദ്ധതയുമാണ് ഇത്.

അതുകൊണ്ട്, ക്രിസ്തുവിന്റെ വിശ്വസ്തനായ ഏത് അനുയായിക്കും സ്നാനം വളരെ പ്രധാനപ്പെട്ടതാണ്.

എന്താണ് കർത്താവിന്റെ അത്താഴം?

കർത്താവിന്റെ അത്താഴം പുതിയനിയമത്തിലെ ഒരു കല്പനയാണ്. അതിന്റെ അടിസ്ഥാന തത്വങ്ങൾ ഇവയാണ്:

- ഒരു പ്രാദേശിക സഭ *(1 കൊരിന്ത്യർ 1:2);*
- കർത്താവിന്റെ ദിവസത്തിൽ *(1 കൊരിന്ത്യർ 11:25-26; അപ്പൊ 20:7);*
- ഒന്നിച്ച് ഒരു ഭക്ഷണമേശയിൽ പങ്കെടുക്കുന്നു *(1 കൊരിന്ത്യർ 11:20-22, 33-34);*
- അപ്പവും വീഞ്ഞും ഉൾപ്പെടുന്നു *(1 കൊരിന്ത്യർ 11:23-26);*
- ക്രിസ്തുവിന്റെ ശുശ്രൂഷകർ എല്ലാവർക്കും അത് വിതരണം ചെയ്യുന്നു *(1 കൊരിന്ത്യർ 11:24);*
- ക്രിസ്തുവിന്റെ ശരീരത്താലും രക്തത്താലും ലഭിക്കുന്ന ആത്മീയ പോഷണത്താൽ ഒത്തുചേർന്ന സഭയെ ഇതിലൂടെ സൂചിപ്പിക്കുന്നു *(1 കൊരിന്ത്യർ 10:16-17; 11:24-25);*
- ക്രിസ്തുവിന്റെ മരണത്തെയും പാപപരിഹാരത്തെയും പ്രഖ്യാപിക്കുന്നു (1 കൊരിന്ത്യർ 11:26).

കർത്താവിന്റെ അത്താഴം സ്ഥാപിച്ചത് യേശു തന്നെയാണ്. തന്റെ ജനത്തോട് തന്നെ ഓർക്കാനും, അവരിലെ വിശ്വാസം പുതുക്കാനും, തന്നെത്തന്നെ ആത്മീയമായി ഭക്ഷിക്കാനും, തന്നോട് കൂട്ടായ്മ പുലർത്താനും അവിടുന്ന് അവരെ വിളിച്ചു. അപ്പത്തിലും വീഞ്ഞിലും പ്രതീകാത്മകമായി കാണിച്ചിരിക്കുന്നതുപോലെ, ഇതൊരു തമ്മിൽ തമ്മിൽ

അടുപ്പമുള്ള ആത്മീയ കൂട്ടായ്മയുടെ പ്രവർത്തനമാണ് *(മത്തായി 26:26-30; (മർക്കോസ് 14:22-26; ലൂക്കൊസ് 22:17-23)).*

ഇതൊരു കൃപയുടെ മാർഗ്ഗമാണ്. ഇതിലൂടെ കർത്താവ് നമ്മെ തന്നിലേക്ക് അടുപ്പിക്കുന്നു. നമ്മുടെ ഹൃദയങ്ങളിൽ വിശ്വാസത്തോടെ, നന്ദിയോടെ , തന്നെ സ്വീകരിക്കാൻ അവിടുന്ന് നമ്മെ ക്ഷണിക്കുന്നു *(1 കൊരിന്ത്യർ 10:16-17).*

വിശ്വാസം ഏറ്റുപറഞ്ഞ് സ്നാനമേറ്റ് സഭയിൽ അംഗങ്ങളായി, സഹവിശ്വാസികളോടൊപ്പം വിശ്വസ്തതയോടെ നടക്കുന്നവർക്കുള്ളതാണ് ഇത് *(അപ്പൊ 2:38-42).* വിശ്വാസികൾ ഗൗരവത്തോടെയല്ലാതെ കർത്താവിന്റെ അത്താഴത്തിൽ പങ്കെടുക്കുന്നത് വ്യക്തികൾക്കും സഭയ്ക്കും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും . *(1 കൊരിന്ത്യർ 11:17-34).*

(വിശുദ്ധ മേശയിലെ അപ്പത്തിനോ വീഞ്ഞിനോ യാതൊരു മാറ്റവും സംഭവിക്കുന്നില്ല, അതിൽ മാന്ത്രിക ശക്തിയൊന്നുമില്ല. സ്നാനത്തെപ്പോലെ തന്നെ, ഇത് ആത്മീയമായി അർത്ഥവത്താവുന്നത് രക്ഷിക്കുന്ന വിശ്വാസമുള്ളവർ അതിൽ പങ്കുചേരുമ്പോൾ മാത്രമാണ്.)

രണ്ടാം വിശ്വാസ ഏറ്റുപറച്ചിലിൽ നിന്ന്

ഈ കല്പനയിലെ ദൃശ്യമായ അപ്പത്തെയും വീഞ്ഞിനെയും പുറമേ സ്വീകരിക്കുന്ന യോഗ്യരായവർ, വിശ്വാസത്താൽ ഉള്ളം കൊണ്ട് ക്രിസ്തുവിന്റെ മരണത്തെയും അതിന്റെ എല്ലാ ഫലങ്ങളെയും സ്വീകരിക്കുന്നു. (2LCF അധ്യായം 30, ഖണ്ഡിക 7).

ചോദ്യങ്ങൾ

1) മാമോദീസ' (കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തുന്നത്) ബൈബിൾ പ്രകാരമുള്ള സ്നാനം എന്നിവ തമ്മിലുള്ള വ്യത്യാസം എന്ത്?
2) ഒരു സുഹൃത്തിനെ നിങ്ങൾ സ്നാനത്തിലേക്ക് ക്ഷണിക്കുന്നു, അത് എന്താണെന്ന് അവർ ചോദിച്ചാൽ നിങ്ങൾ എങ്ങനെ ഉത്തരം നൽകും?
3) കർത്താവിന്റെ അത്താഴത്തിന്റെ പ്രാധാന്യം എന്താണ്? ഒരു ക്രിസ്ത്യാനി അതിനായി എങ്ങനെ ഒരുങ്ങണം, അതിൽ നിന്ന് എന്ത് പ്രയോജനമാണ് അവൻ അന്വേഷിക്കേണ്ടത്?

കൂടുതൽ പഠനത്തിനായി

- ✓ *സ്നാനവും സഭാംഗത്വവും (Baptism and Church membership)* - ബിൽ ജെയിംസ് (ഇവാഞ്ചലിക്കൽ പ്രസ്)
- ✓ കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തണമോ ? (Should Babies Be Baptised?) - ടി.ഇ. വാട്സൺ (ഗ്രേസ് പബ്ലിക്കേഷൻസ്)
- ✓ കർത്താവിന്റെ അത്താഴം കൃപയുടെ ആഘോഷമാണ് (The Lord's Supper is a Celebration of Grace) - ഗോർഡൻ ജെ. കെഡി (ഇവാഞ്ചലിക്കൽ പ്രസ്)
- ✓ കൃപയുടെ മാർഗ്ഗമായി കർത്താവിന്റെ അത്താഴം: ഒരു ഓർമ്മയേക്കാൾ ഉപരി (The Lord's Supper as a Means of Grace: More Than a Memory) - റിച്ചാർഡ് സി. ബാർസെല്ലോസ് (മെന്റർ)

ഇവിടെ നിന്നും ഞാൻ എങ്ങോട്ടാണ് പോകേണ്ടത്?

നിങ്ങളോട് തന്നെ ചോദിക്കുക: ഞാൻ ഒരു സത്യ ക്രിസ്ത്യാനിയാണോ?

അങ്ങനെയാണെങ്കിൽ, ഞാൻ ഒരു പ്രാദേശിക സഭയിലെ സ്നാനമേറ്റ അംഗമാണോ? കർത്താവിന്റെ ഓരോ ദിവസവും (ഞായറാഴ്ച) കൃപയുടെ മാർഗ്ഗങ്ങൾക്ക് കീഴിൽ ഇരിക്കുകയും, ദൈവത്തോടുള്ള സ്നേഹത്തിലും ക്രിസ്തുവിനോടുള്ള സാദൃശ്യത്തിലും വളരുകയുമാണോ? ഇല്ലെങ്കിൽ, നിങ്ങൾ തീർച്ചയായും നേരിടാൻ പോകുന്ന എല്ലാ പരീക്ഷണങ്ങളിലും ഒരു ക്രിസ്ത്യാനിയായി നിലനിൽക്കുന്നതിനും നിങ്ങളുടെ ആത്മീയ വളർച്ചയ്ക്കും ഇത് അത്യന്താപേക്ഷിതമാണ്.

നിങ്ങൾ ഒരു ക്രിസ്ത്യാനിയല്ലെങ്കിൽ, ഓർക്കുക, ഇത് ജീവന്റെയും മരണത്തിന്റെയും , സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും വിഷയമാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, യേശുക്രിസ്തുവിലൂടെ ദൈവത്തെ ഉടനെ അന്വേഷിക്കുക.

കൂടുതൽ വായിക്കുന്നതിനോ, ബൈബിൾ അടിസ്ഥാനമാക്കിയുള്ള ഒരു പ്രാദേശിക സഭയെ കണ്ടെത്തുന്നതിനോ, അല്ലെങ്കിൽ വ്യക്തിപരമായ ഉപദേശത്തിനും പിന്തുണയ്ക്കും സഹായം ആവശ്യമുണ്ടെങ്കിൽ, ദയവായി പ്രസാധകർക്ക് ഇമെയിൽ അയക്കുക: tfkchristianeducation@gmail.com

ഈ പഠന പുസ്തകത്തിന്റെ കൂടുതൽ പ്രതികൾക്ക്
താഴെ പറയുന്ന മേൽവിലാസത്തിൽ ബന്ധപ്പെടുക:

TFK CHRISTIAN EDUCATION CENTER
CHEPPAD. P.O,
ALLEPPEY DIST 690 507
KERALA STATE
tfkchristianeducation@gmail.com
Phone: 96669 13402

'ക്രിസ്ത്യൻ ബേസിക്സ്' (ക്രിസ്തീയ അടിസ്ഥാനങ്ങൾ) ലളിതവും ആകർഷകവുമായ രീതിയിൽ ക്രിസ്തീയ വിശ്വാസത്തെ പരിചയപ്പെടുത്തുന്നു. പുതുതായി വിശ്വാസത്തിലേക്കു വരുന്നവരെ അടിസ്ഥാനപരമായ വിശ്വാസകാര്യങ്ങൾ പഠിപ്പിക്കുന്നതിനായി തയ്യാറാക്കിയ ഈ ലളിതമായ കോഴ്സ്, ബൈബിൾ പഠന ക്ലാസുകളിലും പുതിയ അംഗങ്ങൾക്കുള്ള ക്ലാസുകളിലും ഉപയോഗിക്കാം. ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് ചിന്തിക്കുന്നവർക്ക് ഇതൊരു സമ്മാനമായും നൽകാം. ബൈബിൾ വായിക്കുന്നതും പ്രസംഗിക്കുന്നത് കേൾക്കുന്നതും വഴി, കൂടുതൽ കാര്യങ്ങൾ പടുത്തുയർത്താൻ കഴിയുന്ന ഒരു അടിത്തറ നിങ്ങളിൽ ഉണ്ടാക്കാൻ ഇത് സഹായിക്കും. ഓരോ അധ്യായത്തിന്റെയും അവസാനം ചർച്ചകൾക്കായി ചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറിയവർക്കും വലിയവർക്കും, ബൈബിളിലെ വലിയ ആശയങ്ങളിലേക്കുള്ള ഒരു ചെറിയ ആമുഖമായി 'ക്രിസ്തീയ അടിസ്ഥാനങ്ങൾ' സഹായിക്കുന്നു.

ഏകദേശം 25 വർഷമായി ഇംഗ്ലണ്ടിലെ 'ഗ്രേസ് ചർച്ചിൽ' പുതിയ വിശ്വാസികളെ ഉറപ്പിക്കാനും, ക്രിസ്തീയ വിശ്വാസത്തിൽ താല്പര്യമുള്ളവർക്ക് അത് പരിചയപ്പെടുത്താനും ഈ പഠനം ഉപയോഗിച്ചുവരുന്നു. കുട്ടികളെ പഠിപ്പിക്കാനായി ഇതിനെ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യ, ശ്രീലങ്ക, ഓസ്ട്രേലിയ, യുഎസ്എ, കെനിയ, മലേഷ്യ, യുകെ തുടങ്ങിയ രാജ്യങ്ങളിൽ ഇത് ഉപയോഗിച്ചുവരുന്നു. പല വർഷങ്ങൾക്ക് മുൻപ് തമിഴിലേക്ക് ഇത് വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്. ഇപ്പോൾ മലയാളത്തിലും പ്രസിദ്ധീകരിക്കുന്നു.

1973 മുതൽ 2013 വരെ ഗ്രേസ് ചർച്ചിലെ ഒരു മൂപ്പനായിരുന്നു (ELDER) ജോൺ ഹാൾ. യുകെയിലെ ബ്രിസ്റ്റളിനടുത്തുള്ള യേറ്റിലാണ് ഈ സഭ ഇപ്പോൾ കൂടിവരുന്നത്.

